2012 ആഗസ്റ്റ് 25 മുതൽ സെപ്തംബർ 24 വരെ	വില 10 രൂപ

മാസിക

# നക്ഷത്രരാജ്യം





ഇയ്യങ്കോട് ശ്രീധരൻ (കഥ)

കെ.പി. സുധീര (സഞ്ചാരസാഹിത്യം)


ഒ.എം. നമ്പ്യാർ (സ്പോർട്സ്)

ഡോ. ബിജുലാൽ (ലേഖനം)

സബിത കോടി (ഓർമ്മ)

വിന്നർ വിശ്വനാഥ് (ലേഖനം)


ഓണം - റംസാൻ ആശംസകൾ




മുഖചിത്രം
**മഹാബലി**
**അംജദ്മൂസ (ഫിലിംസ്റ്റാർ)**
**കെ.വി. പ്രഭാകരൻ (സാഹിത്യകാരൻ)**
**എ. മോഹൻദാസ് (ഫർണ്ണീച്ചർ ഡിസൈനർ)**

**Nakshathra Rajyam**
(Monthly Magazine)
2012 August 25
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 10
Managing Editor, Publisher & Owned by
**Nakshathrarajyam E. Radhakrishnan**
**Edoli House, Kommeri P.O.**
**Kozhikode - 673007**
**Address**
**Managing Editor**
**NAKSHATHRA RAJYAM**
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
**Mob: 9744233997**
**9847649567**
**email: nakshathrarajyam@gmail.com**
**Layout:**
**BHAVANA GRAPHICS, Tali**
**Inside Art:**
**GIREESH MOOZHIPADAM**
**Cover**
**Amina Creations, Palazhi, Clt.**
**Price 10.00**

**എഡിറ്റോറിയൽ**

# കേര-കേരളം



നാനാർത്ഥത്തിൽ പതിരില്ല. കേരളം കുന്നുകളും കുഴികളും (കേര+അളം) എന്ന അർത്ഥം വരുന്ന വിളിപ്പിരിലും - കേര വൃക്ഷങ്ങളുടെ (തെങ്ങുകളുടെ) നാട് എന്ന അർത്ഥം വരുന്ന വിളിപ്പേരിലും അറിയപ്പെടുന്നു. പുരാതനകാലത്ത് പരശുരാമൻ മഴുവെറിഞ്ഞ് നേടിത്തന്നതെന്ന് ചിലരെങ്കിലും അനുമാനിക്കുന്ന കേരളത്തിൽ നാളികേര കൃഷിക്കാരും കർഷകതൊഴിലാളികളും ഒന്നടങ്കം നാൾക്കുനാൾ ദരിദ്രരായിക്കൊണ്ടിരിക്കുകയാണ് പോലും.

പാമോയിലിന്റെ ഇറക്കുമതി തീരുവ ഉയർത്തുക, വെളിച്ചെണ്ണയുടെ കയറ്റുമതി നിയന്ത്രണം എടുത്തുകളയുക, റേഷൻ കടകളിലൂടെ വെളിച്ചെണ്ണ നൽകുക തുടങ്ങിയ ആവശ്യങ്ങൾ അടിയന്തിരമായി പരിഗണിക്കാൻ പ്രയത്നിക്കണമെന്ന് നാഫെഡ് ഡയരക്ടർ സിബി മോണിപ്പള്ളി പ്രതിരോധ മന്ത്രി എ. കെ. ആന്റണിക്കു നൽകിയ നിവേദനത്തിൽ അദ്ദേഹം അഭ്യർത്ഥിച്ചതായും അറിവായിട്ടുണ്ട്. കേരകർഷകരേയും നാളികേര മേഖലയേയും രക്ഷിക്കണമെന്നതാണ് അദ്ദേഹത്തിന്റെ ആവശ്യം.കേരളത്തിലെ ലക്ഷക്കണക്കിനു നാളികേര കൃഷിക്കാരുടെ ന്യായമായ ആവശ്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയ അദ്ദേഹത്തെ എത്ര പ്രശംസിച്ചാലും മതിയാവില്ല. അന്യസംസ്ഥാനങ്ങളിലെ പ്രത്യേകിച്ച് തമിഴ്നാട്ടിലെ വെളിച്ചെണ്ണ-എള്ളെണ്ണ വ്യവസായി വ്യാപിരി മാഫിയ കേരളത്തിൽ നിന്ന് കണ്ണെടുക്കുന്ന കാലത്തേ കേരളത്തിലെ കേരകർഷകരുടെയും നാളികേര മേഖലയുടെയും പുരോഗതി വേഗത്തിലാക്കുന്ന കൊപ്രവില ഉയരൂ എന്നത് പകൽവെളിച്ചം പോലെ സത്യമാണ്. പക്ഷെ അതാണെങ്കിൽ സ്വാമി അയ്യപ്പചരിതം പറയുന്നതുപോലെ കന്നി അയ്യപ്പൻ മലകയറി അയ്യപ്പദർശനം നടത്താത്ത കാലത്തേ ഭഗവാൻ സ്വാമി അയ്യപ്പനു വിവാഹ ഭാഗ്യം സിദ്ധിക്കൂ എന്നതു പോലെ ഒരു ചോദ്യ ചിഹ്നം തന്നെയാണ്. ഭഗവാന്റെ സന്നിധിയിൽ കന്നി സ്വാമികൾ പ്രാർത്ഥനക്കെത്താത്ത കാലം എന്നെങ്കിലും വരുമോ? ഇല്ല. അതുകൊണ്ട് തന്നെ കേരളത്തിന് കൊപ്രവില ഉയരുന്നതിനേക്കാൾ ഇക്കാലത്ത് ആവശ്യം ഉല്പാദിപ്പിക്കുന്ന നാളികേരം സംസ്കരിച്ച് വെളിച്ചെണ്ണയോ മറ്റുനാളികേര ഉൽപ്പന്നങ്ങളോ ആക്കി കേരളത്തിലെ ജനങ്ങളുടെ പ്രഥമ ഉപഭോഗ വസ്തുവാക്കുകയാണ്.

തമിഴ്നാട്ടിലും മറ്റുസംസ്ഥാനങ്ങളിലും എള്ള് കർഷകർ ഉൽപ്പാദിപ്പിക്കുന്ന നല്ലെണ്ണയും, ഗുണവും-നിലവാരവും കുറഞ്ഞ എണ്ണയും ഉപയോഗിക്കുന്ന കേരളത്തിലെ ജനങ്ങളെ വെളിച്ചെണ്ണയുടെ ഗുണവും, നന്മയും, കേരളത്തിലെ കേര കർഷകരുടെ അവസ്ഥയും ബോദ്ധ്യപ്പെടുത്തി കേരളീയരുടെ വെളിച്ചെണ്ണ ഉപഭോഗശീലം വളർത്തണം. തമിഴ്നാട്ടിൽ നിന്നിറങ്ങുന്ന ആയിരക്കണക്കിന് ലിറ്റർ ഗുണമേന്മ കുറഞ്ഞ-വിലകുറവുള്ള എണ്ണ കേരളത്തിലെ മഹാക്ഷേത്രങ്ങളിലേയും കാവുകളിലേയും വിളക്കുകളിൽ കത്തുമ്പോൾ അത് എന്ത് കൊണ്ട് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരകൃഷിക്കാരുടെ ‘സുഗന്ധാന്തരീക്ഷ കാരിയായതും’, ‘എള്ളെണ്ണയേക്കാൾ അന്തരീക്ഷ മലിനീകരണം കുറഞ്ഞതുമായ’ വെളിച്ചെണ്ണയായിക്കൂട എന്നുറക്കെ ചിന്തിക്കണം. കനിവുള്ള ഉദാരമതികളായ സർക്കാർ സംവിധാനമാണതിനു സഹായമാവേണ്ടത് എന്നുമനസ്സിലാക്കി വിജയ ലക്ഷ്യസ്ഥാനം നാം കൈവരിക്കണം. നാളികേരം ഉൽപാദിപ്പിക്കുന്നവർ ദൈന്യത പറഞ്ഞാൽ കിട്ടുന്നതല്ല കേരളത്തിലെ കേര കർഷകരുടെ സുവർണ്ണകാലം. കച്ചവട മനസ്ഥിതിയോടെ ചിന്തിക്കണം. കർമ്മ ശക്തിയും വേണം. നല്ലൊരു ‘ഇന്നിനെ’ക്കുറിച്ചുള്ള ശുഭവിശ്വാസം നടപ്പാക്കാൻ കഴിവുള്ളവരായിരിക്കട്ടെ കേരളത്തിലെ കേരകർഷകർ.

**മാനേജിംഗ് എഡിറ്റർ**

സ്പോർട്സ്

# ഞാനും കായിക ഭാരതവും

ഒ.എം. നമ്പ്യാർ

പി.ടി. ഉഷ ഇന്ത്യൻ അത്‌ലറ്റിക്സിന്റെ തന്നെ പര്യായമായ പേര്. ഉഷ എന്ന് പറയുമ്പോൾ, സ്വാഭാവികമായും ഭാരതത്തിനു ലഭിച്ച അന്താരാഷ്ട്ര ബഹുമതികൾ എന്നു കൂടി ചേർത്താലെ അതിനൊരു പൂർണ്ണത അനുഭവപ്പെടാറുള്ളു. എന്റെ ശിഷ്യ ഗണത്തിൽ ദേശീയ - അന്തർദേശീയ മത്സരങ്ങളിൽ ഇന്ത്യയുടെ അഭിമാനമായി വെൺ ചിറകുകൾ വിടർത്തിയ ഞങ്ങൾ തമ്മിലുള്ള ഗുരുശിഷ്യ ബന്ധത്തെക്കുറിച്ചുതന്നെ ആദ്യം വിവരിക്കാം.

അക്കാലത്ത് സ്പോർട്സ് ഡിവിഷനിലേക്ക് തിരുവനന്തപുരത്തുവച്ചു നടന്ന സംസ്ഥാനതല സെലക്ഷനിടയിലാണ് എന്റെ നാട്ടുകാരിയായ ഉഷയെ ഞാനാദ്യം കാണുന്നത്. വലിയ ആരോഗ്യമൊന്നുമില്ലാത്ത മെലിഞ്ഞുനീണ്ട പെൺകുട്ടി. പക്ഷെ, അഞ്ചിൽ നാലിനങ്ങളിലും അന്നവളാണ് മുന്നിലെത്തിയത്. ഉഷ കണ്ണൂർ സ്പോർട്സ് ഡിവിഷനിലെത്തി അൽപ്പകാലം കഴിഞ്ഞാണ് എനിക്കവിടേക്ക് നിയമനം കിട്ടുന്നത്. അന്നത്തെ കുട്ടികളിൽ വി.ടി. മേരിയായിരുന്നു തുടക്കത്തിൽ ഏറ്റവും മിടുക്കുകാട്ടിയത്. പക്ഷെ, അവൾ ഇടയ്ക്ക് സ്കൂൾ വിട്ടുപോയി. ഉഷയാകട്ടെ ക്രമത്തിൽ മെച്ചപ്പെട്ടുവന്നു. നൂറു ശതമാനം ഡഡിക്കേഷൻ, ഡിസിപ്ലിൻ. ഏതൊരു കോച്ചും ആഗ്രഹിക്കുന്ന തരം അത്‌ലറ്റായിരുന്നു അവൾ. 1977 ഡിസംബറിൽ കോട്ടയത്തു നടന്ന സ്റ്റേറ്റ് അത്‌ലറ്റിക്സിൽ സീനിയർ വിഭാഗത്തിൽ മത്സരിച്ച് ദേശീയ റെക്കോഡിട്ടതോടെയാണ് ഉഷയുടെ വളർച്ചയുടെ തുടക്കം. 1984ലെ ലോസാഞ്ചലസ് ഒളിമ്പിക്സിലായിരുന്നു ആ വളർച്ചയുടെ ഔന്നിത്യം ലോകം കണ്ടത്. ഈ വളർച്ചയ്ക്ക് പിന്നിൽ കഠിനാധ്വാനത്തിന്റെ, ആത്മസമർപ്പണത്തിന്റെ, കണ്ണീരിന്റെ, അവഗണനയുടെ, അതിജീവനത്തിന്റെ പറഞ്ഞാൽ തീരാത്തത്ര കഥകൾ ഞങ്ങൾക്ക് പറയുവാനുണ്ട്. എന്റെ അനുഭവങ്ങളിൽ നിന്നു തന്നെ തുടങ്ങാം.



ഒ.എം. നമ്പ്യാർ

ഞാൻ ഓടിപ്പിടിച്ച് മദ്രാസിലെ താംബരത്തുള്ള എയർഫോഴ്സ് റിക്രൂട്ടിങ് സെന്ററിലെത്തുമ്പോഴേക്കും ഇനി ആർക്കും പ്രവേശനമില്ല എന്ന അറിയിപ്പുമായി ബാരികെയ്ഡ് ഉയർന്നു കഴിഞ്ഞിരുന്നു. എന്റെ മനക്കോട്ടകളെല്ലാം ഇടിഞ്ഞു തകർന്നു വീഴുന്നത് അപ്പോൾ ഞാൻ അറിഞ്ഞു. ഞാൻ കാവൽക്കാരോട് അപേക്ഷിച്ചു. കേരളത്തിൽനിന്നും വരികയാണ്, എന്നെ കൂടി കയറ്റി വിടണം. ഒരു നിർവ്വാഹവുമില്ല എന്നവർ അറുത്തുമുറിച്ചു പറഞ്ഞു. ഇപ്പോൾ തന്നെ രണ്ടായിരം പേരുണ്ട് ഉള്ളിൽ. ഇനിയും കൂടുതൽ പേരെ കയറ്റിവിട്ടാൽ ഇന്റർവ്യൂ തന്നെ അലങ്കോലമാവും.

കയറുകൊണ്ടുള്ള ബാരികെയ്ഡിനപ്പുറം ഉദ്യോഗാർത്ഥികളുടെ ഒരു ചെറുകടൽ. ഇപ്പുറം, വൈകിപ്പോയതിൽ നിരാശരായി മടങ്ങിപോകുന്നവർ. എനിക്കങ്ങനെയങ്ങ് മടങ്ങിപോകുവാൻ സാധിക്കുമായിരുന്നില്ല. വയസ്സ് 19-ാണ് നടപ്പ്. അവസാനത്തെ അവസരം.

അടുത്ത നിമിഷം സർട്ടിഫിക്കറ്റുകൾ അടക്കിവച്ച ഫയൽ മാറത്തടുക്കിപിടിച്ച് മുന്നോട്ടേക്ക് കുതിച്ചു. കാവൽകാർക്ക് കാര്യം പിടികിട്ടും മുമ്പേ ബാരിയർ ചാടിക്കടന്ന് ഞാൻ യുവസമുദ്രത്തിൽ അലിഞ്ഞു. എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. ആ സാഹസികത. ഇന്ത്യൻ സ്പോർട്സിന്റെ വിജയ ജാതകം കുറിക്കാനുള്ള നിയോഗം ആ ചാട്ടത്തിനുണ്ടെന്ന് അന്ന് എനിക്കുപോലുമറിയാമായിരുന്നില്ല.

വീട്ടിൽ നിന്നും അഞ്ചു കിലോമീറ്റർ നടന്നു വേണമായിരുന്നു എനിക്ക് രാജാസ് സ്കൂളിൽ എത്താൻ. വൈകുന്നേരം കളികഴിഞ്ഞ് ഇരുട്ടുന്നതിനു മുൻപു വീട്ടിലെത്താൻ ഒറ്റ ഓട്ടമാണ്. വയലും കുന്നും താണ്ടിയുള്ള ഈ ഓട്ടമാണ് എന്നെ ഒരു അത്‌ലറ്റാക്കിമാറ്റിയത്. വടകര ബി.ഇ. എമ്മിലെ പഠനകാലത്ത് സ്കൂൾ ചാമ്പ്യനായി.


കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലെത്തിയപ്പോൾ കോളേജ് ചാമ്പ്യനായി. കായികരംഗത്ത് മിടുക്ക് കാട്ടിയ ഞാൻ പഠിപ്പിൽ ഒരു ശരാശരിക്കാരനായിരുന്നു. ഒരു ദിവസം പ്രിൻസിപ്പൽ മാധവൻനമ്പ്യാർ എന്നോടു പറഞ്ഞു, നിങ്ങൾക്ക് നല്ലത് സർവ്വീസസ്സിൽ

ചേരുന്നതാണ്. അതിനുള്ള വഴിയും അദ്ദേഹം പറഞ്ഞുതന്നു. ബാംഗ്ലൂരിലെ എയർഫോഴ്സ് ഓഫീസിൽ എന്റെയൊരു കസിനുണ്ട്. അയാളെ ചെന്നു കാണുക. പ്രിൻസിപ്പൽ നൽകിയ കത്തുമായി ഞാൻ ബാംഗ്ലൂരിൽ ചെന്നു. അപ്പോഴേക്കും അവിടത്തെ സെലക്ഷൻ കഴിഞ്ഞിരുന്നു. പെട്ടെന്നു ചെന്നാൽ മദ്രാസിലെ സെലക്ഷനിൽ പങ്കെടുക്കാം. അങ്ങനെയാണ് ഞാൻ താംബരത്തെത്തുന്നതും സാഹസികമായി സെലക്ഷനിൽ പങ്കെടുക്കുന്നതും.

പ്രാഥമിക സെലക്ഷൻ കഴിഞ്ഞപ്പോൾ രണ്ടായിരം പേർ 68 പേരായി ചുരുങ്ങി. വിശദമായ കായിക പരീക്ഷകൾക്കൊടുവിൽ അതിൽ നിന്നും 8 പേർക്ക് എയർ ഫോഴ്സിൽ സെലക്ഷൻ ലഭിച്ചു. അതിലൊരാൾ ഞാനായിരുന്നു! സ്കൂൾ - കോളേജ് തലങ്ങളിൽ ഉൾപ്പെട്ട സ്പോർട്സിൽ സ്വന്തമാക്കിയ 161 സർട്ടിഫിക്കറ്റുകളാണ് അന്ന് ഞാൻ കയ്യിൽ കരുതിയിരുന്നത്. ഫൈനൽ സെലക്ഷനിൽ എനിക്ക് തുണയായതും മറ്റൊന്നുമല്ല.

അങ്ങനെ 1955ൽ എയർഫോഴ്സിൽ ഗണ്ണറായി ഞാൻ ജോലിയിൽ പ്രവേശിച്ചു. പരിശീലന കാലത്ത്, ബാഗ്ലൂരിൽ നടന്ന സൗത്തിന്ത്യൻ ഏരിയ സ്പോർട്സിൽ വ്യക്തിഗത ചാമ്പ്യനായതോടെ കായിക പരിശീലനത്തിനായി ഡ്യൂട്ടിയിൽ ചില ഇളവുകൾ ലഭിച്ചു. ഒപ്പം ഒരു സ്പോർട്സ് താരത്തിനു വേണ്ട പ്രത്യേകം ഭക്ഷണങ്ങളും ലഭ്യമായി. 58-ൽ നാഗ്പൂരിലെ കാൺപൂർ യൂണിറ്റിയിലായിരിക്കെ കാൺപൂരിൽ നടന്ന ഓപ്പൺ ടൂ ആൾ അത്‌ലറ്റിക്സിൽ ഡക്കാത്ത്ലൺ ചാമ്പ്യനായി. അതുവരെ ആ യൂണിറ്റിൽ നിന്നും ആരും കൈവരിക്കാത്ത നേട്ടം തുടർന്നുള്ള 2 വർഷവും ഞാൻ വിജയം ആവർത്തിച്ചു. ഈ വിജയങ്ങൾ എനിക്ക് ഒരു വി.ഐ.പി. പരിഗണന തന്നെ ലഭിക്കാൻ കാരണമായി.

അക്കാലത്ത് ചെറുകുന്നുകാരൻ ടി.പി. നായർ, മുക്കാളിക്കാരൻ വാസുദേവൻ തുടങ്ങിയ വോളിത്താരങ്ങൾ പുൽഗോൺ യൂണിറ്റിലൂടെയായിരുന്നു. ഇവർ മെസ്സിലും മറ്റും വരുമ്പോൾ ഇന്ത്യ എന്ന കോട്ടണിയും വോളിയിൽ രാജ്യത്തെ പ്രതിനിധീകരിച്ചതിന്റെ ആ ചിഹ്നമാണ് കോട്ട്. അത് കാണുമ്പോൾ എന്റെ മനസ്സിൽ നിരാശ പടരും. എയർഫോഴ്സിനേയും സർവ്വീസസ്സിനെയുമല്ലാതെ എനിക്കിതുവരെ ഇന്ത്യയെ പ്രതിനിധീകരിക്കാൻ കഴിഞ്ഞില്ലല്ലോ എന്നോർത്ത്. പക്ഷെ അത്തരത്തിലുള്ള നിരാശകളൊക്കെ മാച്ചുകളയാനുള്ള വഴികളിലൂടെയാണ് പിന്നീട് ഞാൻ ജീവിതത്തെ



പി.ടി. ഉഷ – ഒ.എം. നമ്പ്യാർ

നയിച്ചത്.

കായികതാരം എന്നനിലയിൽ രാജ്യത്തിന്റെ ജഴ്സിയണിയാൻ എനിക്കൊരിക്കലും കഴിഞ്ഞില്ല. കഠിനവും ആത്മാർത്ഥവുമായി പരിശ്രമിച്ചെങ്കിലും ഒരു പരിശീലകന്റെ കുറവ് അന്താരാഷ്ട്ര താരമാവുന്നതിന് തടസ്സം നിന്നു. അക്കാലത്ത് എയർഫോഴ്സിൽ അത്‌ലറ്റിക് കോച്ചുമാരാരും ഉണ്ടായിരുന്നില്ല. ഈ കുറവ് മനസ്സിലാക്കിയാണ് എയർഫോഴ്സ് അധികൃതർ എന്നെ പാട്യാലയിലെ ദേശീയ കായിക പരിശീലന കേന്ദ്രത്തിലേക്ക് (എൻ.ഐ.എസ്.) ഡെപ്യൂട്ടേഷനിൽ അയക്കുന്നത്.

പാട്യാലയിൽ എത്തിയപ്പോൾ ഒരു പ്രശ്നം. ഡിഗ്രിക്കാർക്കു മാത്രമേ കോച്ചിങ്ങ് ഡിപ്ലോമയ്ക്ക് പ്രവേശനമുള്ളു. ഇന്റർവ്യൂ സമയത്ത് ഇന്റർ മീഡിയറ്റുകാരനാണ് എന്നു പറഞ്ഞ് എനിക്ക് പ്രവേശനം നൽകാൻ ഡയറക്ടർ മടിച്ചു. അന്നേരം ചീഫ് കോച്ചായ ഹംഗറിക്കാരൻ കോവെക്സ് പറഞ്ഞു. No. no... he is too good. Special exemption given to Mr. Nambiar. He is the all- round champion..." കോവെക്സിനെ കൂടാതെ ജോഗിന്ദർ സിങ്ങ് സൈനി, ജഗൻ മോഹൻ, മുത്തയ്യ എന്നിവരായിരുന്നു പാട്യാലയിലെ കോച്ചുമാർ. വിദേശത്തു പരിശീലനം ലഭിച്ച ഇവർക്കു കീഴിൽ ഞാൻ ഒരു അത്‌ലറ്റിക് കോച്ച് ആവാനുള്ള പരിശീലനത്തിൽ മുഴുകി. തിയറിയിലും പ്രാക്ടിക്കലിലും മുമ്പനായിതന്നെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. ട്രെയ്നിങ്ങ് പൂർത്തിയാവാറായ കാലത്ത് കേരള സ്പോർട്സിന്റെ മാർഗ്ഗദർശിയായ ജി.വി. രാജ ഒരു യാത്രാ മധ്യേ പാട്യാലയിൽ ടെന്നീസ് കളിക്കാൻ വന്നു. ബാസ്ക്കറ്റ് ബോൾ കോച്ച് ജോസഫ് സാമിന്റെ നേതൃത്വത്തിൽ ക്യാമ്പിലുണ്ടായിരുന്ന മലയാളികൾ അദ്ദേഹത്തിന് ഒരു സ്വീകരണം നൽകി. ആ ചടങ്ങിൽ കേരളത്തിലേക്ക് വരാൻ താൽപര്യമുള്ളവരുണ്ടോ എന്ന് ജി.വി. രാജ ഒരു ചോദ്യമുന്നയിച്ചു. സർവ്വീസിൽ 15

വർഷം പൂർത്തിയാവാൻ പോവുകയാണ്. അതുകഴിഞ്ഞാൽ കേരളത്തിലേക്ക് വരണമെന്നുണ്ട്. ഞാൻ എന്റെ താത്പര്യം മറച്ചുവച്ചില്ല. വരൂ, കേരളത്തിന് നല്ല കോച്ചുമാരുടെ ആവശ്യമുണ്ട്, ജി.വി. രാജ പറഞ്ഞു.

1970ൽ, റിട്ടയർമെന്റിനു മുൻപ് ലഭിച്ച നാലുമാസത്തെ അവധിയിൽ നാട്ടിലെത്തിയ ഞാൻ കേരള സ്പോർട്സ് കൗൺസിലിൽ അത്‌ലറ്റിക് കോച്ചായി ജോയൻ ചെയ്തു. ദേശീയ സ്കൂൾ കായികമേളയ്ക്ക് കുട്ടികളെ ഒരുക്കുക എന്നതായിരുന്നു മുഖ്യ ചുമതല.


പി.ടി. ഉഷ - ഒ.എം. നമ്പ്യാർ

കോളേജുകളിലും സ്കൂളുകളിലും കുറച്ചു ദിവസം - പരമാവധി മൂന്നുമാസം വരെ- ക്യാമ്പുചെയ്ത് അവിടത്തെ കുട്ടികൾക്ക് പരിശീലനം നൽകുന്ന രീതിയായിരുന്നു അന്നുണ്ടായിരുന്നത്. ആർക്കും ഈ ഒരു രീതികൊണ്ട് പ്രത്യേകിച്ചൊരു ഗുണവുമുണ്ടാകില്ലെന്ന് എനിക്കറിയാമായിരുന്നു. കഴിവുള്ള കുട്ടികളെ വളർത്തിക്കൊണ്ടുവരണമെങ്കിൽ അവർക്ക് തുടർച്ചയായി പരിശീലനം കിട്ടുന്ന സംവിധാനം അത്യന്താപേക്ഷിതമാണ്. കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഒരു കേന്ദ്രം വേണമെന്ന നിലപാട് കൗൺസിലിനു മുമ്പാകെ ഞാൻ സമർപ്പിച്ചു. അതിനു ഫലമുണ്ടായി. അങ്ങനെ 1976ൽ, തിരുവനന്തപുരത്ത് സ്പോർട്സ് സ്കൂളും എറണാംകുളത്തും കണ്ണൂരും സ്പോർട്സ് ഡിവിഷനും തുടങ്ങാൻ തീരുമാനമായി.

കേരള അത്‌ലറ്റിക്സിന് പുതിയൊരു ദിശാബോധം സമ്മാനിച്ച തീരുമാനമായിരുന്നു അത്. ഗ്രാമീണ മേഖലകളിൽ നിന്നും സ്പോർട്സിനോടുള്ള താത്പര്യവുമായി, അമ്പരപ്പും കൗതുകവും നിറഞ്ഞ മുഖത്തോടെ വന്ന കുട്ടികൾ. അവർക്കിടയിൽ നിന്നും ഞാനും സഹപ്രവർത്തകരും രാജ്യത്തിനു സംഭാവന ചെയ്തത് തിളക്കമാർന്ന കുട്ടി മുത്തുകളാണ്.

പെൺകുട്ടികൾക്കായനുവദിച്ച കണ്ണൂർ സ്പോർട്സ് ഡിവിഷന് തുടക്കമാകുന്നത് മുൻസിപ്പൽ സ്കൂളിൽ എട്ടാം ക്ലാസ്സിലെ ഒരു ഡിവിഷനുമായാണ്. ത്രേസ്യാമ്മ ജോർജ്ജ്, ടി.പി. ആമിന, എലിസബത്ത് ജോർജ്ജ്, വി.വി. മേരി, പി.ടി. ഉഷ, വി.ടി. മേരി, എസ്. ഗീത എന്നിങ്ങനെ 21 കുട്ടികൾക്കായിരുന്നു ഞാൻ കോച്ചിങ്ങ് നൽകിയിരുന്നത്.

പരിമിതികളോടും വിപരീത സാഹചര്യങ്ങളോടും മല്ലിട്ടാണ് സ്പോർട്സ് സ്കൂളിന്റെ വളർച്ച. പ്രതിബന്ധങ്ങളെ, പണ്ട് താംബരത്തെ ബാരിയർ ചാടിക്കടന്ന അതേ ലക്ഷ്യബോധത്തോടെ ഞാൻ മറികടന്നു. രാവിലെ ആറര മുതൽ എട്ടരവരെയും സ്കൂൾ വിട്ടശേഷം വൈകീട്ട് നാലര മുതൽ ആറരവരേയും കണ്ണൂർ കലക്ട്രേറ്റ് മൈതാനത്തായിരുന്നു പരിശീലനം. ഒരു ദിവസം കുറച്ചാളുകൾ വന്ന് പരിശീലനം തടഞ്ഞു. ഇവിടെ ഫുട്ബോൾ കളിക്കുന്ന സ്ഥലമാണ് എന്നായിരുന്നു അവരുടെ വാദം. സർക്കാർ ഉത്തരവു പ്രകാരമാണ് ഞങ്ങൾ ഇവിടെ പരിശീലിക്കുന്നതെന്ന് ഞാൻ പറഞ്ഞെങ്കിലും അതൊന്നും ചെവിക്കൊള്ളാൻ അവർ തയ്യാറായില്ല. നാളെ മുതൽ നിങ്ങളെ ഇവിടെ കണ്ടുപോകരുത് എന്ന ഭീക്ഷണി മുഴക്കിയാണ് അവർ പോയത്.

പിറ്റേന്ന് പരിശീലനം തുടങ്ങിയതും പത്തോളം പേരുടെ ആ സംഘം വീണ്ടുംവന്നു. എന്നേയും കുട്ടികളേയും അവിടെനിന്ന് ഓടിച്ച് അവിടെ ഫുട്ബോൾ കളിക്കാൻ തുടങ്ങി. ഞാൻ കലക്ടറെ പോയികണ്ടു. എന്നേയും കുട്ടികളേയും അപമാനിക്കപ്പെട്ടകാര്യം വിവരിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി. ഫുട്ബോൾ ടീമിനെ അറസ്റ്റുചെയ്യാൻ കലക്ടറുടെ ഉത്തരവുണ്ടായി. അപ്പോഴേക്കും അവരുടെ ക്ലബ്ബ് പ്രസിഡണ്ട് ഡോ. മാധവൻ ഓടിയെത്തി മാപ്പുപറഞ്ഞു.

പരിശീലനത്തിനുള്ള തടസ്സം നീങ്ങിക്കിട്ടിയെങ്കിലും ഞാൻ അവിടേയും നിർത്തിയില്ല. എസ്.പി.യെ കണ്ടുകാര്യം പറഞ്ഞു. കലക്ട്രേറ്റ് മൈതാനത്തിന് 200 മീറ്റർ ഓടാൻപോലും സൗകര്യം കഷ്ടിയാണ്. പോലീസ് മൈതാനം അനുവദിച്ചുകിട്ടിയാൽ നന്നായിരിക്കും. ആ അഭ്യർത്ഥനയ്ക്കു ഫലമുണ്ടായി. വൈകുന്നേരങ്ങളിലും രാവിലെ പരേഡ് ഇല്ലാത്ത ദിവസങ്ങളിലും പോലീസ് മൈതാനം കുട്ടികൾക്ക് അനുവദിച്ചുകിട്ടി.

പെൺകുട്ടികളുടെ വിഭാഗത്തിൽ രാജ്യത്തെ ഏറ്റവും മികച്ച ഓട്ടക്കാരിയായി ഉഷ വളർന്നു. 1979ൽ എസ്.എൽ.സി. പാസ്സായ ഉഷയ്ക്ക് അഡ്മിഷൻ നൽകാൻ പാലക്കാട് മേഴ്സികോളേജ് അധികൃതർ താത്പര്യമെടുത്തപ്പോൾ, ഞാനും പാലക്കാട്ടേക്ക് സ്ഥലം മാറ്റം വാങ്ങി. അവിടെ പഠിക്കുന്ന കാലത്താണ് ഉഷ മോസ്കോ ഒളിമ്പിക്സിൽ പങ്കെടുക്കുന്നത്. കേരളത്തിൽ നിന്നുള്ള ആദ്യത്തെ വനിത ഒളിമ്പ്യൻ അത്‌ലറ്റായി മാറുകയായിരുന്നു ഉഷ. പക്ഷെ, 39 പേർ മത്സരിച്ച ഹീറ്റ്സിൽ 31-ാം സ്ഥാനം മാത്രമേ നേടാനായുള്ളു. തന്റെ മികച്ച സമയത്തിനടുത്തുപോലുമെത്താൻ കഴിഞ്ഞില്ല.

അതിന് കാരണമുണ്ടായിരുന്നു. ഗുരുവിന്റെ അസ്സാന്നിദ്ധ്യത്തിൽ നിന്നുണ്ടായ മനഃസാന്നിദ്ധ്യമില്ലായ്മ. മോസ്ക്കോയിലേക്കുള്ള ഇന്ത്യൻ സംഘത്തിൽ എന്നെ ഉൾപ്പെടുത്തിയിരുന്നില്ല. പരിശീലകനും രക്ഷിതാവുമെല്ലാമായ ഞാൻ ഒപ്പമില്ലാതിരു

ന്നത് ഉഷയുടെ പ്രകടനത്തിലും പ്രതിഫലിച്ചു. മത്സരത്തിനു മുൻപ് പരിഭ്രമം കാരണം മാനസികമായി തളർന്ന ഉഷയുടെ ആത്മവിശ്വാസം വീണ്ടെടുത്തു നൽകാൻ മറ്റാർക്കും കഴിഞ്ഞുമില്ല. ഉഷ എന്ന അത്‌ലറ്റിന്റെ പ്രകടനത്തിൽ എന്റെ കോച്ചിങ്ങിനുള്ള സ്വാധീനം എത്രവലുതാണെന്ന് ബോദ്ധ്യപ്പെടുത്തുകയായിരുന്നു മോസ്ക്കോ ഒളിമ്പിക്സ്.

ഇത്തരത്തിലുള്ള വലുതും ചെറുതുമായ സംഭവങ്ങൾ ആവർത്തിച്ചതോടെയാണ് മറ്റു ഉത്തരവാദിത്വങ്ങൾ ഒഴിവാക്കി ഉഷയുടെ സ്ഥിരം കോച്ച് എന്ന റോളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ഞാൻ തീരുമാനിച്ചത്. 1982 നവംബറിൽ ഡൽഹിയിൽ നടക്കുന്ന ഏഷ്യാഡായിരുന്നു ഉഷയുടേയും എന്റേയും മുന്നിലെ പ്രധാനലക്ഷ്യം.

**82** ലെ ഏഷ്യാഡിനു മുൻപ് ബാംഗ്ലൂരിൽ നാഷണൽ കോച്ച് ജോഗിന്ദർ സൈനി ആവശ്യപ്പെട്ടതനുസരിച്ചാണ് ഉഷയെ 400 മീറ്റർ ഓടിച്ചത്. ഓടിക്കഴിഞ്ഞതും അവൾ അവശയായി വീണു. ഇന്ത്യൻ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ചെക്കപ്പ് കഴിഞ്ഞപ്പോൾ ഉഷ ഇനി ഓടരുതെന്നാണ് റിപ്പോർട്ടുകിട്ടിയത്. ദേശീയ മീറ്റിൽ ഉഷയെ പങ്കെടുപ്പിക്കേണ്ടെന്ന് ബന്ധപ്പെട്ടവർ തീരുമാനിച്ചു. തന്റെ കരിയർ അവസാനിക്കുകയാണെന്ന സംശയം ഉഷയ്ക്കുണ്ടായി. അതവളെ നിരാശയാക്കാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അവൾക്ക് ഹൃദ്രോഗമാണെന്ന് സംശയം സ്ഥിരീകരിക്കുന്ന ഒന്നും ഡോക്ടർമാർക്ക് കണ്ടെത്താനായിരുന്നില്ല. ഞങ്ങൾ ഡോ. വല്യത്താനെ കണ്ടു സംസാരിച്ചു. അദ്ദേഹം അവളെ പരിശോധിച്ചതിന് ശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തന്നു; Usha can run in 100 and 200 meters. ആ സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് ഉഷ പിന്നീട് മത്സരിച്ചത്. യഥാർത്ഥത്തിൽ ഉഷയുടേത് ആസ്തമയുടെ ചില്ലറ പ്രശ്നങ്ങളായിരുന്നു. അത് പരിശീലനത്തിന്റെ പ്രത്യേകതയിലൂടെ ക്രമത്തിൽ മാറ്റിഎടുക്കാൻ കഴിഞ്ഞു.

ഡൽഹി ഏഷ്യാഡിൽ 100, 200 മീറ്ററുകളിൽ മത്സരിച്ച ഉഷ രണ്ടിനങ്ങളിലും വെള്ളി മെഡൽ നേടി, സ്വന്തം കരിയറിനു നേരെ ഉയർന്ന സംശയങ്ങളെ അതിജീവിച്ചു. പക്ഷെ സ്വർണ്ണം എന്ന സ്വപ്നം കൈവിട്ടുപോയത് ഉഷയെ വല്ലാതെ ഉലച്ചു. ഡൽഹി ഏഷ്യാഡിലെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് സ്പ്രിന്റ് ഇനങ്ങളിൽ നിന്ന് മാറി ഉഷയെ 400 മീറ്ററിലേക്ക് വഴിതിരിച്ചുവിടാൻ ഞാൻ തീരുമാനിച്ചത്. മറ്റു പലരും സംശയിച്ചപ്പോഴും ഉഷയുടെ ഭാവിയ്ക്ക് ഈ മാറ്റം ആവശ്യമാണെന്ന കണക്കുകൂട്ടലിലായിരുന്നു ഞാൻ. ആ കണക്കുകൂട്ടൽ ശരിയാണെന്ന് കാലം തെളിയിച്ചു. വർഷങ്ങളായി ഉഷയുടെ പരിശീലകനായിരുന്നിട്ടും വിദേശ മീറ്റുകളിലൊന്നും ഉഷയെ അനുഗമിക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. ദില്ലിയിലേക്ക് പട്യാലയിലേയും കോച്ചുമാരാണ് നാഷണൽ കോച്ചെന്ന ലേബലിൽ പോവുക. പരിശീലകനെന്ന നിലയിലെങ്കിലും ഇന്ത്യൻ കുപ്പായമണിയുക എന്ന എന്റെ സ്വപ്നം സഫലമാകാതെ നീണ്ടുപോയി. ഡൽഹി ഏഷ്യാഡിന് മുൻപ് പശ്ചിമ ജർമ്മനിയിൽ പരിശീലനത്തിനുപോയ ഇന്ത്യൻ സംഘത്തിൽ നിന്ന് ഉഷ പിന്മാറിയത് വിവാദമായിരുന്നു. എന്നെ സംഘത്തിൽ ഉൾപ്പെടുത്താത്തതായിരുന്നു പിന്മാറിയതിനു കാരണം. തന്റെ ആരോഗ്യ പ്രശ്നങ്ങളെ കുറിച്ചൊക്കെ ബോധ്യമുള്ള ഉഷ, മറ്റേതെങ്കിലും കോച്ചിനു കീഴിൽ പരിശീലിക്കുന്നത് തനിക്ക് ദോഷം ചെയ്യുമെന്ന നിലപാടിൽ ഉറച്ചുനിന്നു.

1983ലെ കുവൈത്ത് അത്‌ലറ്റിക് മീറ്റിൽ ഇന്ത്യയുടെ ഒന്നാംനമ്പർ താരമായി ഉഷ ടീമിലുണ്ട്. കോച്ചുമാരുടെ ലിസ്റ്റിൽ പതിവുപോലെ ഞാനില്ല. ഞാൻ കോച്ചായി കൂടെയില്ലാതെ ഞാനിനി ഓടില്ല എന്നായി ഉഷ. അവളെ സമാധാനിപ്പിച്ച ശേഷം എന്താണൊരുപോംവഴി എന്നാലോചിച്ചു. ഞാൻ ഉഷയേയും കൂട്ടി പ്രധാനമന്ത്രിയുടെ ഓഫീസിൽ ചെന്നു. കാര്യം പറഞ്ഞു. അവിടുന്നുള്ള ഇടപെടലിനെ തുടർന്നാണ് ആദ്യമായി എനിയ്ക്ക് ഇന്ത്യ എന്നാലേഖനം ചെയ്ത കോട്ടു ധരിക്കാനുള്ള ഭാഗ്യമുണ്ടായത്.

അതിൽ പിന്നീട് വിദേശമീറ്റുകളിലും ഉഷയുടെ പരിശീലകന്റെ സ്ഥാനം എനിക്കനുവദിച്ചുകിട്ടി.

**കു**വൈത്തിൽ 200 മീറ്ററിലാണ് ഉഷ ആദ്യം മത്സരിച്ചത്. മൂന്നാം സ്ഥാനമേ കിട്ടിയുള്ളു. ഞാനിനി 400 മീറ്റർ ഓടാനില്ല എന്നു പറഞ്ഞു കണ്ണീരൊലിപ്പിച്ച് നിന്ന ഉഷയെ ഗുരുവായൂരപ്പന് വേണ്ടിയാണ് ഓടുന്നതെന്ന് വിചാരിച്ചു കൊള്ളാൻ പറഞ്ഞ് ആശ്വസിപ്പിച്ച് 400 മീറ്ററിൽ ഇറക്കുകയായിരുന്നു. പരീക്ഷണാർത്ഥം 400 മീറ്ററിൽ ഓടിയ ഉഷ ഏഷ്യൻ റെക്കോർഡോടെയാണ് സ്വർണ്ണം നേടിയത്. ഉഷയുടെ കൃഷ്ണ ഭക്തിയെ അവളുടെ ഊർജ്ജമാക്കി മാറ്റുകയായിരുന്നു ഞാൻ. തിരിച്ചു നാട്ടിലേയ്ക്കു വരും വഴി സ്വർണ്ണമെഡൽ ഗുരുവായൂരപ്പന് കാഴ്ച വെക്കുകയും ചെയ്തു.

പിറ്റേ വർഷം നടക്കുന്ന ലോസാഞ്ചലസ് ഒളിമ്പിക്സിൽ പക്ഷെ 400 മീറ്ററിൽ ഉഷയുടെ സാദ്ധ്യതകൾ പരിമിതമാണെന്ന് എനിക്കറിയാമായിരുന്നു. ഏഷ്യൻ നിലവാരത്തേക്കാൾ ഏറെ മുന്നിൽ നിൽക്കുന്ന നിരവധി പേർ അവിടെ മത്സരിക്കാനെത്തും. അതേ സമയം 400 മീറ്റർ ഹർഡിൽസ് ആദ്യമായി മത്സര ഇനമായി വരികയാണ്. ഇത് ഉഷയുടെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്ന ഘടകമാണെന്ന് ഞാൻ കണക്കുകൂട്ടി. അങ്ങനെയാണ് ആ നിർണ്ണായകമായ തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നത്. ഉഷയെക്കൊണ്ട് 400 മീറ്റർ ഹർഡിൽ ചെയ്യിക്കുക! സ്പോർട്സ് സ്കൂളിൽ പഠിക്കുന്ന കാലത്തെ ഉഷ 100 മീറ്റർ ഹർഡിൽസിൽ മിടുക്കു കാട്ടിയിരുന്നു. അക്കാര്യം മനസ്സിൽ വച്ചാണ് ഞാൻ ഉഷയെ 400 മീറ്റർ ഹർഡിൽസിനിറക്കിയത്.

പക്ഷെ ഈ ഇനത്തിൽ ഒളിമ്പിക്സിന് യോഗ്യത നേടുന്നതിന് മുൻപ് സ്പോർട്സ്മാൻ സ്പിരിറ്റിന് നിരക്കാത്ത ചില പ്രതിഷേധങ്ങളുടെ കടമ്പ ഉഷയ്ക്ക് മറികടക്കേണ്ടി വന്നു. കുവൈറ്റ് മീറ്റ് കഴിഞ്ഞ് തിരിച്ചുവന്ന ഉടനെയായിരുന്നു പാലായിൽ സ്റ്റേറ്റ് അമച്വർ മീറ്റ്. അവിടെ 400 മീറ്റർ ഹർഡിൽസിൽ മത്സരിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും 100, 200, 400 മീറ്ററുകളിൽ മാത്രമാണ് മത്സരിച്ചത്. മൂന്നിലും സ്വർണ്ണവും നേടി. ഏപ്രിൽ അവസാനവാരം ന്യൂഡൽഹി ജവഹർലാൽ നെഹറു സ്റ്റേഡിയത്തിൽ നടന്ന ദേശീയ ഇന്റർ സ്റ്റേറ്റ് അത്‌ലറ്റിക്സ് മീറ്റർ ഹർഡിൽസിൽ നിന്ന് ഉഷയ്ക്ക് പിന്മാറേണ്ടിവന്നു.

സ്റ്റേറ്റ് മീറ്റിൽ പങ്കെടുക്കാത്ത ഒരാളെ ദേശീയ മീറ്റിൽ പങ്കെടുപ്പിക്കരുതെന്ന് പറഞ്ഞ് മലയാളിയായ മറ്റൊരത്‌ലറ്റ് ട്രാക്കിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചപ്പോൾ ഞാൻ ഉഷയോടുപറഞ്ഞു നമുക്കു പിന്മാറാം. മീറ്റിൽ അഞ്ചു സ്വർണ്ണം നേടിയെങ്കിലും 400 മീറ്റർ ഹർഡിൽസിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കെ, അതിൽ മത്സരിക്കാൻ പറ്റാത്തതിലുള്ള സങ്കടമായിരുന്നു ഉഷയ്ക്ക്. നമുക്കിനിയും അവസരമുണ്ട്, ഞാൻ ഉഷയെ അശ്വസിപ്പിച്ചു.

പിറ്റേ മാസം മുംബൈയിൽ നടന്ന ദേശീയ ഓപ്പൺ അത്‌ലറ്റിക്സ്മീറ്റായിരുന്നു ആ അവസരം.

(ശേഷം പേജ് 21ൽ)


ലാപ്ടോപ്പ് - ഡെസ്ക് ടോപ്പ് കംപ്യൂട്ടർ
വിപണനമേള
ഓണം - റംസാൻ സ്പെഷ്യൽ
ഓരോ കമ്പ്യൂട്ടറിനും കൂടെ നേടൂ 4500 രൂപയുടെ ഗിഫ്റ്റ് അല്ലെങ്കിൽ രൂപ 3000 തിരികെ ലഭിക്കുന്നു.
കോഴിക്കോട്ടെ പ്രമുഖ സർവ്വീസ് സഹകരണ ബാങ്കുകളുമായി ചേർന്ന് ലോൺമേള
BUMBER PRIZE
32" Toshiba LED TV
1.25 KV SINE WAVE HOME UPS
Invertor
Mobile Phones
DESKTOP GIFTS
Computer Table
UPS
Speakers
Head Phone+Mic
Dust Cover
Mouse Pad
USB Tata Photon+
LAP TOP GIFTS
Antivirus
Cleaning Kit
Mouse
Head Phone+Mic
Cooling Pad
Key Guard
USB Tata Photon+
Assured Gift (Scratch & Win)
Mega Bumber Prize
Easy Loan Facility
Credit Card Accepted
NEXTECH COMPUTERS
743/B1, 1st Floor Snehathara Complex, Near Padmasree Kalyana Mandapam
Samooham Road, Tali, Chalappuram, Calicut-673 002
Ph: 0495- 2303002, 4040201, 4040202
e-mail: sales@nextechindia.com, website: www.nextechindia.com
K.R. GIRISH 9288880044
K. PRASANTH 9288880077
Branches: PALAKKAD • WAYANAD • VATAKARA • KANNUR

കഥ

# സന്ദർശനം



ഇയ്യങ്കോട് ശ്രീധരൻ

പൊള്ളാച്ചിയിൽ നിന്നും പുറപ്പെട്ട് അലിയാർ പ്രോജക്ട് വഴി നെട്ടനേയും കുത്തനേയുമുള്ള പത്തുനാല്പത് ഹെയർപിൻബണ്ടുകൾ കടന്ന് ഓരേ മൂച്ചിൽ വാർപാറയിലെ ഒരു റസ്റ്റോറന്റിന് മുമ്പിൽ മത്തായി ജീപ്പിനു ബ്രേക്കിട്ടു. ആദ്യമായി സൂന്യാകാശത്തിൽ പ്രവേശിച്ച് തിരിച്ചെത്തിയ യൂറിഗഗാറിന്റെ ഭാവമായിരുന്നു അപ്പോൾ അവന്റെ കണ്ണിൽ. ജീപ്പിൽ നിന്നിറങ്ങി മെയ്യഭ്യാസിയെപ്പോലെ അവൻ കയ്യും കാലും കുടഞ്ഞ് ഒരു സിഗരറ്റുകൊളുത്തി.



തരം കിട്ടിയാൽ ഉറങ്ങിക്കളയുന്ന കുറുപ്പ്, ജീപ്പ് നിർത്തിയ വിവരംപോലുമറിയാതെ പിൻസീറ്റിൽ കാറ്റത്തൊടിഞ്ഞുവീണ വാഴപോലെ ചെരിഞ്ഞു കിടന്ന് ഉറങ്ങുകതന്നെയാണ്. വല്ലാത്തൊരു സാധനം! പൊള്ളാച്ചിയിൽനിന്ന് ഊണുകഴിഞ്ഞ് ജീപ്പിൽ കയറിയതാണ്. അതിനിടയിൽ രണ്ടുമൂന്നു മണിക്കൂറുകൾ കഴിഞ്ഞു. പത്തറുപത് കിലോമീറ്റർ താണ്ടി, ഏതാണ്ട് ഏഴായിരം അടിപൊക്കത്തിലെത്തി എന്നിട്ടും കുറുപ്പിന്റെ നിദ്രയ്ക്ക് യാതൊരു കുഴപ്പവുമില്ല!

കുറുപ്പേ! നാലുദിവസത്തേക്ക് ഭക്ഷണം കിട്ടാൻ പ്രയാസമാണ്. ഉറങ്ങാം. എത്രവേണ ണേലും ഉറങ്ങാം.... എന്നാരെങ്കിലും പറഞ്ഞാൽ

ഭക്ഷണമോ ! ഏയ് എനിക്ക് അതൊരു നിർബന്ധമേ അല്ല. പക്ഷേ ഉറക്കമുണ്ടല്ലോ, അത് അല്പംകൂടാതെ വയ്യ! ഇതായിരിക്കും കുറുപ്പിന്റെ മറുപടി;

ഈ അല്പം എന്ന വാക്കിന്റെ വ്യാഖ്യാനം എപ്പോഴും ആണെന്ന് ഓർക്കേണ്ടതുണ്ട്.

പിന്നിട്ടുപോന്ന വഴിയുടെ ഭീകരസൗന്ദര്യത്തിൽ എന്റെ മനസ്സ് മുങ്ങിപ്പോയിരുന്നു. പശ്ചിമഘട്ടത്തിന്റെ രോമാവൃതമായ നെഞ്ചത്തുകൂടെ ഇത്തരത്തിലൊരു വഴി കണ്ടുപിടിച്ച ആ വെള്ളക്കാരന്റെ അസാമാന്യസാഹസികത ആരേയും ഒന്നമ്പരപ്പിക്കും; അക്കാര്യത്തിൽ സംശയമില്യ.

സത്യസായിബാബയുടെ മട്ടിൽ മുടിവളർത്തി, തൊഴുതു കുമ്പിട്ടു നിൽക്കുന്ന താഴ്‌വരകളെ അനുഗ്രഹിക്കുന്ന നെടുങ്കൻ മലകൾ, പറ്റേക്രോപ്പുചെയ്തു, ഉച്ചിയിലൊരു കുടുമയും വെച്ച്, കുടവയറിൽ കുറുകെയിട്ട പൂണൂലുപോലെ വെട്ടിത്തെളിയിച്ച ഒറ്റയടിപ്പാതയുമായി കല്പാത്തിഗ്രാമത്തിലെ ഏതോ ഒരു അനന്തപത്മനാഭയ്യരെ ഓർമ്മിപ്പിക്കുന്ന കൊച്ചു കൊച്ചു കുന്നുകൾ, വൈരക്കല്ലുകൾ പോലെ വെയിലിൽ വെട്ടിതിളങ്ങുന്ന ഉറവൊലിക്കുന്ന കരിംപാറകൾ, അതിനെല്ലാം പുറമേ, ചുരം കയറി വരുമ്പോഴെല്ലാം മാമരച്ചാർത്തിനിടയിലൂടെ ഒളിഞ്ഞും തെളിഞ്ഞും അങ്ങുതാഴത്തൊരു കല്ക്കണ്ണാടി പതിച്ചതുപോലെ കാണുന്ന അലിയാറിന്റെ റിസർവോയർ! ആരേയും കൂട്ടാക്കാതെ അതികായന്മാരായി നിലകൊള്ളുന്ന കൂറ്റൻ മഹാഗണി മരങ്ങൾ! പ്രകൃതി ഇവിടെ സൗന്ദര്യംകൊണ്ട് മനുഷ്യനെ ഭീഷണിപ്പെടുത്തുന്നു.

അയ്യർപ്പാടിക്കപ്പുറത്തുവെച്ചുതന്നെ മനുഷ്യന്റെ ശാസനയിലും അനുസരണയിലും കഴി

Car A/c Repairing

Ac Surviving and Gas Filling

Jeeva

Electricals

Automotive

Tubular Batteries





Y.M.C.A., Cross Road, Calicut - 1

Mob: 9747844474, 0495 - 2768441

മാതാ ഏജൻസീസ്

മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്, മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.

പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.



Mob: 9387029919, 9287306802

Velliparamba, 5th Mile, Calicut - 8

DUST FREE PAINTING BOOTH

Mech World



FOUR WHEELER WORKSHOH

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH, ACCIDENT REPAIR

DUST FREE PAINTING BOOTH ACCIDENT REPAIR

Workshop:

DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16

എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക



ശാരദ

ഇൻഡസ്ട്രീയൽസ്

കാളൂർ റോഡ്, മാങ്കാവ്

കോഴിക്കോട് – 673 007

Mob: 9846412070



ഞ്ഞുകൂടുന്ന കുന്നുകൾ കാണാം. ആഴ്ചക്കാഴ്ചയ്ക്ക് കത്രിച്ചുവെടിപ്പാക്കിയ ചായത്തോട്ടങ്ങൾ കണ്ടാൽ പച്ച സാറ്റിൻ തുണികൊണ്ട് തുന്നിയ കുഷിനുകളാണെന്നേ തോന്നുകയുള്ളൂ. കണ്ണെത്താവുന്നിടത്തോളം അവയങ്ങിനെ നിരന്നുനിരന്നു കിടക്കുന്നു. വിരിപ്പിലൂടെ മൂട്ട നീങ്ങുന്ന മട്ടിൽ തോട്ടങ്ങൾക്കിടയിലൂടെ ചില കാറുകൾ പാഞ്ഞുപോകുന്നു.

മത്തായിക്കു ഈ വഴി മനഃ പാഠമാണ്. കുട്ടികൾ ഗോട്ടിയുരുട്ടുന്ന ലാഘവത്തോടെയാണ് അവൻ സ്റ്റിയറിംഗ് ഇടത്തോട്ടും വലത്തോട്ടും ഓടിച്ചിരുന്നത്. അതിനിടയിൽ ചിലപ്രധാനപ്പെട്ട സ്ഥലങ്ങളെകുറിച്ച് അവന്റെ വകയായി, അനായാസമായ കമന്ററിയുമുണ്ട്. കിഴക്കാം തൂക്കായി നിൽക്കുന്ന പാറകളുടെ ഓരം ചാരി നെയ്യുറുമ്പുകൾപോലെ ലോറിയും കാറുകളുമെല്ലാം അരിച്ചരിച്ചു വരുന്നതുമുകളിൽ നിന്നു കാണാം. മുകളിലെത്തിയപ്പഴേ എനിക്കു സ്വാസഗതി ക്രമത്തിലായുള്ളൂ സസ്പെൻസ് ഉള്ള ഒരു സിനിമ കാണുന്ന മട്ടായിരുന്നു. ഓർക്കാപ്പുറത്ത് ഒരിഞ്ചു പിഴച്ചാൽ മോക്ഷം പ്രാപിക്കാം. ശവസംസ്ക്കാരത്തിനു പോലും ഒരു 'ദുട്ട്' ചെലവാക്കേണ്ടിവരില്ല. മത്തായിയുടെ ചില വളയ്ക്കലും തിരിയ്ക്കലും കണ്ടപ്പോൾ അകാലചരമമെന്ന ആശയം പലപ്പോഴും മനസ്സിൽ പൊന്തിവന്നിരുന്നു.

താനെന്താ സ്വപ്നം കാണണെ. ഇറങ്ങിവാ. ആ കുറുപ്പച്ചനേയും വിളി.

മത്തായിയുടെ വിളികേട്ടപ്പോൾ ഞാൻ ഞെട്ടി വേഗം കുറുപ്പിനെ വിളിച്ചുണർത്തി. കുറുപ്പു കണ്ണുതിരുമ്മി, ആലീസിന്റെ അത്ഭുതലോകത്തിലെത്തിയ കുട്ടിയെപ്പോലെ ചുറ്റും പകച്ചുനോക്കി. ഞങ്ങൾ റസ്റ്റോറന്റിൽ കയറി ഓരോ ചായകുടിച്ചു. വീണ്ടും ജീപ്പിൽ കയറി നേർത്ത തണുപ്പുണ്ടായിരുന്നു.

മത്തായി സ്വന്തം എസ്റ്റേറ്റിലേക്ക് ജീപ്പുവിട്ടു സ്വന്തമെന്നു പറഞ്ഞാൽ അവന്റെ ധർമ്മദാരങ്ങളുടെ വകയാണ്. അമ്മായിയപ്പനെ കർത്താവ് ക്ഷണിച്ചപ്പോൾ, എസ്റ്റേറ്റിന്റെ ചുമതല മത്തായിയുടെ ചുമലിലായി. മുമ്പ് ആ എസ്റ്റേറ്റ് ഹോളണ്ടുകാരനായ ഒരു സായ്പിന്റേതായിരുന്നു. ഉറ്റവരും ഉടയവരുമില്ലാത്ത സായ്പ് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മത്തായിയുടെ ശ്വശുരന്ന് അതിന്റെ ഉടമസ്ഥാവകാശം കിട്ടി. അമ്മായിയപ്പൻ മരിക്കുന്നതുവരെ മത്തായി ഒരു വലിയ ബ്രിട്ടീഷ് മരുന്നു കമ്പനിയുടെ റപ്രസന്റീവ് ആയിരുന്നു. അതിനുമുമ്പ് പത്രവായനയും പരദൂഷണവും ശീട്ടുകളിയുമായി ഞങ്ങളുടെ സെറ്റിലെ ഒരു പ്രധാന വ്യക്തിയായിരുന്നു. ശ്വശുരന്ന് ഹൃദയസ്തംഭനം വന്നപ്പോൾ മൂപ്പിലാൻ ജോലിരാജി വെച്ചു. ഇപ്പോൾ അവന്റെ ഭാഷയിൽ പറഞ്ഞാൽ സർവ്വതന്ത്രസ്വതന്ത്രമായി ഒന്നു ജീവിച്ചുനോക്കുകയാണ്.

മെഡിക്കൽ റപ്രസന്റിറ്റീവ് ആയിരുന്ന കാലത്ത്, കാലത്തെഴുന്നേറ്റ് കുളിക്കണം, ഷേവുചെയ്യണം, വെടിപ്പായി വസ്ത്രം ധരിക്കണം, എന്നിട്ട് നാടുമുഴുവൻ ചുറ്റിയടിക്കണം. ഇപ്പോൾ ആ വകയാതൊരു പൊല്ലാപ്പുമില്ല. എന്നുവെച്ചാൽ സുഖം!

വാട്ടർഫാൾസ്, സിങ്കോണി മുരുഗാളി തുടങ്ങിയ നിരവധി തോട്ടങ്ങൾ പിന്നിട്ട് ജീപ്പ് വിശേഷബുദ്ധിയുള്ള ഒരു ജന്തുവിനെപ്പോലെ സ്വന്തം വാസസ്ഥലമന്വേഷിച്ചു കുതിച്ചു. മലമ്പാതയുടെ ഇരുവശങ്ങളിലും കവാത്തെടുക്കുന്ന പോലീസുകാരുടെ മട്ടിൽ യൂക്കാലിപ്ടിസ് മരങ്ങൾ നിരന്നു നിന്നിരുന്നു. ജനിച്ച ശേഷം കുളിച്ചിട്ടില്ലെന്നു തോന്നിക്കുന്ന തമിഴന്മാരായ കൂലിവേലക്കാർ തടിച്ച പുതപ്പും കൊട്ടകളുമായും നീങ്ങിപോകുന്നു. കാട്ടുപൂക്കളുടേയും അറിയപ്പെടാത്ത മരങ്ങളുടേയും പ്രത്യേകതരം ഗന്ധങ്ങൾ ആ വഴികളിൽ അലഞ്ഞുനടന്നു. പച്ച വില്ലീസ് സാരിയിൽ തുന്നിപ്പിടിപ്പിച്ച ഡിസൈനുകൾമാതിരി കൊളുത്തുനുള്ളി നിരപ്പാക്കിയ ചായത്തോട്ടങ്ങൾക്കിടയിൽ ഒരേ മാതൃകയിലുള്ള എടുപ്പുകൾ തെളിഞ്ഞു. ജോലിക്കാരുടെ ക്വാർട്ടേർസുകളായിരിക്കുമെന്നു ഞാനൂഹിച്ചു. ഒരു നീണ്ടകയറ്റം കയറി, ഇടത്തോട്ടുതിരിഞ്ഞു നാടൻചെമ്പരത്തിയും കുരുക്കുത്തി മുല്ലയും പൂവിട്ട ഒരു ബംഗ്ലാവിന്റെ മുന്നിൽ ജീപ്പു നിന്നു.

മത്തായി ചാടിയിറങ്ങി രണ്ടു കയ്യും നീട്ടി നാടകീയമായി പറഞ്ഞു.

ആര്യപുത്രരെ! ഇതിലേ! ഇതിലെ!

മത്തായി മഹർഷിയുടെ പൂർണ്ണാശ്രമം ഇതാണോ...... കുറുപ്പിന്റെ സ്വരം.

എന്താ അങ്ങിനെ ഒരു ചോദ്യം?

ആയുഷ്ക്കാലം മുഴുവൻ താമസിച്ചാലും എനിക്ക് ഇവിടുത്തെ വീടുകൾ മാറിപ്പോവും താനെങ്ങനെ ഇതൊക്കെ തെറ്റാതെ ഓർമ്മിച്ച് നിത്യം സ്ഥലത്തെത്തിച്ചേരുന്നു! അപാരം!!

എടാ കുംഭകർണ്ണാ... അതിന്ന് അല്പം ഇന്റലിജൻസ് വേണം. അല്ല നിന്നെ പറഞ്ഞിട്ട് കാര്യംല്ല. നിനക്ക് അതാണല്ലോ ഇല്ലാത്തതും മത്തായി തിരിച്ചടിച്ചു.

ബുദ്ധിയുടെ കാര്യം പറഞ്ഞാൽ മത്തായി പറഞ്ഞതു ശരിയാണ്. തുടരെത്തുടരെ ഏഴുതവണയായി, ബി.എ. ക്കു തനിക്കു നഷ്ടപ്പെട്ടുപോയ ഒരു പാർട്ട് തപ്പിയെടുക്കാൻ കുറുപ്പു പാടുപെടുന്നു. കഴിഞ്ഞകൊല്ലമാണ് ആ ശ്രമം നിർത്തിയത്. ജയിച്ചുവെന്നല്ല അതിനർത്ഥം. യൂണിവേഴ്സിറ്റിയും കുറുപ്പും തമ്മിൽ ഒരു ധാരണയിലെത്തി. അയാൾ അപ്ലിക്കേഷൻ ഫോമിന്നെഴുതിയാൽ കിട്ടാതായി. ഒരു പാർട്ടു കിട്ടിയില്ലെങ്കിലും ജീവിക്കാൻ പറ്റുമോ എന്ന് ഒരു കൈനോക്കാൻ കുറുപ്പും ഉറച്ചു. അക്കാര്യം തീരുമാനിച്ച ദിവസം ഞാനുമുണ്ടായിരുന്നു. ഇഷ്ടൻ ഒരു നീണ്ട തകരടിന്നിൽ ടാർ തളിച്ച് അസ്ഥിയുടെ നിറത്തിൽ ഒരു ബോർഡെഴുതി എന്നിട്ട് അങ്ങാടിതലയ്ക്കൽ, മുമ്പു സോഡാഫാക്ടറി നടന്ന സ്ഥലത്ത് കൊണ്ടുപോയി തൂക്കി. സ്ഥലത്തിനു വാടക വേണ്ട; സ്വന്തമാണ്. സംഗതി എന്താണെന്നല്ലെ ട്യൂട്ടോറിയൽ കോളേജ് അന്തസ്സായി, പ്രിൻസിപ്പാൾ കെ.കെ.പി.കുറുപ്പ് ബി.എ എന്നുമങ്ങെഴുതി. അതു കണ്ടപ്പോൾ ഞാൻ പറഞ്ഞു. ബി.എ. എന്ന പ്രയോഗം മായ്ച്ച് കളയാൻ. അപ്പോൾ കുറുപ്പിന്റെ അല്പമുള്ള ബുദ്ധി പ്രവർത്തിച്ചു. ഇപ്പോൾ ബിരുദം തെളിച്ചെഴുതുന്നവർക്കൊന്നും യഥാർത്ഥത്തിൽ അതു കിട്ടിയിട്ടില്ലത്രെ. ചിലർക്കൊക്കെ ഇനിയും ചില പാർട്ടുകൾ കിട്ടാനുണ്ട്. ആ അപകർഷത മൂടിവെക്കാനാണുപോലും പേരു തെളിഞ്ഞില്ലെങ്കിലും ബിരുദം വ്യക്തമായെഴുതുന്നത്. തന്നെയല്ല, നാലഞ്ചു പിള്ളേരെ ബോധം കെടുത്താൻ ഇതേ ഒരു പോംവഴിയുള്ളു എന്നും ഒരു മനശാസ്ത്രജ്ഞന്റെ ഗൗരവത്തോടെ കുറുപ്പ് പ്രഖ്യാപിച്ചു. ചുരുക്കത്തിൽ എന്തിനു പറയുന്നു ഞങ്ങളാരും സ്വപ്ന

ത്തിൽപോലും വിചാരിക്കാത്ത വിജയമായിരുന്നു കുറുപ്പിന്റേത്. ഉൽഘാടന ദിവസം തന്നെ നാലഞ്ചുപേർ വന്നു. പിന്നെ അഞ്ച്, പത്ത്, പന്ത്രണ്ട്, ഇരുപത് അങ്ങിനെ സപ്ലിമെന്റ് കാർ കൂടികൂടി വന്നു. ഇപ്പോൾ മൂന്നു സെഷനായാണ് ക്ലാസ്, നാല് അധ്യാപകരെ നിശ്ചയിച്ചു. കുറുപ്പിന്ന് പറയത്തക്ക ജോലിയൊന്നുമില്ല. പ്രിൻസിപ്പാളല്ലെ. മേൽനോട്ടം മാത്രം. അത്യാവശ്യം കോമ്പോസിഷൻ കറക്ഷനുമുണ്ട്. അത് നല്ല ഉറ്കം കിട്ടാൻ തെരഞ്ഞെടുത്ത പണിയാണ്പോലും.

മത്തായിയോട് ഇക്കാര്യം പറഞ്ഞപ്പോൾ ആദ്യം അവന്ന് വിശ്വാസമായില്ല. ഒരു ദിവസം നേരിൽ വന്നു സംഭവം കണ്ടു. കോളേജിലെത്തിയാൽ ഇക്കാണുന്ന കുറുപ്പൊന്നുമല്ല. എന്തൊരു ഗൗരവം. അയ്യപ്പാ!

മത്തായി ഞങ്ങളെ സ്വീകരണ മുറിയിലേക്ക് ആനയിച്ചു. മിസിസിനേയും കുട്ടികളേയും പരിചയപ്പെടുത്തിതന്നു. വെളുവെളാവെളുത്തു, അല്പം ഉയരം കുറഞ്ഞ ഒരു സുന്ദരിയാണ് മേരിമത്തായി. ഒതുക്കവും വിനയവുമുള്ള യുവതി. മൂത്ത കുട്ടി അമ്മയുടെ പ്രകൃതമാണ്. ഇളയവൻ മത്തായിയുടെ ഒതു 'പോക്കറ്റ് എഡിഷൻ' തന്നെ. ഒരു മിനിട്ട് വെറുതെ അവൻ നിലത്തുനില്ക്കില്ല. അല്പനേരത്തെ പരിചയം കൊണ്ട് അവൻ ഞങ്ങളുമായി ചിരകാലബന്ധം സ്ഥാപിച്ചു കഴിഞ്ഞു. എന്റെ സൂട്ട്കെയ്സിന്റെ പൂട്ടുമായി അവൻ കുറേനേരം മല്ലിട്ടു. ഒടുവിൽ മത്തായി ദേഷ്യപ്പെട്ടപ്പോൾ അകത്തേക്ക് ഓടിപ്പോയി. ആ വീട്ടിനുള്ളിലിരുന്നപ്പോൾ മലമുകളിലാണുള്ളതെന്നറിഞ്ഞില്ല. മുറികൾ എയർകണ്ടീഷൻ ചെയ്തിട്ടുണ്ട്. ഫോൺ, റഫ്രിജിയേഷൻ, ഹീറ്റർ എന്നു തുടങ്ങിയ ആധുനിക സൗകര്യങ്ങളെല്ലാമുണ്ട്. "മത്തായി പിടിച്ചത് പുളിക്കൊമ്പ് തന്നെ" ഞാനും കുറുപ്പും നിർദോഷമായ അസൂയയോടെ മന്ത്രിച്ചു. പ്രിൻസിപ്പാൾക്കും തനിക്കും അതാ ആ ഔട്ടുഹൗസിൽ താമസിക്കാം നേരത്തെ ഒരു കാര്യം പറഞ്ഞേക്കാം. ഒരാഴ്ച കഴിഞ്ഞേ വിടുകയുള്ളൂ.

കാർഷെഡ്ഡിനപ്പുറത്തുള്ള ബോഗൻവില്ല പടർന്നുകയറിയ, ഇഡ്ഢലിപാത്രംപോലുള്ള കെട്ടിടം മത്തായി ചൂണ്ടിക്കാട്ടി.

കുറുപ്പ് അപ്പോൾത്തന്നെ ബാഗും തൂക്കി അങ്ങോട്ടുനടന്നു. ഞാൻ പിന്തുടർന്നു.

നല്ല സൗകര്യമുള്ള ഒന്നായിരുന്നു ആ ഔട്ട് ഹൗസ്. അങ്ങകലെ നടക്കുന്ന അണക്കെട്ടിന്റെ പണി അവിടന്നു നോക്കിയാൽ കഷ്ടിച്ചു കാണാം. ബുൾഡോസർ, ക്രെയിൻ തുടങ്ങിയ യാന്ത്രിക സിംഹങ്ങളുടെ ഗർജനങ്ങൾ ആ പരിസരങ്ങളെ പേടിപ്പെടുത്തികൊണ്ടിരുന്നു. പണ്ട് ഈ പ്രദേശത്ത് ആനയും കരടിയും നരിയുമെല്ലാം ഉണ്ടായിരുന്നു. ഇപ്പോൾ ആ സ്ഥാനത്തു മൃഗീയ ശക്തിയുള്ള ചിലയന്ത്രങ്ങൾ വന്നിരിക്കുന്നു. ഷോലയാർ നദിക്കു രണ്ടു മൂന്നു സ്ഥലത്തു അണക്കെട്ടുകെട്ടുന്ന പണിയാണ്. കോഴിമുട്ട ഉടക്കുന്ന മട്ടിലാണ് മലകൾ ഇടിച്ചു നിരത്തുന്നത്.

ഔട്ട്ഹൗസിലേക്ക് മത്തായി ഒരു ഭൃത്യനെ വിട്ടുതന്നു. പുനലൂർക്കാരനായ അപ്പുകുട്ടൻ!

എന്തെങ്കിലുമൊരു ജോലി ചെയ്യുകയാണെങ്കിൽ അവന്ന് മൂളിപ്പാട്ട് കൂടിയേ കഴിയൂ. അനിയന്ത്രിതമായ ഒരു സ്വഭാവം. വലിയ ഉത്സാഹമാണ്. ഇനി ആ പരമാർത്ഥം പറയാമല്ലോ, സാധനങ്ങൾ രുചികരമായി പ്രിപ്പേർ ചെയ്യാൻ അവ്നൊരു ജന്മ വാസനയുണ്ട്. മത്തായി ജോലിയിലിരിക്കുമ്പോൾ ആർക്കോണം റെയിൽവേ സ്റ്റേഷനിൽ നിന്നാണത്രെ അവനെ കിട്ടിയത്.

രണ്ടു ദിവസം അങ്ങിനെ കഴിഞ്ഞു. മത്തായി ജീപ്പുമെടുത്തു ഞങ്ങളെ മറ്റുപല; എസ്റ്റേറ്റുകളിലും കൊണ്ടുപോയി. ചായപ്പൊടി തയ്യാറാക്കുന്ന വിധം കാണിച്ചുതന്നു. അപ്പോഴാണ് ഒരു സംഗതി പിടികിട്ടിയത്. ഇന്ത്യക്കാരായ നമ്മൾ കഴിക്കുന്ന ചായ നൂറാം ക്ലാസ്സാണ്. നല്ല ഇനം സായ്പ്പൻമാർ കടത്തികൊണ്ടു പോകുന്നു എന്ന്.

മൂന്നാം ദിവസം വൈകിട്ട് ഞാനും കുറുപ്പും കൂടി വെറുതെ ഒന്നു നടക്കാനിറങ്ങി. നടന്നു നടന്നു എത്തിയത് ഡാം സൈറ്റിലാണ്. ആളുകൾ, ആണും പെണ്ണും ഭേദമില്ലാതെ ഉറുമ്പുകളെപ്പോലെ ചാലിട്ട് മണ്ണു കടത്തുന്നു. ഭീമാകാരങ്ങളായ യന്ത്രങ്ങൾ അലറുന്നു. ചുറ്റുപാടുമുള്ള കുന്നുകൾ യന്ത്രങ്ങളുടെ ഉരുക്കുമുഷ്ടിയുമായി ഏറ്റുമുട്ടി തവിടുപൊടിയാകുന്നു. ആകപ്പാടെ ഒരു യുദ്ധരംഗത്തിന്റെ പ്രതീതിയാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള യുദ്ധം തന്നെ. ഈ യുദ്ധം സംഹാരത്തിന്റേയോ നശീകരണ വാസനയുടേതോ അല്ല. മറിച്ച് ജീവിത തൃഷ്ണയുടെയും നിർമ്മാണ പ്രക്രിയയുടേതുമാണ്.

ഞങ്ങൾ പണി നടന്നുകൊണ്ടിരിക്കുന്ന "സ്റ്റീൽവേ" യിലേക്കു ചെന്നു. കുറുപ്പിന്നു ഒരു പരിഭ്രമം, താഴത്തേക്കു നോക്കിയപ്പോൾ.

മുളകൊണ്ട് കെട്ടിയുണ്ടാക്കിയ അസ്ഥിപഞ്ജരം പോലുള്ള കോവണികളിലൂടെ നിത്യാഭ്യാസം കൊണ്ടുണ്ടായ അനായാസതയോടെ ആണും പെണ്ണും ഇടകലർന്ന കൂലിക്കാർ മൺകൊട്ടയുമേന്തി കുതിക്കുന്നു. ഭൂരിഭാഗവും തമിഴന്മാരാണ്. ഉടുമലപ്പേട്ടയിൽ നിന്നുവന്നവർ. അത്യാവശ്യം ആദിവാസികളുമുണ്ട്. ഒരുത്തനും മലയാളിയുടെ മുഖഛായകണ്ടില്ല. ഇത്തരം പണികൾക്കൊന്നും മലയാളി നിൽക്കില്ലായിരിക്കാം. അഥവാ നിന്നാൽത്തന്നെ രണ്ടേ രണ്ടു ദിവസംകൊണ്ടും അവൻ വാചകമടിച്ചു മേസ്ത്രിയാകാം. പിന്നെപ്പിന്നെ അവൻ ആപ്പീസിൽ കയറികൂടും. മറ്റുള്ളവരെ വിയർപ്പിക്കുന്ന സ്വയം വിയർക്കാത്ത പണിയാണ് മലയാളിക്കിഷ്ടം. എസ്റ്റേറ്റ് എംപ്ലോയിസ് അസ്സോസിയേഷൻ സെക്രട്ടറി ശ്രീ നമ്പ്യാരാണ് ഈ വിവരം വെളിപ്പെടുത്തിയത്. എസ്റ്റേറ്റിലെ വൈറ്റ് കോളർ വിഭാഗത്തിൽ തൊണ്ണൂറു ശതമാനവും മലയാളികളാണത്രെ.

കാട്ടിന്നുള്ളിലെ പോക്കുവെയിലിന്നു നിലാവിന്റെ സ്നിഗ്ധതയുണ്ടെന്നു തോന്നി. ക്രമേണ ക്രമേണ നിഴലുകൾക്കു നിറം കൂടാൻ തുടങ്ങി. സമയംപോയതറിഞ്ഞില്ല. ഞങ്ങൾ മടങ്ങാൻ ഭാവിക്കയായിരുന്നു. പെട്ടെന്നു എതിരേ ഒരാൾ മൺകൊട്ടയുമേന്തി കടന്നു പോയപ്പോൾ ഞാനൊന്നു ഞെട്ടി.

കുറുപ്പ് ഷോക്കേറ്റതുപോലെ എന്റെ മുഖത്തേക്ക് പകച്ചു നോക്കി. അയാളുടെ കണ്ണുകൾ അത്ഭുതം കൊണ്ടു വിരണ്ടു.

എടോ...... ആ പോയതു........

അതെ....... ആ മീശയും നീണ്ട മുഖവും എനിക്കും സംശയമുണ്ട്.....

അല്പനേരത്തേക്ക് ഞാനും ഇതികർത്തവ്യതാ മൂഢനായിപ്പോയി.

വരട്ടെ..... ഞാൻ.... വിളിക്കാം.....

കുമാരേട്ടാ.... ഏയ്.......

മൺകൊട്ടയേന്തിയ മനുഷ്യൻ വെടികൊണ്ട മട്ടിൽ ഞെട്ടിത്തിരിഞ്ഞു നിന്നു. ഞങ്ങൾ പാഞ്ഞടുത്തേക്കുചെന്നു.

ആ രൂപം കണ്ട ഞങ്ങൾ അമ്പരന്നു. കീറിപ്പാറി ചെളിപുരണ്ട ലുങ്കി. ദ്രവിച്ച ബനിയൻ. വെയിലേറ്റു കറുവാളിച്ച മുഖം ഷെയ്‌വ് ചെയ്യാത്തതിനാൽ കൂടുതൽ പരിക്ഷീണമായിരിക്കുന്നു. എനിക്കു വല്ലാതെ സങ്കടം വന്നു. കുമാരേട്ടനെ ഇങ്ങനെ ഒരു വേഷത്തിൽ കാണേണ്ടിവരുമെന്ന് ഒട്ടും പ്രതീക്ഷിച്ചില്ല.

എടാ വീരന്മാരെ നിങ്ങൾ എങ്ങിനെ ഇവിടെയെത്തി! കുമാരേട്ടൻ അത്ഭുതത്തോടെ ചോദിച്ചു. ഞങ്ങളുടെ നാക്കിറങ്ങിപ്പോയിരുന്നു. വേദന കടിച്ചമർത്തികൊണ്ട് ഞാൻ നിന്നു.

എന്നാലും....കുമാരേട്ടാ;.... നിങ്ങൾ! എനിക്കു വാക്കുകൾ കിട്ടിയില്ല.

ഞാനിപ്പോ വരാം......

അദ്ദേഹം കൂടുതലൊന്നും പറയാതെ കടന്നുപോയി. എനിക്കും കുറുപ്പിനും ഒറ്റ അക്ഷരം പറയാൻ സാധിച്ചില്ല. വാചാലമായ മൗനമെന്നൊക്കെ പറയാറില്ലേ. അതായിരുന്നു അവസ്ഥ.

ഒരു കാലത്ത് ഞങ്ങളുടെയെല്ലാം ആരാധ്യനായ കഥാപാത്രവും നേതാവുമൊക്കെയാണ് ഇപ്പോൾ കടന്നുപോയത്. എവിടെയോ എത്തിചേരേണ്ടുന്ന മനുഷ്യനായിരുന്നു! എന്നാൽ ഇത്! ഇതിന്നും മാറ്റമെന്നാണോ പേര്!

കണ്ണുകളെ; പ്രജ്ഞയെ ഒന്നും വിശ്വസിക്കാൻ പറ്റുന്നില്ല.

അഞ്ചെട്ടു വർഷം മുമ്പ് ഞങ്ങൾ ഒരു ലോഡ്ജിലെ അന്തേവാസികളായിരുന്നു; ഏട്ടാനിയന്മാരെപ്പോലെ. രാഷ്ട്രീയക്കാരനും പ്രാസംഗികനും കലാകാരനും സ്ഥലത്തെ പ്രമാണിമാരുടെ കണ്ണിൽ തെമ്മാടിയുമായ കുമാരേട്ടനായിരുന്നു ഞങ്ങളുടെ സംഘത്തിലെ നേതാവ്. കുമാരേട്ടന് അറിയാത്ത ജോലിയില്ല, വിവരമില്ലാത്ത വിഷയമില്ല, രണ്ടും മൂന്നും ഭാഷകൾ പച്ചവെള്ളംപോലെ സംസാരിക്കും; എഴുതും. പഠിക്കുന്ന കാലത്ത് പലരേയും പോലെ സ്വാതന്ത്ര്യസമരത്തിലേക്ക് കുതിച്ചുചാടി. കുറേക്കാലം ജയിലിൽക്കിടന്നു. പോലീസിന്റെ തല്ലു വാങ്ങി, സർവ്വാംഗം തഴമ്പുകേറി. സ്വാതന്ത്ര്യം കിട്ടിയതിൽപിന്നെ ഇടതുപക്ഷ രാഷ്ട്രീയത്തിലേക്ക് മാറി.

ഞങ്ങൾ അഞ്ചാറു കോളേജ് വിദ്യാർത്ഥികൾ നഗരത്തിലുള്ള, ചരിത്രത്തിന്റെ ഓർമ്മത്തെറ്റുപോലെ കിടക്കുന്ന കോട്ടക്കകത്ത് ഒരു ലോഡ്ജെടുത്തു താമസിക്കുകയായിരുന്നു. യാദൃശ്ചികമായാണ് കുമാരേട്ടൻ അവിടെ വന്നു പെട്ടത്. വിദ്യാർത്ഥി ഫെഡറേഷൻ നേതാവ് രാജഗോപാലമേനോനാണ് കുമാരേട്ടനെ കൂട്ടികൊണ്ടുവന്നത്. ഞാൻ, മത്തായി, കുറുപ്പ്, രാജഗോപാലമേനോൻ, അസ്തമരോഗിയായ നമ്പീശൻ, തൊട്ടുപോയാൽ വിതുമ്പുന്ന, സ്ത്രീ ശബ്ദത്തിൽ സംസാരിക്കുന്ന ഷേണായി ഇത്രയും പേരായിരുന്നു ലോഡ്ജിൽ കുടിപാർത്തിരുന്നത്. മേനോനും മത്തായിയും ഒരു കെട്ടാണ്. അവരുടെ പരിപാടികളിലൊന്നിലും ഞങ്ങളെ പങ്കുചേർക്കാറില്ല. ഷേണായി അധികമാരോടും സംസാരിക്കില്ല. രാപ്പകൽ പുസ്തകം തിന്നുകൊണ്ടിരിക്കും. നമ്പീശന്ന് ആര്യവൈദ്യശാലയിൽ പോയിവരാനേ സമയം കാണുള്ളൂ.

കുമാരേട്ടൻ വന്നുപെട്ടപ്പോൾ ലോഡ്ജിലെ അന്തരീക്ഷം ആകെ മാറി. മൂപ്പിലാൻ കുറുക്കന്റെ മട്ടാണ്. പകൽ മുഴുവൻ കിടന്നുറങ്ങും രാത്രിയിലാണ് സഞ്ചാരവും പ്രവർത്തനവും. ആദ്യമാദ്യം ഇഷ്ടന്റെ ജോലി എന്താണെന്ന് ഞങ്ങൾക്ക് പിടികിട്ടിയില്ല. പിന്നെയാണ് മനസ്സിലായത്. രാഷ്ട്രീയം ! തൊട്ടാൽ പെള്ളുന്ന രാഷ്ട്രീയം. ഒരുപാട് തല്ല് വാങ്ങിയിട്ടുണ്ട്. അത് പോലെ തിരിച്ചുകൊടുത്തിട്ടുമുണ്ട്.

നന്നായി പാടും; അതിലും നന്നായി പ്രസംഗിക്കും. അസാധ്യ മനക്കരുത്തും ചങ്കൂറ്റവുമാണ്. കുമാരേട്ടന്റെ മുഖം വാടിയിട്ട് ഞങ്ങൾ കണ്ടിട്ടില്ല. ഞങ്ങളാൽ ചിലർ വല്ല കാരണവശാലും വിഷമിക്കുന്നതു കണ്ടാൽ മൂപ്പർക്ക് ദേഷ്യം വരും. ആരുടേയും പേർചൊല്ലി കുമാരേട്ടൻ വിളിക്കാറില്ല. പട്ടി, കഴുത, പൂച്ച, പോത്ത് തുടങ്ങിയ മൃഗനാമങ്ങളുണ്ട് അദ്ദേഹത്തിന്റെ വകയായി ഞങ്ങൾക്കൊക്കെ. ഞാൻ പട്ടിയാണ്, കുറുപ്പ് കഴുതയാണ്, മത്തായി പോത്തും, മേനോനുമാത്രം പേരൊന്നുമില്ല. അയാളോട് കുമാരേട്ടൻ ഗൗരവത്തിലേ സംസാരിക്കാറുളളു. ഞങ്ങളൊക്കെ കുമാരേട്ടന്റെ കണ്ണിൽ ശിശുക്കളാണ് വെറും പൈതങ്ങൾ!

എന്റെ മനസ്സിൽ ആ ദിവസങ്ങൾ പുനർജന്മമെടുത്തു. കുറുപ്പും അതുതന്നെയാവും ഓർക്കുന്നതെന്ന് അയാളുടെ മൗനം കണ്ടപ്പോൾ ഞാനൂഹിച്ചു.

ഒടുവിൽ കുമാരേട്ടൻ ലോഡ്ജ് വിട്ടു മേനോന്റെ കാലിന്നല്പം മുടന്തുള്ള സഹോദരിയെ കല്യാണം കഴിച്ചു. കല്യാണം വളരെ ലളിതമായിരുന്നു. കുറച്ചു രാഷ്ട്രീയ പ്രവർത്തകരും ഞങ്ങളെപ്പോലെ ഏതാനും ചില കോളേജ് വിദ്യാർത്ഥികളും. നഗരത്തിൽനിന്ന് അഞ്ചാറുനാഴിക അകലെയുള്ള ഗ്രാമത്തിൽ തലേ ദിവസം തന്നെ ചെന്നു. അമ്മിണിയേട്ടത്തിക്ക് കാലിന്റെ മുടന്തൊഴിച്ചാൽ പറയത്തക്ക ഒരു ദേഷവുമില്ലായിരുന്നു. സൗന്ദര്യവതിയായ ഒരു ഗ്രാമീണ യുവതിയായിരുന്നു അവർ. കല്യാണത്തിനുശേഷം ഒന്നോ രണ്ടോ തവണ ലോഡ്ജിൽ വരികയുണ്ടായി. അവസാനമായി കണ്ടതു നാലഞ്ചു കൊല്ലം മുമ്പാണ് സ്വതസിദ്ധമായ ആ തുറന്ന ചിരിയും കുശലന്വേഷണവും അന്നുമുണ്ടായി.

പക്ഷികളെപ്പോലെ ഞങ്ങൾ ഓരോ ദിക്കിലേക്ക് പറന്നു പോയി. ഞാനൊരു ചെറിയ അദ്ധ്യാപകനായി മത്തായി എസ്റ്റേറ്റ് മുതലാളിയായി മേനോന്റെയും ഷേണായിയുടെയും ഒരു വിവരവും അറിയാൻപറ്റിയില്ല. എന്നാൽ നമ്പീശൻ രണ്ടുകൊല്ലം മുമ്പു വെല്ലൂർ ആശുപത്രിയിൽ കിടന്നു അന്തരിച്ചു പോയെന്നറിയാൻ കഴിഞ്ഞു. രാഷ്ട്രീയമായ ഇളക്കിമറിച്ചിലുകൾ പലതുമുണ്ടായി. അക്കൂട്ടത്തിൽ കരുതൽ തടങ്കൽ നിയമപ്രകാരം കുമാരേട്ടനെ അറസ്റ്റ് ചെയ്തെന്ന് ഒരിക്കൽ പത്രത്തിൽനിന്നും മനസ്സിലായി. പിന്നീടൊരു വിവരവുമില്ല.


കുമാരേട്ടൻ വീണ്ടും വന്നപ്പഴേ ഞങ്ങൾ സ്വപ്നത്തിൽനിന്നും ഉണർന്നുള്ളു. അദ്ദേഹം മുന്നിൽ നടന്നു ഞങ്ങൾ അനുഗമിച്ചു.

കുമാരേട്ടാ ! നിങ്ങൾ ഇവിടെയുള്ള വിവരം മത്തായി അറിയുമോ? ഞാനന്വേഷിച്ചു.

(ശേഷം പേജ് 31 ൽ)

ലേഖനം

# ആത്മസമർപ്പണത്തിന്റെ ഭാവസങ്കീർത്തനം



വിന്റർ വിശ്വനാഥ്

കലയുടെ രാജപദവി അലങ്കരിക്കുന്ന നാടകപ്രസ്ഥാനത്തിന് കനത്ത സംഭാവന നൽകിയ കോഴിക്കോടിന്റെ പ്രസക്തി ഇന്നും നിലനിൽക്കുന്നു. ഏതാണ്ട് ഏഴു പതിറ്റാണ്ടുകാലത്തെ ചരിത്രം പരിശോധിച്ചാൽ ഇത് ബോധ്യമാകും. ഇത്തരം പ്രതിഭാസമ്പന്നരെ വിസ്മരിക്കാതിരിക്കുക എന്നതാണ് ഇന്ന് നമുക്ക് അവരോട് ചെയ്യാവുന്ന ഏക കടമ.

കാലത്തിന്റെ കുത്തൊഴുക്കിൽ പലതിനേയും പലരേയും വിസ്മരിക്കപ്പെടുന്നത് സ്വാഭാവികം മാത്രമാണ്. ഇങ്ങനെ മറന്നുപോകുവാൻ പാടില്ലാത്ത ചിലതുണ്ട്. അതിലൊന്നാണ് ഭാരതീയർ വളരെക്കാലമായി അനുഭവിച്ച അടിമത്വത്തിന്റെ തീക്ഷ്ണ അനുഭവങ്ങളിൽനിന്നും സ്വന്തം സഹോദരങ്ങളെ മോചിപ്പിക്കാനുള്ള തീവ്രമായ വെമ്പലിൽ ജീവൻ ബലികൊടുത്ത ഒരു ദേശസ്നേഹിയുടെ ത്യാഗത്തിന്റെ സമഗ്രമായ സ്മരണയിലൂടെ നമുക്കുമുമ്പെ നടന്നകന്ന ആ കാലൊച്ച നമുക്കൊന്ന് കാതോർക്കാം...

### ഷഹീദ്-എ-ഹിന്ദ്-ടി.പി.കുമാരൻ നായർ



'അറിയപ്പെടാത്ത കലാകാരൻ' - ഈ കലാകാരനെ നിങ്ങൾ അറിയണം.

നെല്ലിക്കോട് തടപ്പറമ്പത്ത് ശ്രീ.കെ. കൃഷ്ണപണിക്കരുടെയും തെക്കുമ്പലത്ത് പുത്തൻവീട്ടിൽ കല്യാണി അമ്മയുടെയും മകനായി 1903-ൽ കുമാരൻനായർ ജനിച്ചു. സാമൂതിരി കോളേജിൽ ഇന്റർമീഡിയറ്റിന് വിദ്യാർത്ഥിയായിരിക്കുമ്പോൾ നല്ലൊരു പ്രാസംഗികനും പ്രാദേശിക നാടകട്രൂപ്പിൽ അനീതികൾക്കെതിരായുള്ള പ്രവർത്തന അംഗവും ആയിക്കൊണ്ട് മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. കാലങ്ങളായി അനുഭവിക്കുന്ന അടിമത്വത്തിന്റെ ദുരനുഭവങ്ങൾക്ക് അറുതി വരുത്താൻ നാടകാഭിനയം മാത്രംപോരാ എന്നും അത് ജീവിതത്തിൽ കൊണ്ടുവരണമെന്നും മനസ്സിൽ ദൃഢമായി ഉറപ്പിച്ചു. ഈ തിരിച്ചുവരവിലൂടെ അദ്ദേഹത്തിന്റെ മനസ്സിൽ വിപ്ലവം തിളച്ചുപൊങ്ങി. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപതികളെന്ന് ഊറ്റം കൊള്ളുന്ന ബ്രിട്ടീഷ് പട്ടാളം ഈ കർമ്മധീരന്റെ മുന്നിൽ പകച്ചുനിന്നു. ഷഹീദ് - എ - ഹിന്ദ് എന്ന ഈ ബഹുമതി ലഭിച്ചത് കോഴിക്കോട്ടുകാരനായ കുമാരൻനായർക്ക് അർഹിക്കുന്ന വിധത്തിൽ തന്നെയാണ്. ഈ ബഹുമതി നൽകിയത് ഭാരത സ്വാതന്ത്ര്യസമരത്തിൽ നിർണ്ണായകപങ്കുവഹിച്ച ഇന്ത്യയുടെ ധീരദേശാഭിമാനിയെന്നും ഭാരതത്തിന്റെ ഓമനപുത്രനെന്നും ഉള്ള വിശേഷണത്തിന് എന്നെന്നും അർഹനായ ശ്രീ.സുബാഷ് ചന്ദ്രബോസ് ആയിരുന്നു.

1925-ൽ മലബാർ സ്പെഷൽ പോലീസിൽ ജമേദാർ ആയി ചേർന്നു. 1931 ൽ ഭഗവത്സിങ്, ഗുരുദേവ്, രാജഗുരു എന്നിവരെ നിർദയം തൂക്കിക്കൊന്നതിനെതിരെ മദിരാശിയിൽ നടത്തിയ പ്രതിഷേധറാലിയിൽ പങ്കെടുത്ത സ്ത്രീകളുടെയും കുട്ടികളുടെയും നേരെ നിർദയം ലാത്തിച്ചാർജ്ജ് ചെയ്യാനുള്ള കമാൻഡിങ് ഓഫീസറുടെ ആജ്ഞയെ അനുസരിക്കാൻ തയ്യാറാവാതെ രാജിക്കത്ത് നൽകി. അത് സ്വീകരിക്കാതെ രാജ്യദ്രോഹകുറ്റം ചുമത്തി കുമാരൻനായരുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തു.


1937-ൽ മദ്രാസ് കോൺഗ്രസ് മന്ത്രിസഭ ജോലിക്കുള്ള അദ്ദേഹത്തിന്റെ അപേക്ഷ നിരസിച്ചു. സിംഗപ്പൂരിൽ പോയി ഇന്ത്യാ ഇൻഡിപ്പെൻഡന്റ് ലീഗുമായി ബന്ധപ്പെട്ട് ഇന്ത്യൻ ദേശീയ സേനയിൽ ചേർന്നു. സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഇന്റലിജൻസ് വിഭാഗത്തിൽ നിന്ന് പ്രത്യേക പരിശീലനം നേടി. ഇന്ത്യയിൽ വിപ്ലവപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് അദ്ദേഹം നിയോഗിക്കപ്പെട്ടു. ധീരനായ ആ യുവാവിന്റെ പ്രവർത്തനം ജ്വലിച്ചുനിൽക്കുന്നതിനിടയിൽ ബർമ്മയിൽനിന്നും ഇന്ത്യയിലേക്ക് കാർമാർഗ്ഗം വരുമ്പോൾ വേഷപ്രച്ഛന്നരായ പോലീസ് സ്ക്വാഡിന്റെ വെടിയേറ്റു പരിക്കു പറ്റിയ അദ്ദേഹത്തെ ചിറ്റഗോംഗിൽ വെച്ച് അറസ്റ്റുചെയ്തു. പിന്നീട് അദ്ദേഹത്തെ ഡൽഹിയിൽ കൊണ്ടുവന്നു.

പെനാംഗിലെ സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടു എന്ന കുറ്റം ചുമത്തി 'എനിമി ഏജന്റ്സ് ഓർഡിനൻസ്' പ്രകാരം മദിരാശിയിൽ കൊണ്ടുവന്നു. പ്രത്യേക കോടതിയിൽ ഒരു കൊല്ലത്തെ രഹസ്യ വിചാരണയ്ക്കു ശേഷം വധശിക്ഷയ്ക്കു വിധിച്ചു.

രാജ്യദ്രോഹം എന്നതിന്റെ മറവിൽ അദ്ദേഹത്തെ കുറ്റക്കാരനാക്കി. മാപ്പ് എഴുതി കൊടുക്കാനുള്ള എല്ലാ സന്ദർഭങ്ങളും സർക്കാരിന്റെ നികൃഷ്ടമായ പ്രവർത്തനത്തെ നിഷേധിച്ചു തള്ളിക്കളഞ്ഞു. കുമാരൻനായർ വധശിക്ഷ ഏറ്റുവാങ്ങി.

ഭാരതത്തിന് - കേരളത്തിന് - കോഴിക്കോടിന് അഭിമാനമായ ആ ധീരദേശാഭിമാനി 1944 ജൂലായ് 7-ാം തീയ്യതി നേരം പുലരുന്നതിന് മുമ്പ് സ്നേഹിതന്മാരോട് യാത്ര പറഞ്ഞ് മന്ദസ്മിതത്തോടെ നിങ്ങൾക്കുവേണ്ടി, നമുക്കുവേണ്ടി, എല്ലാ ഭാരതീയർക്കുംവേണ്ടി 'വന്ദേമാതരം' പാടിക്കൊണ്ട് കൊലക്കളത്തിലേക്ക് നെഞ്ചുവിരിച്ചു നടന്നു. കൊലക്കളത്തിൽ കൊലക്കയറിൽ പടർന്ന ആ തിരശ്ശീല ഒരു ബ്രിട്ടീഷുകാരൻ വലിച്ചുതാഴ്ത്തി.

**നെല്ലിക്കോട് ഭാസ്കരൻ**



അഭിനയവേദിയിൽ ഹാസ്യകഥാപാത്രങ്ങളെയും മറ്റു കഥാപാത്രങ്ങളെയും ഒരുപോലെ തന്മയത്വത്തോടെ രംഗത്ത് അവതരിപ്പിച്ചു ഫലിപ്പിക്കുവാനുള്ള പാടവം നെല്ലിക്കോട് ഭാസ്കരന് സ്വതസിദ്ധമായ അവകാശമാണോ എന്ന് അഭിനയം കണ്ടാൽ ആർക്കും തോന്നിപ്പോകും.


ആത്മാർത്ഥമായ പെരുമാറ്റവും വിനയം തുളുമ്പുന്ന സംഭാഷണചാതുരിയും കൊണ്ട് ആ നടൻ ആരാധകരെ കൂടുതൽ ഹൃദയത്തോടടുപ്പിച്ചു. നെല്ലിക്കോട് ഭാസ്കരൻ എന്ന പേരിന് 'നെല്ലിക്കോടൻ' എന്ന് നെല്ലിക്കോട്ടല്ലാത്തവർ വിളിച്ചു. ആരാധകരുടെ ആരാധന ഇത്രയധികം ഏറ്റുവാങ്ങാൻ കഴിഞ്ഞ മറ്റൊരു നടനുണ്ടോ എന്ന് തോന്നിപ്പോകും.

ഉയർന്ന സാമ്പത്തികശേഷിയില്ലാത്ത ഒരു കുടുംബത്തിലായിരുന്നു നെല്ലിക്കോട് ഭാസ്കരന്റെ ജനനം. അമ്മയേയും ഭാര്യയേയും സഹോദരിമാരേയും പുലർത്താൻ പല വേഷങ്ങളും സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. തുന്നൽക്കാരനായും ഫോട്ടോഗ്രാഫറായും ഗാനരചയിതാവായും ഗായകനായും രാഷ്ട്രീയഗാനങ്ങൾ രചിച്ച് വേഷം ധരിച്ച് വേദികളിൽ പാടി പാട്ടുപുസ്തകങ്ങൾ വില്പന നടത്തിയും ജീവിതത്തിന്റെ പ്രയാസങ്ങൾക്ക് പരിഹാരം കാണേണ്ടിവന്നിട്ടുണ്ട്.

സാധാരണ ചെറിയ കലാസമിതികളിലും മറ്റും ധാരാളം വേഷങ്ങൾ ചെയ്തു. ദേശപോഷിണിയുടെ നാടകത്തിലും പ്രദീപ് ആർട്സിന്റെ 'സ്മാരകം' എന്ന നാടകത്തിലും (കോഴിക്കോട് ടൗൺഹാളിൽ അവതരിപ്പിച്ചത്) അഭിനയിച്ച നെല്ലിക്കോട് ഭാസ്കരൻ ഒരു നടൻ എന്ന നിലയിൽ അറിയപ്പെടാൻ തുടങ്ങി. പല പ്രൊഫഷണൽ നാടകക്കാരും നെല്ലിക്കോടനെ അന്വേഷിച്ചു വന്നു. കൊല്ലം കാളിദാസകലാകേന്ദ്രം, രാജാ തിയേറ്റേഴ്സ് എന്നീ നാടകക്കമ്പനികളിൽ നെല്ലിക്കോട് ഭാസ്കരന് അവസരങ്ങൾ ലഭിച്ചു. കേരളത്തിനകത്തും പുറത്തും നടനെന്ന നിലയിൽ പ്രശസ്തനായി.

മുഹമ്മദ് യൂസഫിന്റെ 'കണ്ടംബച്ച കോട്ട്' കേരളത്തിൽ അങ്ങോളമിങ്ങോളം അവതരിപ്പിക്കാനവസരം കിട്ടി. ഈ നാടകം സിനിമയാക്കണമെന്ന് തീരുമാനിച്ചപ്പോൾ നെല്ലിക്കോടൻ നാടകത്തിലഭിനയിച്ച അതേ റോൾ സിനിമയിലും ചെയ്യാൻ ഏകകണ്ഠേന അഭിപ്രായം വന്നു. മാനസിക വളർച്ച പൂർത്തിയാവാത്ത നിഷ്ക്കളങ്കനായ ഒരു യുവാവിന്റെ റോളായിരുന്നു. ഈ വേഷം നെല്ലിക്കോടൻ ഭംഗിയായി ചെയ്തു. ഇതായിരുന്നു നെല്ലിക്കോടന്റെ ആദ്യത്തെ സിനിമാപ്രവേശനം. പിന്നീട് നെല്ലിക്കോടൻ സിനിമയിലെ നിറസാന്നിധ്യമായി.

500-ൽപ്പരം നാടകങ്ങളിലും മുന്നൂറോളം സിനിമകളിലും വൈവിധ്യമാർന്ന കഥാപാത്രങ്ങളെ തന്മയത്വത്തോടെ അവതരിപ്പിച്ച് ജനഹൃദയങ്ങളിൽ തെളിഞ്ഞു നിന്നു. സംസ്ഥാനതലത്തിൽ പല പാരിതോഷികങ്ങളും നെല്ലിക്കോടനെ തേടിവന്നു.


പുരുഷൻ കടലുണ്ടി
(ബാലുശ്ശേരി)
മെമ്പർ
കേരള നിയമസഭ
തണൽ തൊണ്ടയാട്
ചേവരമ്പലം പി. ഒ.
കോഴിക്കോട്-17
ഓഫീസ് : എം.എൽ.എ. ഓഫീസ്
ബി.ടി.ആർ. മന്ദിരം-രണ്ടാംനില
ബാലുശ്ശേരി
കോഴിക്കോട്-673 612

ഫോൺ :
വീട് : 0495-2351127
ഓഫീസ് :
ബാലുശ്ശേരി : 0496-2643415
തിരുവനന്തപുരം : 0471-2512199
മൊബൈൽ : 9495677127
റൂം നമ്പർ 16, 17, പമ്പാ-ബ്ലോക്ക്
എം. എൽ. എ. ഹോസ്റ്റൽ
തിരുവനന്തപുരം

സ്ഥലം....തിരുവനന്തപുരം.
തീയതി.....7. 08. 2012.

നെല്ലിക്കോടന്റെ സിനിമാഭിനയത്തെ മാനിച്ച് ചലച്ചിത്ര സംഘടന കോഴിക്കോട് പൗരാവലിയുമായി സംഘടിച്ച് ടൗൺഹാളിൽ ഒരു പൗരസ്വീകരണം നടത്തി. ഒരു നടനുവേണ്ടി നാടകസിനിമാവേദിയിലെ പ്രശസ്തരായ പ്രവർത്തകർ ഇത്ര വലിയ സ്വീകരണം നടത്തിയത് ഒരുപക്ഷേ ആദ്യത്തേതായിരിക്കും. നിറഞ്ഞുതുളുമ്പുന്ന സദസ്സിൽ പ്രമുഖരിൽ പ്രമുഖരായ പലരും നെല്ലിക്കോടനെ മുക്തകണ്ഠം പ്രശംസിച്ചു. ഈ കൂടിച്ചേരലിൽ കോഴിക്കോട് ടൗൺഹാളിൽ ഇതിനുമുമ്പെ അനുഭവിച്ചിട്ടില്ലാത്ത ഒരു കോരിത്തരിപ്പ് സദസ്സ് അനുഭവിച്ചു. പാരിതോഷികങ്ങളും അഭിനന്ദനങ്ങളും ഏറ്റുവാങ്ങിയ നെല്ലിക്കോടൻ എന്ന നടൻ തൊണ്ടയിടറി ഈറനണിഞ്ഞ കൺപീലികൾ തുടച്ചു. ഭാസ്കരന്റെ ഭാവവ്യത്യാസം കണ്ട് ശ്വാസമടക്കിപ്പിടിച്ചു നോക്കുന്ന പ്രേക്ഷകരെ നോക്കി... ക്ഷമിക്കണം എനിക്ക് നിങ്ങളോട് ഒരപേക്ഷയുണ്ട്. എനിക്കാദ്യമായി അഭിനയം പറഞ്ഞുതന്ന എന്റെ ഗുരുനാഥൻ ഇവിടെയുണ്ട്. എളിയവനായ എനിക്ക് നിങ്ങളുടെ സമക്ഷം അദ്ദേഹത്തെ കാൽതൊട്ട് വന്ദിക്കുവാൻ ഒരവസരം തരണം. ആ വയോവൃദ്ധന്റെ നേരെ കൈകൾ നീട്ടി. മുന്നോട്ടുവന്ന ആ ഗുരുനാഥന്റെ കാൽക്കൽ തലകുമ്പിട്ടു. കരച്ചിലടക്കാൻ പാടുപെടുന്ന ഗുരുനാഥനെ കെട്ടിപ്പിടിച്ചു. രോമാഞ്ചമണിയിച്ച നിമിഷങ്ങൾ ഗുരുദക്ഷിണപോലെ പ്രേക്ഷകമനസ്സിൽ നിറഞ്ഞു നിന്നു. ആ ഗുരുനാഥൻ കോഴിക്കോട് നഗരത്തിലെ നാടകപ്രസ്ഥാനത്തിൽ നിറസാന്നിധ്യമായിരുന്ന കുണ്ടനാരി അപ്പുനായർ എന്ന വ്യക്തിയായിരുന്നു.

ഭാസ്കരൻ നായർ ആദ്യമായി അഭിനയിക്കാൻ അരങ്ങിൽ വരുന്നത് അപ്പുനായർ സംവിധാനം ചെയ്ത രാഗിണി എന്ന നാടകത്തിലൂടെയായിരുന്നു. രാരിച്ചൻ എന്ന പൗരൻ, ഭാര്യ, കടലമ്മ, പട്ടുതൂവാല, 1921, അന്വേഷിച്ചു കണ്ടെത്തിയില്ല, മുൾക്കിരീടം, നദി, ഉമ്മാച്ചു,

ഓളവും തീരവും, ഏണിപ്പടികൾ, കാവ്യമേള, മുറപ്പെണ്ണ്, രമണൻ, ഉദ്യോഗസ്ഥ, മനസ്വിനി എന്നീ ചിത്രങ്ങളിൽ അഭിനയിച്ചു.
മരം, ശരപഞ്ജരം എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് മികച്ച സഹനടനുള്ള അവാർഡ് ലഭിച്ചു. ഏതാണ്ട് ഇരുപത്തൊന്ന് കൊല്ലം മുമ്പെ നെല്ലിക്കോട് ഭാസ്കരൻ നമ്മളെ വിട്ടുപിരിഞ്ഞു.

**കുതിരവട്ടം പപ്പു**



1936 ൽ പനങ്ങോട്ട് രാമന്റെയും ദേവിയുടെയും മകനായി ജനിച്ച പത്മദളാക്ഷൻ എന്ന കുട്ടി മലയാള അഭിനയ ചരിത്രത്തിന്റെ അവിഭാജ്യഘടകമായി മാറുമെന്ന് അന്നാരും കരുതിയിരിക്കുകയില്ല.
ചെറുപ്പത്തിൽ ചെറിയ നിരുപദ്രവകരമായ വികൃതികൾ കൂട്ടുകാരെ പൊട്ടിച്ചിരിപ്പിക്കുവാൻ പര്യാപ്തമാകയാൽ പത്മദളാക്ഷന്റെ കൂട്ടുകെട്ട് അവർ ഇഷ്ടപ്പെട്ടു. കൂട്ടുകാർ കൂടി. കുതിരവട്ടം ഗണപത് യു.പി.സ്കൂളിൽ അഞ്ചാംതരം മുതൽ എട്ടാംതരം വരെ ഒരേ ക്ലാസിൽ ഒന്നിച്ചിരുന്ന് പഠിക്കാൻ സാധിച്ചതിലുള്ള സന്തോഷം ഇന്നും ഓർമ്മയിലുണ്ട്.
അധ്യാപൻ ക്ലാസെടുക്കുമ്പോൾ ചെറിയ ചലനങ്ങളിലുള്ള വലിയ ഫലിതം കുറേ നേരം ക്ലാസിൽ മുഴങ്ങും. ഒന്നുമറിയാത്തപോലെ തുറിച്ച കണ്ണുകൾ ചലനമില്ലാതെ നിസ്സഹായനായി ഇരിക്കുന്ന മിടുക്കന്റെ ഭാവം ചിലപ്പോൾ അധ്യാപകൻ പോലും ആസ്വദിച്ചുപോകും. ഗൗരവമായ പഠനങ്ങൾ നടത്തേണ്ടുന്ന സന്ദർഭങ്ങളിൽ ആ വിദ്യാർത്ഥിക്ക് ബ്ലാക് ബോർഡിന്റെ കാലിന്നടുത്ത് പ്രത്യേകം സ്ഥലം നൽകും. അവിടെ ഇരുന്നാൽ ആ വിദ്യാർത്ഥിക്ക് സ്വാതന്ത്ര്യം കിട്ടിയതുപോലെയാണ്.
സ്കൂൾ ജീവിതത്തിനുശേഷം പല വഴികളും തേടി. പലതവണ പരാജയപ്പെട്ടിട്ടും നിരാശനാവാതെ മുന്നോട്ടുനീങ്ങി. തെരുവുകലയായ സൈക്കിൾയജ്ഞം, നൃത്തപരിപാടികൾ, ഹാസ്യകലാപരിപാടി എന്നിവയിൽ ലോഭമില്ലാതെ പങ്കെടുത്തു. ഈ പരിപാടികളെല്ലാം ഈ നടന് ഒരു പരിശീലനക്കളരി ആയിരുന്നു. അങ്ങനെ സ്റ്റേജ് പരിപാടികളെപ്പറ്റി ആലോചിച്ചു. സുഹൃത്തുക്കളായ വേണു, കുഞ്ഞാവ എന്നിവരോട് ചേർന്ന് പൂളയിൽനിന്ന് സിനിമയിലേക്ക്, നായാട്ട് തുടങ്ങിയ ഹാസ്യനാടകങ്ങൾ കേരളത്തിലെ മിക്ക പോലീസ് ക്ലബ്ബുകളടക്കം ധാരാളം സ്റ്റേജുകളിൽ അവതരിപ്പിച്ചു. മലയാളികളെ ഒന്നടങ്കം പൊട്ടിച്ചിരിപ്പിച്ചുകൊണ്ട് പത്മദളാക്ഷൻ പപ്പുവായി.
രണ്ട് പ്രൊഫഷണൽ നാടകങ്ങളിൽ അഭിനയിച്ചു – സമസ്യ, മാനസ. സമസ്യയിൽ ബെസ്റ്റ് കൊമേഡിയൻ അവാർഡ് ലഭിച്ചു. മറ്റു ധാരാളം നാടകങ്ങളിൽ അഭിനയിക്കുവാൻ അവസരം ലഭിച്ചുകൊണ്ടിരുന്നു.
ഞാൻ എവിടേക്ക് എന്ന സ്വന്തം ഹൃദയത്തിൽ നിന്നുയർന്നിരുന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തിയതായി തോന്നി. ധാരാളം അവസരങ്ങൾ വന്നുകൊണ്ടിരുന്നു. അങ്ങനെ പപ്പു എന്ന നടൻ തെന്നിവീണത് ഹൃദയത്തിൽ പൊന്നുപോലെ താലോലിച്ചുകൊണ്ടുനടന്ന സ്വപ്നലോകത്തിലേക്ക് – സിനിമയിലേക്ക്.
ആദ്യ അവസരം മുടിയനായ പുത്രൻ. അടുത്തത് മൂടുപടം. പിന്നെ ഭാർഗ്ഗവീനിലയം. ഇവയിലെല്ലാം പപ്പുവിന് ലഭിച്ചത് മികച്ച റോളുകളായിരുന്നു. പപ്പു പ്രശസ്തനായി. ഇതിലൂടെ ബെസ്റ്റ് പെർഫോർമർ എന്ന ബഹുമതിയും കിട്ടി. കൂടാതെ ആൾക്കൂട്ടത്തിൽ തനിയെ, ഏതോ ഒരു തീരം, കാണാക്കിനാവുകൾ എന്നിവയിലെല്ലാം എന്നും ഓർമ്മിക്കാവുന്ന അഭിനയമായിരുന്നു പപ്പു കാഴ്ചവെച്ചത്. ചെമ്പരുത്തി, അവളുടെ രാവുകൾ, അങ്ങാടി, നരസിംഹം എന്നീ സിനിമകളിലെ അഭിനയം പപ്പുവിനെ അനശ്വരനാക്കി. നരസിംഹം പപ്പുവിന്റെ അവസാന പടമായിരുന്നു. പപ്പു എന്നത് പപ്പുസാർ ആയി. ഷൂട്ടിംഗ് ലൊക്കേഷനിലേക്ക് വിമാനം ഇറങ്ങുമ്പോൾ ആയിരക്കണക്കിനാളുകൾ വിമാനത്താവളത്തിൽ ഉത്ക്കണ്ഠയോടെ നിൽക്കുന്നത് പപ്പുസാറിനെ കാണാനായിരുന്നു. ഇതിൽ സിനിമാപ്രവർത്തകരും സംവിധായകരും നടന്മാരും കൈവീശി നിൽക്കുന്നു. ഈ കൈവീശി നിൽക്കുന്ന ആരാധകർ ആ കൈകൾകൊണ്ട് തന്റെ ആഗമനത്തെ മുമ്പ് നിഷേധിച്ചവരാണെന്ന് പപ്പു ഓർത്തു.
ഒരു വേഷം ചെയ്തു സഹായിക്കുവാൻ പപ്പുവിന്റെ വീട്ടിൽ പോലും സിനിമാപ്രവർത്തകർ ക്യൂ നിന്നു. രാജപദവിയിൽ ജീവിക്കേണ്ട പപ്പു ഒഴിവുദിവസങ്ങളിൽ വീട്ടിൽ വന്നാൽ തന്റെ പഴയ സുഹൃത്തുക്കളുമായി പഴയകാല കഥകൾ പറഞ്ഞ് ഒട്ടും പ്രൗഢി കാണിക്കാതെ ജീവിക്കുവാനിഷ്ടപ്പെട്ടു.
പപ്പു അക്ഷര തീയേറ്ററിന് തറക്കല്ലിട്ടു. അത് പപ്പുവിന്റെ അഭിലാഷമായിരുന്നു. അത് പൂർത്തീകരിക്കുവാൻ കഴിയാതെ കുറച്ച് ആഴ്ചകൾക്കുശേഷം അതായത് 2000 ഫെബ്രുവരി 25 ന് പപ്പു എന്ന പത്മദളാക്ഷൻ നിശ്ചലനായി.

**എം.കുഞ്ഞാണ്ടി**

നാടകപ്രസ്ഥാനത്തിൽ ഗ്രീക്ക് നാടകങ്ങൾക്കുള്ള സവിശേഷത ലോകം അംഗീകരിച്ചതാണ്.




ഗ്രീക്കിന്റെ നാടക ചക്രവാളസീമയിൽ ധ്രുവനക്ഷത്രം പോലെ ജ്വലിച്ചു നിൽക്കുന്ന ഒന്നാണ് സോഫോക്ലീസിന്റെ ഈഡിപ്പസ് എന്ന അനശ്വര നാടകം.
ഈഡിപ്പസ് എന്ന രാജയോദ്ധാവിനെ മലയാളി പ്രേക്ഷകർക്കായി അവതരിപ്പിച്ചത് ദേശപോഷിണി കലാസമിതിയാണ്. അരങ്ങിൽ രാജതേജസ്സോടെ ജ്വലിച്ചുനിന്ന ഈഡിപ്പസിന് രൂപവും ഭാവവും നൽകിയത് ശരീരംകൊണ്ടും ശാരീരംകൊണ്ടും അനുയോജ്യനായ കുഞ്ഞാണ്ടി എന്ന നടനായിരുന്നു.
സ്വതസിദ്ധമായ ചലനചാതുര്യം കൊണ്ടും ശബ്ദസൗകുമാര്യം കൊണ്ടും സദസ്സിനെ അമ്പരപ്പിക്കുന്ന സിദ്ധിവൈഭവം മറ്റു നാടകങ്ങളിലും കുഞ്ഞാണ്ടി പ്രദർശിപ്പിച്ചു. ഇതിനൊരു ഉദാഹരണമാണ് തിരൂർ തുഞ്ചൻ നാടകോത്സവത്തിൽ വാസുപ്രദീപിന്റെ നിരപരാധികൾ എന്ന നാടകം. ഇതിലെ കത്തിക്കരിഞ്ഞ ട്രാൻസ്പോർട്ട് ബസ്സിലെ ശവത്തിന്റെ പ്രേതമായി രംഗത്ത് വന്ന കഥാപാത്രം സമരം സംഘടിപ്പിച്ച തൊഴിലാളി നേതാവിന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ചോദ്യശരങ്ങൾ ഉതിർക്കുന്നതാണ് രംഗം. അവതരണത്തിനും അഭിനയത്തിനും സമ്മാനാർഹമായത് കുഞ്ഞാണ്ടിയേട്ടന്റെ അഭിനയ സ്വാധീനം കൊണ്ടുമാത്രമായിരുന്നു.
മലയാളത്തിലെ പ്രശസ്ത എഴുത്തുകാരനായ എം.ടി. വാസുദേവൻ നായരുടെ രചനാവൈഭവം കുഞ്ഞാണ്ടി എന്ന നടന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടി. അങ്ങനെ നാലു പതിറ്റാണ്ടുകാലം മലയാള നാടക സിനിമാരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഈ കലാകാരൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് പത്തുവർഷം കഴിഞ്ഞിരിക്കുകയാണ്.
സ്വതസിദ്ധമായ നടനശൈലിയിലൂടെ അഭിനയരംഗത്ത് പുതിയ മാനം കൈവരിക്കുകയും ഘനഗംഭീരമായ

ശബ്ദത്തിലൂടെ പ്രേക്ഷകരെ മുഴുവൻ അത്ഭുതപ്പെടുത്തുകയും ചെയ്ത കുഞ്ഞാണ്ടി ഇന്നും കലാസ്വാദകരുടെ മനസ്സിൽ ഗൃഹാതുരത്വം ഉണർത്തുന്നു.

**എൻ.എം.വാസുമാസ്റ്റർ**

കോഴിക്കോടിന്റെ സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിന്നിരുന്ന എൻ.എം.വാസുമാസ്റ്റർ 1929 -ൽ ജനിച്ചു. കുട്ടിക്കാലം മുതൽക്കേ വാസുമാസ്റ്റർ ഈ രംഗങ്ങളിൽ അതീവ താല്പര്യം കാണിച്ചു. സ്ത്രീ കഥാപാത്രങ്ങളെ അവതരിപ്പിച്ചായിരുന്നു അദ്ദേഹത്തിന്റെ നാടകരംഗത്തേക്കുള്ള പ്രവേശനം. നടികൾക്ക് ക്ഷാമമുണ്ടായിരുന്ന ആ കാലത്ത് നിരവധി നാടകങ്ങളിൽ വ്യത്യസ്ത സ്ത്രീ കഥാപാത്രങ്ങൾക്ക് മാസ്റ്റർ രൂപം നൽകി.



പ്രസിദ്ധ നാടകകൃത്തും നടനും സംഘാടകനുമായ ആവിലേരി ഭരതന്റെ നാടകത്തിലൂടെയാണ് വാസുമാസ്റ്റർ നാടകരംഗത്ത് ചുവടുറപ്പിച്ചത്. പ്രദീപ് ആർട്സ്, ദേശപോഷിണി കലാവിഭാഗം, ആഹ്വാൻ ആർട്സ് ക്ലബ്ബ്, വിന്റർ ആർട്സ് എന്നീ അമേചർ കലാസമിതികളിൽ അംഗമായിരുന്നു. പി.കെ.മേനോന്റെ ഈഡിപ്പസ്, തിക്കോടിയന്റെ തീപ്പൊരി, പുഷ്പവൃഷ്ടി, ആവിലേരി ഭരതന്റെ വേഴാമ്പൽ, യൂദാസ്, ജരാസന്ധൻ, സംഗീത നാടക അക്കാദമി മത്സരങ്ങളിൽ വിന്റർ വിശ്വനാഥന്റെ ഷോക്ക് എന്നീ നാടകങ്ങളിലും മികച്ച അഭിനയം കാഴ്ചവെച്ചു.

പ്രൊഫഷണൽ നാടകരംഗത്ത് യു.എ.ഖാദറിന്റെ 'മാണിക്യം വിഴുങ്ങിയ കണാരൻ' എന്ന നാടകം കേരളത്തിനകത്തും പുറത്തും സ്റ്റേജുകളിൽ അവതരിപ്പിച്ചു.1954 മുതൽ ആകാശവാണിയിൽ ധാരാളം കഥാപാത്രങ്ങൾക്ക് ശബ്ദം നൽകി. ഒരു നല്ല മേക്കപ്പ് ആർട്ടിസ്റ്റ് കൂടി ആയിരുന്നു എൻ.എം.വാസുമാസ്റ്റർ.

നെല്ലിക്കോട് കാനങ്ങാട്ട് ചാത്തു മെമ്മോറിയൽ എ.യു.പി.സ്കൂളിൽ അധ്യാപകനായിരിക്കെ പല പ്രാദേശിക നാടകസമിതികൾക്ക് സംവിധാനം നിർവ്വഹിക്കുകയും അഭിനയിക്കുകയും ചെയ്തു. വളരാനാഗ്രഹിക്കുന്ന പല യുവാക്കൾക്കും വാസുമാസ്റ്റർ പ്രോത്സാഹനം നൽകിയിരുന്നു.

ചേവായൂർ e y e കലാസംഘടനയുമായി ബന്ധം പുലർത്തി പല നാടകങ്ങളിലും അഭിനയിക്കുകയുണ്ടായി. നാടകപ്രസ്ഥാനത്തിന് നൽകിയ സംഭാവനകളെ മാനിച്ച് 2002 ൽ മലബാർ മഹോത്സവനാടകോത്സവത്തിൽ പഴയ നാടകകലാകാരന്മാരെ ആദരിക്കുന്ന ചടങ്ങിൽ എൻ.എം.വാസുമാസ്റ്റർ ആദരിക്കപ്പെട്ടു. റിട്ടയർമെന്റിനുശേഷം വിശ്രമജീവിതം നയിച്ചുകൊണ്ടിരിക്കെ 2008-ൽ എൻ.എം. വാസുമാസ്റ്റർ ഓർമ്മയായി.

**ശാന്താദേവി**

1992-ൽ ഭരത് ഗോപിയുടെ യമനം എന്ന സിനിമയിലെ അഭിനയത്തിന് മികച്ച സഹനടിക്കുള്ള ദേശീയ പുരസ്കാരവും 1978-ൽ മികച്ച നടിക്കുള്ള സംഗീതനാടക അക്കാദമിയുടെ അവാർഡും ലഭിച്ചതു കൂടാതെ 2006-ൽ കേരള നാടക സംഗീത അക്കാദമിയുടെ സമഗ്രസംഭാവന പുരസ്കാരവും ശാന്താദേവിക്ക് ലഭിച്ചു. നാടക അഭിനയത്തിലൂടെ ആയിരുന്നു ശാന്താദേവിയുടെ കലാജീവിതത്തിന്റെ തുടക്കം.



പൊറ്റമ്മൽ തോട്ടത്തിൽ തറവാട്ടിൽ തികച്ചും യാഥാസ്ഥിതിക കുടുംബത്തിൽ കണ്ണക്കുറുപ്പിന്റെയും കാർത്ത്യായനി അമ്മയുടെയും പത്തുമക്കളിൽ ഏഴാമത്തെ മകളായി ദമയന്തി എന്ന ശാന്താദേവി ജനിച്ചു. ആദ്യവിവാഹം മുറച്ചെറുക്കനായ ബാലകൃഷ്ണൻ നായരുമായാണ് നടന്നത്. ഒരു മകൻ പിറന്നതോടെ ആ വിവാഹബന്ധം തകർന്നു. കാണാൻ കൊള്ളാവുന്ന ദരിദ്രകുടുംബത്തിലെ പെൺകുട്ടികളോടുള്ള അസൂയാ മനോഭാവം അയൽക്കാരും സ്വന്തമെന്ന് നടിക്കുന്നവരും ശരിക്കും പ്രയോഗിച്ചു. അനാവശ്യ കിംവദന്തികൾ അന്യനാട്ടിൽ കഴിയുന്ന ഭർത്താവിന്റെ ചെവിയിലും എത്തിച്ച് സംതൃപ്തി നേടി. ഫലമോ മിലിട്ടറിക്കാരനായ ഭർത്താവ് നാടുവിട്ടു. അച്ഛനും മരിച്ചു. ദാരിദ്ര്യം ആ കുടുംബത്തെ വല്ലാതെ അലട്ടി. തറവാട് ഭാഗിച്ച് ഓരോരുത്തരും വെവ്വേറെ അഭയം തേടി. അമ്മ മാത്രമേ ആശ്രയത്തിനുണ്ടായിരുന്നുള്ളൂ. അങ്ങനെ ജീവിതം വഴിമുട്ടിയ കാലത്താണ് പ്രശസ്ത ഗായകനായ കോഴിക്കോട് അബ്ദുൾ ഖാദറുമായി പരിചയപ്പെടുന്നത്. കുലീനത്വവും സ്വഭാവശുദ്ധിയും ആ മുഖത്ത് ദർശിച്ച അബ്ദുൾ ഖാദർ ശാന്താദേവിയെ ജീവിതസഖിയാക്കി.

കോഴിക്കോട് പ്രദീപ് ആർട്സിന്റെ ആരംഭദശയിലുള്ള ഈ സംഭവം അബ്ദുൾഖാദറിന്റെ പ്ലാനുകൾക്ക് ആക്കം കൂട്ടി. വാസുപ്രദീപും നെല്ലിക്കോട് ഭാസ്കരനും അബ്ദുൾഖാദറും ചേർന്ന് രൂപം കൊടുത്ത പ്രദീപ് ആർട്സിന്റെ ആദ്യ നാടകത്തിൽ സ്ത്രീ കഥാപാത്രമായി ശാന്താദേവി അരങ്ങിലെത്തി.

അങ്ങനെ 1962 ൽ കോഴിക്കോട് ടൗൺഹാളിന്റെ വേദി തൊട്ടുവന്ദിച്ച് ആരംഭിച്ച അഭിനയജീവിതം ദാരിദ്ര്യത്തെയും വേദനകളെയും വകവെക്കാതെ അഭിനന്ദനങ്ങളുടെയും പുരസ്കാരങ്ങളുടെയും ഉത്തുംഗശൃംഗങ്ങൾ കീഴടക്കുകയുണ്ടായി. വാസുപ്രദീപ്, കെ.ടി.മുഹമ്മദ്, പി.ജെ.ആന്റണി, തിക്കോടിയൻ തുടങ്ങിയ പ്രഗത്ഭരുടെ നാടകങ്ങളിൽ ശാന്താദേവി മികച്ച അഭിനയം കാഴ്ചവെച്ച് മുന്നോട്ടുപോയിക്കൊണ്ടിരുന്നു. വാസുപ്രദീപ് സംവിധാനം ചെയ്ത കുടുക്കുകൾ എന്ന നാടകവും തൃശൂർ ഫൈൻ ആർട്സ് സൊസൈറ്റി അവതരിപ്പിച്ച പ്ലാസ്റ്റിക് പൂക്കൾ എന്ന നാടകവും പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. കുടുക്കുകൾ എന്ന നാടകത്തിൽ ശാന്താദേവിയോടൊപ്പം പഴയ കാമുകനായി അഭിനയിച്ചത് കോഴിക്കോട് അബ്ദുൾ ഖാദറായിരുന്നു. രണ്ടു നാടകത്തിലെയും അഭിനയത്തിന് അഖിലകേരളാ ടീം സ്ഥാനത്തിലുള്ള അവാർഡുകൾ ശാന്താദേവി തന്നെ കരസ്ഥമാക്കി.

രാമു കാര്യാട്ടിന്റെ മിന്നാമിനുങ്ങ് എന്ന സിനിമയിലൂടെയാണ് ആദ്യമായി ചലച്ചിത്ര രംഗത്തേക്ക് പ്രവേശിക്കുന്നത്. മുറപ്പെണ്ണ്, മൂടുപടം, കുഞ്ഞാലിമരയ്ക്കാർ, അശ്വമേധം, അങ്ങാടി, ഇരുട്ടിന്റെ ആത്മാവ്, അസുരവിത്ത്, കുട്ട്യേടത്തി, നഗരമേ നന്ദി, ചാകര, ചാണക്യൻ, കമലദളം, മഴയെത്തുംമുൻപേ, യമനം ഇങ്ങനെ പോകുന്നു ശാന്താദേവിയുടെ സിനിമായാത്ര.

ഇല്ലായ്മയിൽനിന്നും ഉയിർത്തെഴുന്നേറ്റ ഒരു ജീവിതമായിരുന്നു ശാന്താദേവിയുടേത്. സഹാനുഭൂതിയോടെ പല സഹായങ്ങളും കലാരംഗത്ത് ശാന്താദേവി ചെയ്തിട്ടുണ്ട്. പണത്തിനോട് ഒരിക്കലും ആർത്തി കാണിച്ചിട്ടില്ല. നാടകനടി ആയിരിക്കുമ്പോൾ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന എത്ര ചെറിയ ക്ലബ്ബുകൾ സമീപിച്ചാലും ശാന്താദേവി സഹകരിക്കാറുണ്ട്. പണം കണക്കുപറഞ്ഞു വാങ്ങുന്ന സ്വഭാവം ഇല്ലായിരുന്നു. തരുന്നത് വാങ്ങും. മക്കളോടെന്നപോലെ പെരുമാറും. അങ്ങനെ മകനും ഭാര്യയും നഷ്ടപ്പെട്ടപ്പോൾ സമനില തെറ്റിയ രീതിയിലായിരുന്നു പിന്നീടങ്ങോട്ടുള്ള ജീവിതം. പലരും

## സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ





**അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022**

**സി.എം. സുന്ദരൻ - 9388412430**

*ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്*



സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

---

പ്രമേഹ രോഗികൾക്കും, വാതസംബന്ധമായ കാൽ പുകച്ചിൽ, ചൊറിച്ചിൽ, കാൽവേദനക്കും വേണ്ടിയുള്ള പ്രത്യേക ഇനം ലതർ, തുകൽ, എം.സി.ആർ. ചെരുപ്പുകൾ നല്ല ഗുണമേന്മയോടെ നിർവ്വഹിച്ചുകൊടുക്കുന്നു.

## Fashion Leather Caappals

K.K. Krishna Menon Road
Kallai
Mob: 9961523748



---

## ചേതന വുഡ്‌വർക്സ്

വെസ്റ്റ് മാത്തറ, കോഴിക്കോട് - 14
ഫോൺ: 9495860019, 9495859224

മര സംബന്ധമായ എല്ലാ ജോലികളും ചെയ്ത്കൊടുക്കുന്നു.



എല്ലാവിധ ഫർണ്ണിച്ചറുകളും നിർമ്മിച്ചുകൊടുക്കുന്നു.
കട്ടില, ജനൽ, ഡോർ ഫ്രെയിം, ചാരുപടി, കിച്ചൺ കബോഡ്,
സ്റ്റെയർകെയ്സ് എന്നിവ ഓർഡർ പ്രകാരം നിർമ്മിച്ചുകൊടുക്കുന്നു.


---

## M.R
## BAKERY & SWEETS

സ്വാദിഷ്ടമായ
മധുരപലഹാരങ്ങൾ,
മിക്ചർ, ബനാനചിപ്സ്,
സ്നാക്സ്
മിതമായ നിരക്കിൽ

PUTHIYAPALAM ROAD CALICUT - 2
Ph: 2304036

*Fresh Snacks & Sweets*



ശാന്താദേവിയെ സഹായിക്കുവാൻ മുന്നോട്ടുവന്നു. പല സംഘടനകളും രക്ഷക്കെത്തി. പക്ഷെ മലയാള അഭിനയ ലോകത്തിന് നിത്യഹരിതമായ ഓർമ്മകൾ സമ്മാനിച്ചു കൊണ്ട് 2010 നവംബർ 20-ാം തീയ്യതി ജീവിതത്തിന്റെ അരങ്ങിൽനിന്നും ശാന്തേടത്തി വിടപറഞ്ഞു.

### വാസുപ്രദീപ്

സമകാലീനരായ മറ്റൊരു കലാകാരനിലും കണ്ടെത്താത്തവിധം ബഹുമുഖ പ്രതിഭയായിരുന്നു വാസുപ്രദീപ്. ഒരാൾക്ക് നാടകകൃത്താവാം, നാടകനടനാവാം, സംവിധായകനാവാം, ഗാനരചയിതാവും ആകാം. ചിത്രകാരനും കഥാകൃത്തും ആവാം. ഈ കഴിവുകളെല്ലാം ഒരു വ്യക്തിയിൽ സമന്വയിക്കുക എന്നത് അനന്യസാധാരണമായ അത്ഭുതസിദ്ധിയാണ്. ഇത് സാധിച്ചെടുത്ത മഹാപ്രതിഭയാണ് വാസുപ്രദീപ്.



കണ്ണൂർ ചാലയിൽ കുഞ്ഞിക്കണ്ണോത്ത് കുഞ്ഞമ്പുവിന്റെയും നാണിയുടേയും രണ്ടാമത്തെ മകനായി ജനിച്ചു. ജീവിതോപാധി കണ്ടെത്താനും പഠിക്കുവാനും ആയിരുന്നു സ്വർണ്ണപ്പണിക്കാരനായ അച്ഛന്റെ കൂടെ ചെറുപ്പത്തിലേ കോഴിക്കോട്ടെത്തിയത്. ഇവിടുത്തെ തിരക്കുപിടിച്ച മിഠായിത്തെരുവിൽ ഒരു മുറിയിൽ ചിത്രാലയം ആരംഭിച്ചു. പരസ്യബോർഡുകളും കവർ ചിത്രങ്ങളും ഛായാപടങ്ങളും സിനിമാ സ്ലൈഡുകളും നിർമ്മിച്ചുകൊണ്ടായിരുന്നു ജോലി ആരംഭിച്ചത്. കേന്ദ്രകലാസമിതിയുടെ ഓഫീസിന്നടുത്തായതിനാൽ അന്നത്തെ പ്രസിദ്ധ സാഹിത്യകാരന്മാരുമായുള്ള സമ്പർക്കം വാസുപ്രദീപിന്റെ ഉള്ളിലുള്ള സാഹിത്യവാസനകളെ പുറത്തുകൊണ്ടുവരുവാൻ സഹായകമായി.

1954 മെയ് 1 ന് പ്രദീപ് പ്രൊഡക്ഷൻസ് എന്ന കലാലയം സുകുമാരൻ പൊറ്റക്കാട് ആണ് ഉദ്ഘാടനം ചെയ്തത്. വാസുപ്രദീപ് ആദ്യമായി ഒരു നാടകമെഴുതി. സ്മാരകം. ഇതിൽ നെല്ലിക്കോട് ഭാസ്കരൻ, വാസുപ്രദീപ്, ശാന്താദേവി, സ്റ്റുഡിയോ നമ്പീശൻ, ശ്രീധരൻ മാസ്റ്റർ എന്നിവർ പ്രധാന വേഷം ചെയ്തു. നെല്ലിക്കോട്ടുകാരനായ കുണ്ടനാരി അപ്പുനായർ സംവിധായകനും ആയി. ടൗൺഹാളിൽ അവതരിപ്പിച്ച സ്മാരകം വിജയകരമായിരുന്നു. അമ്മയുടെ സ്വർണ്ണക്കമ്മൽ തൂക്കിവിറ്റു കടംവീട്ടി. വാസുപ്രദീപ് നാടകകൃത്തായി. പിന്നീട് സുഹൃത്തുക്കളുടെ നിർബന്ധത്തിന് വഴങ്ങി മറ്റു ചില നാടകങ്ങളും എഴുതി. ധാരാളം പുരസ്കാരങ്ങൾ ഏറ്റുവാങ്ങിയതിൽ 2002 ലും 2007ലും നാടക സമഗ്രസംഭാവനയ്ക്കുള്ള സംഗീതനാടക അക്കാദമി പുരസ്കാരം ലഭിച്ചു. കൂടാതെ വാസുപ്രദീപിന്റെ നാടകങ്ങൾ മൂന്നുതവണ മികച്ച നാടകങ്ങൾക്കുള്ള കേരള സംഗീത നാടക അക്കാദമി പുരസ്കാരം, കൊച്ചി ജെസ്തിപേക്കിന്റെ 2009 ലെ ബെസ്റ്റ് തിയേറ്റർ ചെയർപെഴ്സൺ ഓഫ് ദ ഇയർ പുരസ്കാരം എന്നിവ ലഭിച്ചു.

34 നാടകമെഴുതി. എല്ലം സമ്മാനാർഹമായി. തന്റെ 34 നാടകങ്ങളിൽ അഭിനയിക്കുകകൂടി ചെയ്ത അദ്ദേഹം പ്രതിച്ഛായ, അങ്ങാടി, അഹിംസ, ശാലിനി എന്റെ കൂട്ടുകാരി, 1921 തുടങ്ങി പതിനൊന്ന് സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. നടന്മാരായ മാമുക്കോയ, കോഴിക്കോട് നാരായണൻനായർ, കുട്ട്യേടത്തി വിലാസിനി, ശാന്താദേവി തുടങ്ങിയ പലരേയും അരങ്ങിലെത്തിച്ചത് വാസുപ്രദീപായിരുന്നു.

കലാജീവിത തിരക്കിനിടയിൽ ഇരുപത് നാടകങ്ങൾ പുസ്തകങ്ങളാക്കി. വാസുപ്രദീപിന്റെ വിജയസാധ്യതകൾ പരിശോധിക്കുമ്പോൾ ആ മഹാപ്രതിഭ സാധിച്ചെടുത്തത് മറ്റാർക്കും അസാധ്യമായിരുന്നു എന്ന് നിസ്സംശയം വിലയിരുത്താം. ചിത്രകാരനെന്ന നിലയിൽ അദ്ദേഹം സൃഷ്ടിച്ച അമൂല്യങ്ങളായ ത്രീമിനുട്സ് മോർ, ആഘോഷം, നിർവൃതി, പിണക്കം, സ്വാതന്ത്ര്യം എന്നീ രചനകൾ പലരിൽനിന്നും അഭിനന്ദനങ്ങൾ നേടിയതാണ്. ഗാനരചനാരംഗത്ത് ശില്പികളല്ലേ നാം, സംഗീതമേ ദീപമേ, ജീവിതമൊരു സംഗീതം തുടങ്ങിയ ഗാനങ്ങൾ അദ്ദേഹത്തിന്റെ രചനയിൽപ്പെടുന്നു. അങ്ങനെ മലയാള നാടകവേദിയിലെ മാന്ത്രികനെന്ന വിശേഷണത്തിന് തികച്ചും അർഹനായ വാസുപ്രദീപ് 2011 മെയ് മാസം 3-ാം തീയ്യതി പുലർച്ചെ അഞ്ചരമണിക്ക് നാടകത്തെയും കലകളെയും സ്നേഹിച്ച വിനയാതുരത്വം കൈവെടിയാത്ത വാസു ഏട്ടൻ എന്ന വാസുപ്രദീപ് ഓർമ്മയായി.

### നെല്ലിക്കോട് കോമളം




വളരെ ദരിദ്രമായ ഒരു കുടുംബത്തിലായിരുന്നു കോമളത്തിന്റെ ജനനം. നെല്ലിക്കോട് പീടികപ്പുറത്ത് നാരായണി അമ്മയുടെയും ശ്രീ കൃഷ്ണൻനമ്പ്യാരുടെയും മകളായി ജനിച്ചു. വിദ്യാഭ്യാസാനന്തരം നൃത്തം പഠിക്കുവാനുള്ള ആഗ്രഹം വീട്ടിൽ പറഞ്ഞപ്പോൾ ദേശപോഷിണി കലാവിഭാഗത്തിന്റെ കീഴിലുള്ള ഡാൻസ് ക്ലാസിൽ ചേർന്നു. നൃത്തം അഭ്യസിക്കുന്നതിനിടയിൽ ദേശപോഷിണി കലാവിഭാഗത്തിന്റെ തിക്കോടിയന്റെ നാടകമായ 'പഴയബന്ധം' എന്ന നാടകത്തിൽ ഒരു ഭിക്ഷക്കാരിയുടെ വേഷം അവതരിപ്പിക്കാനുള്ള അവസരം കിട്ടി. അന്ന് കുട്ടിയുടെ രക്ഷിതാവായി വന്നത് സഹോദരനായ നെല്ലിക്കോട് ഭാസ്കരനായിരുന്നു. അന്ന് നെല്ലിക്കോട് ഭാസ്കരൻ രംഗത്ത് വന്നിട്ടുണ്ടായിരുന്നില്ല. ആ നാടകം പല സ്റ്റേജുകളിലും അവതരിപ്പിച്ചു. ഓരോ അവതരണത്തിനും കോമളത്തിന് പ്രതിഫലം കിട്ടിക്കൊണ്ടിരുന്നു. അത് ആ കുടുംബത്തിന് ഒരു അനുഗ്രഹമായി. അങ്ങനെ തിക്കോടിയന്റെ മറ്റ് നാടകങ്ങളിലും അഭിനയിക്കുവാൻ അവസരം കിട്ടി. കൂടാതെ കെ.ടി.മുഹമ്മദ്, സദാനന്ദൻ പുതിയറ, വാസുപ്രദീപ്, കാലടി ഗോപി എന്നിവരുടെ നാടകങ്ങളിലും അവസരങ്ങൾ കിട്ടി.

പപ്പു, വേണു, കുഞ്ഞാവ എന്നിവരുടെ കൂടെ പല ഹാസ്യനാടകങ്ങളിലും കോമളത്തിന് വേഷം കിട്ടിയിട്ടുണ്ട്. തിക്കോടിയൻ സംഗീതനാടക അക്കാദമിയുടെ ചെയർമാനായി ഇരിക്കുമ്പോൾ 2008-ൽ ഗുരുപൂജാ അവാർഡ് ലഭിക്കുകയുണ്ടായി. ആ അവാർഡ് സ്വീകരിക്കുന്നതിനിടെ 2009-ൽ കോമളം സ്വവസതിയിൽ അന്തരിച്ചു.

## രാഷ്ട്രീയനായകർ

കേരളത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ നെല്ലിക്കോടിന്റെ സ്ഥാനം ഏറെ ചെറുതല്ല. പുരോഗമന പ്രസ്ഥാനത്തിന്റെയും നവോത്ഥാന ആശയങ്ങളുടെയും ഏറ്റവും സമ്പുഷ്ടമായ മണ്ണാണ് ഈ ഭൂമിയിലേത്. ഒട്ടേറെ രാഷ്ട്രീയ പ്രവർത്തകർ ഈ മണ്ണിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടിട്ടുണ്ട്. ഇവിടെ പരിചയപ്പെടുത്തുന്നത് അവരിൽ പ്രധാനപ്പെട്ട യശഃശരീരായ മൂന്നു പേരെ മാത്രമാണ്.


### ചാത്തുണ്ണി മാസ്റ്റർ



1979 മുതൽ 1985 വരെ രാജ്യസഭാംഗമായിരുന്ന ചാത്തുണ്ണി മാസ്റ്റർ സർവാദരണീയനായ വ്യക്തിത്വത്തിനുടമയായിരുന്നു. കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചർച്ചയിൽ നിർണായകമായ പങ്കു വഹിച്ച ചാത്തുണ്ണി മാസ്റ്റർ 1921 ൽ കോഴിക്കോട് കണ്ണങ്കരയിൽ ഒളാപ്പാറയ്ക്കടുത്ത് ഒറ്റടിയൻ വീട്ടിൽ കക്കാട്ടുമ്മൽ രാമിക്കുട്ടി, മാളു ദമ്പതികളുടെ രണ്ടാമത്തെ പുത്രനായാണ് ജനിച്ചത്.

കേരള സംസ്ഥാന കർഷക സംഘത്തിന്റെ സംസ്ഥാന സെക്രട്ടറി, ആൾ ഇന്ത്യ കിസാൻ സഭ സെക്രട്ടറി എന്നീ നിലകളിൽ മികവുറ്റ നേതൃപാടവം കാണിച്ച ചാത്തുണ്ണി മാസ്റ്റർ സാംസ്കാരിക രംഗത്തും ഒട്ടേറെ സംഭാവനകൾ നല്കിയിട്ടുണ്ട്. ചിന്ത, ദേശാഭിമാനി പ്രസിദ്ധീകരണങ്ങളുടെ അണിയറയിൽ നിസ്തുലമായ സംഭാവനകളേകിയ ചാത്തുണ്ണി മാസ്റ്റർ, ചലച്ചിത്ര രംഗത്തും ഒട്ടേറെ കൂട്ടായ്മകൾ പടുത്തുയർത്താൻ യത്നിച്ചിട്ടുണ്ട്.

കൊമ്മേരിയിലെ 'സംഭാവന' എന്ന വീട്ടിൽ 1990 ൽ അന്തരിക്കുന്നതു വരെ കേരളത്തിലെ രാഷ്ട്രീയ രംഗത്തെ ഒഴിവാക്കാനാവാത്ത നാമധേയങ്ങളിലൊന്നായി ചാത്തുണ്ണി മാസ്റ്റർ ജീവിതത്തെ പ്രകടിപ്പിച്ചു. നെല്ലിക്കോട് പ്രദേശത്തിന്റെ വികസനരംഗത്ത് നിർണായകമായ സംഭാവനകൾ നല്കിയ ആ വലിയ മനുഷ്യനെ നന്ദിയോടെയാണ് ഈ നാട്ടുകാർ ഇന്നും സ്മരിക്കുന്നത്.




### ചന്ദ്രശേഖരകുറുപ്പ്

1926 ൽ നാരായണൻ അടിയോടിയുടെയും, നാരാട്ട് മാധവി അമ്മയുടെയും മൂത്ത മകനായി പാലാഴി നാരാട്ട് തറവാട്ടിൽ ജനിച്ചു. ആദ്യമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ കൂടിയാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. പിന്നീട് എ.കെ.ജി, ഇ.എം.എസ്സ് എന്നിവർ നാരാട്ട് തറവാട്ടിൽ ഒളിവിൽ താമസിച്ചിരുന്നു. ആക്കാലത്ത് അവരുമായുള്ള ഇടപെടൽ കാരണം ചന്ദ്രശേഖരകുറുപ്പ് മാർക്സിസ്റ്റ് പാർട്ടിയിൽ ചേർന്നു. 8 വർഷത്തിലധികം ജയിൽ വാസമനുഷ്ഠിച്ചിട്ടുണ്ട്. അടിയന്തരാവസ്ഥക്കാലത്ത് ഏകദേശം 20 മാസത്തെ ജയിൽ വാസം കഴിഞ്ഞ് പുറത്തിറങ്ങി. 1977ൽ നടന്ന നിയമസഭാ ഇലക്ഷനിൽ അന്നത്തെ സിറ്റിങ്ങ് എം.എൽ.എ. ശങ്കരനാരായണനെ തോല്പിച്ച് ശക്തമായ ജനപിന്തുണയോടെ ചന്ദ്രശേഖരക്കുറുപ്പ് നിയമ സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1980 ലും 1983 ലും നടന്ന ഇലക്ഷനിൽ നിയമസഭാ സാമാജികനായി കോഴിക്കോട്ടു നിന്നു വിജയിച്ചു. എം.എൽ.എ. ആയി. 2000 വരെ CPM ജില്ലാ സെക്രട്ടറിയേറ്റ് മെമ്പറായിരുന്നു.

1988 മുതൽ സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ ഡയറക്ടർ ബോർഡ് മെമ്പറായിട്ടും അതുപോലെ എക്സ് സർവ്വീസ്മെൻ കോർപ്പറേഷന്റെ പുനഃരുദ്ധാരണ പ്രവർത്തനത്തിൽ ചെയർപേഴ്സണായി ഇരുന്നു കൊണ്ടും അതിന്റെ ഉന്നമനത്തിനു വേണ്ടി സജീവമായ ഇടപെടലുകൾ നടത്തിയിരുന്നു. 2003 ൽ തന്റെ 76-ാം വയസ്സിൽ അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു.

### എ.സുജനപാൽ



റാവു ബഹദൂർ അയ്യത്താൻ ഗോപാലൻ, ബാലഗോപാൽ തുടങ്ങിയ നിസ്വാർത്ഥരും കർമ്മനിരതരുമായ പ്രഗത്ഭ വ്യക്തിത്വങ്ങളുടെ സേവന പാരമ്പര്യം സിരകളിലുള്ള എ.സുജനപാലിന് രാഷ്ട്രീയം ഒരിക്കലും അന്യമായ മേഖലയായിരുന്നില്ല. നിയമ ബിരുദധാരിയായിരുന്ന സുജനപാലിന്റെ കർമ്മമേഖല പൂർണമായും രാഷ്ട്രീയം തന്നെയായിരുന്നു. കെ.എസ്.യുവിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിസ്ഥാനം മുതൽ കോൺഗ്രസ് (ഐ)യുടെ സംസ്ഥാന ജനറൽ സെക്രട്ടറി സ്ഥാനം വരെ എത്തിച്ചേർന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം പടിപടിയായുള്ള വളർച്ചയുടെ ഉദാഹരണമാണ്. 1991 ലും 2001 ലും എം.എൽ.എ ആയിരുന്നു. ഉമ്മൻചാണ്ടി മന്ത്രിസഭയിൽ വനംവകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. പൊരുതുന്ന പാലസ്തീൻ, ഗാന്ധിസം 21-ാം നൂറ്റാണ്ടിൽ തുടങ്ങി ഒട്ടേറെ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

●

## Classifieds വൈവാഹികം

ഇ.എസ്.ഐ., പി.എഫ് തുടങ്ങി എല്ലാ ആനുകൂല്യങ്ങളോടു കൂടി സ്വകാര്യ സ്ഥാപനങ്ങളിൽ സ്ഥിരജോലിയുള്ള തിയ്യ യുവാവിന് വധുവിനെ ആവശ്യമുണ്ട്. 31 വയസ്സ് ഉയരം 5 അടി 10 ഇഞ്ച്. വിശാഖം നക്ഷത്രം. തടിച്ച പ്രകൃതം കോഴിക്കോട് ജില്ല.

**നേരിട്ട് ബന്ധപ്പെടുക.**
**ഫോൺ: 9847649567, 9744233997**

**അഡ്രസ്സ്: വൈവാഹിക പംക്തി,**
**പോസ്റ്റ് ബോക്സ് നമ്പർ 1205,**
**നക്ഷത്രരാജ്യം മാസിക,**
**മാങ്കാവ് പി.ഒ., കോഴിക്കോട് - 673007**

സ്വന്തമായി ഇരുചക്ര മോട്ടോർ വാഹന വർക്ക് ഷോപ്പ് നടത്തുന്ന തിയ്യ യുവാവിന് വധുവിനെ ആവശ്യമുണ്ട്.
31 വയസ്സ് (5 അടി 8 ഇഞ്ച്) മകം നക്ഷത്രം, ശുദ്ധജാതകം, മെലിഞ്ഞ പ്രകൃതം, കോഴിക്കോട് ജില്ല.

**നേരിട്ട് ബന്ധപ്പെടുക.**
**ഫോൺ: 9847649567, 9744233997**

**അഡ്രസ്സ്: വൈവാഹിക പംക്തി,**
**പോസ്റ്റ് ബോക്സ് നമ്പർ 1205,**
**നക്ഷത്രരാജ്യം മാസിക,**
**മാങ്കാവ് പി.ഒ., കോഴിക്കോട് - 673007**

ഇ.എസ്.ഐ., പി.എഫ് തുടങ്ങി എല്ലാ ആനുകൂല്യങ്ങളോടു കൂടി ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനിയുടെ കേരളത്തിലെ റപ്രസന്റേറ്റീവ് ആയി പ്രവർത്തിക്കുന്ന തിയ്യ യുവാവിന് വധുവിനെ ആവശ്യമുണ്ട്. 33 വയസ്സ്. 172 സെ.മീ., കോഴിക്കോട് ജില്ല.

**നേരിട്ട് ബന്ധപ്പെടുക.**
**ഫോൺ: 9847649567, 974423399**

**അഡ്രസ്സ്: വൈവാഹിക പംക്തി,**
**പോസ്റ്റ് ബോക്സ് നമ്പർ 1205,**
**നക്ഷത്രരാജ്യം മാസിക,**
**മാങ്കാവ് പി.ഒ., കോഴിക്കോട് - 673007**

( പേജ് 7 തുടർച്ച)

# ഞാനും കായിക ഭാരതവും

ഏഷ്യൻ ചാമ്പ്യനായ എം.ഡി. വത്സമ്മയെ പിൻതള്ളി പുതിയ ഏഷ്യൻ റിക്കാർഡിട്ടുകൊണ്ട് ഉഷ ഒളിമ്പിക്സിനു യോഗ്യത നേടി.

കാലിഫോർണിയയിൽ നടന്ന പ്രീ-ഒളിമ്പിക് മീറ്റിൽ 55.58 സെക്കന്റിൽ ഏഷ്യൻ, കോമൺവെൽത്ത് റെക്കോർഡുകളോടെ ഉഷ സ്വർണ്ണം നേടിയപ്പോൾ, ഉഷയും ഞാനും ലോക മാധ്യമങ്ങളുടെ ശ്രദ്ധാകേന്ദ്രമായി. ഹിറ്റ്സിൽ ജൂഡി ബ്രൗണിനു പിന്നിൽ രണ്ടാമതായി ഫിനിഷ് ചെയ്ത ഉഷ, ആദ്യ സെമിയിൽ ഒന്നാമതെത്തി. സെമിയിൽ ഓടിയ 16 പേരിൽ മികച്ച മൂന്നാമത്തെ സമയം ഉഷയുടേതായിരുന്നു. അതോടെ മെഡൽ പ്രതീക്ഷ വാനോളം ഉയർന്നു. ആറുമാസത്തെ മാത്രം പരിശീലനത്തിലൂടെ 400 മീറ്റർ ഹർഡിൽസിൽ മത്സരിക്കാനെത്തിയ ഇന്ത്യക്കാരിയെ കുറിച്ചും അവളുടെ പരിശീലകനെ കുറിച്ചും വിദേശ മാധ്യമങ്ങൾ പ്രശംസിച്ചെഴുതി. ഉഷ മെഡൽ നേടുമെന്നായിരുന്നു മിക്കവരുടേയും പ്രവചനം പക്ഷെ... ലോസാഞ്ചലസിലെ മെഡൽ നഷ്ടത്തെക്കുറിച്ച് പറയുമ്പോൾ എന്നും എന്റെ വാക്കുകൾ ഇടറുകയും കണ്ണുകൾ നിറയുകയും ചെയ്യുമായിരുന്നു.

പ്രീ-ഒളിമ്പിക്സിൽ ഉഷ സ്വർണ്ണം നേടിയതാണ് പ്രശ്നമായത്. അത്വരെ അവളെ ആരും ശ്രദ്ധിച്ചിരുന്നില്ല. മത്സരത്തിൽ പലരും ഡ്രഗ്സ് ഉപയോഗിക്കുമെന്നും കരുതിയിരിക്കണമെന്നും ചിലർ ഞങ്ങൾക്ക് മുന്നറിയിപ്പ് തന്നിരുന്നു. അതുണ്ടായി എന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. അതുപോലെ ഫോട്ടോ ഫിനിഷിങ്ങിന്റെ ജഡ്ജ് മെന്റും സംശയാസ്പദമായിരുന്നു. എങ്കിലും ആദ്യത്തെ സ്റ്റാർട്ട് ഓസ്ട്രേല്യക്കാരി ഫൗളിക്കില്ലായിരുന്നെങ്കിൽ ഉഷയ്ക്ക് ഒരു മെഡൽ ഉറപ്പായിരുന്നു.


ജക്കാർത്തയിലെ (1985) ഏഷ്യൻ ട്രാക്ക് ആന്റ് ഫീൽഡ് മീറ്റിൽ ഇന്ത്യ ഏഴ് മെഡൽ നേടിയപ്പോൾ ഉഷയുടെ സമ്പാദ്യം 5 സ്വർണ്ണവും 1 വെങ്കലവുമായിരുന്നു! ജക്കാർത്തിയിൽ നിന്നു തിരിച്ചെത്തിയപ്പോൾ ഉഷയുടെ നേട്ടങ്ങൾക്കു പിന്നിൽ പ്രവർത്തിച്ച എന്നെ ആദരിക്കാൻ രാജ്യം തീരുമാനിച്ചു. അങ്ങനെ പ്രഥമ "ദ്രോണാചാര്യ" പുരസ്ക്കാരത്തിന് അവകാശിയായി എന്നെ തിരഞ്ഞെടുക്കപ്പെട്ടു, ദ്രോണാചാര്യ അവാർഡ് ദാന ചടങ്ങിൽ കണ്ടപ്പോൾ രാജീവ്ഗാന്ധി പറഞ്ഞ കമന്റ് അൽപം അഭിമാനത്തോടെ തന്നെ ഞാൻ ആവർത്തിക്കുന്നു. "ഇങ്ങനെയായിരുന്നെങ്കിൽ ഉഷയും നമ്പ്യാരും മാത്രം പോയാൽ പോരായിരുന്നോ ജക്കാർത്തയിലേക്ക്."

1968ൽ പട്യാലയിൽ കോച്ചസ് ട്രെയിനിങ്ങ് കഴിഞ്ഞ ഉടനെ ഞാൻ ഔദ്യോഗിക ജീവിതത്തിൽ എയർഫോഴ്സ് ടീമിന്റെ അത്ലറ്റിക് കോച്ചായി ചാർജ്ജെടുത്തു. എയർഫോഴ്സ് ടീമിൽ 4 അത്ലറ്റുകൾ എയർഫോഴ്സ് റിക്കാർഡുകൾ ഭേദിച്ച് സ്വർണ്ണം കരസ്ഥമാക്കിയപ്പോൾ എയർഫോഴ്സ് നേവി മിലിട്ടറി ടീം (സർവ്വീസസ്സ്) കോച്ചായി നിയമിച്ചുകൊണ്ട് സ്ഥാനക്കയറ്റം നൽകി എന്നെ ആദരിച്ചു. 1969-70ൽ സർവ്വീസസ് ടീം ബാംഗ്ലൂരിൽ നടന്ന നാഷണൽ സർവ്വീസസ്സ് മീറ്റിൽ 17 സ്വർണ്ണമെഡൽ നേടിയെടുത്തു. പിന്നീടാണ് ഞാൻ കേരള സ്പോർട്സ് കൗൺസിൽ അത്ലറ്റിക് കോച്ചായി കേരളത്തിൽ എത്തുന്നതും ഉഷയെ കാണുന്നതും.

**P.T. ഉഷ** വേൾഡ് റെയിൽവേ മീറ്റിൽ വ്യക്തിഗത ചാമ്പ്യനായിരുന്നു. ചെക്കോസ്ലാവാക്യയിലെ ഒളോമോഗ് മീറ്റ് അവളെ റെയിൽവേയിലും ലോക നിലവാരത്തിലെത്തിച്ചു. എന്നെക്കുറിച്ച് ഞാൻ എളിമയോടെ പറയട്ടെ! ഇന്ത്യയിലെ ഒരു കോച്ചിനും വിദഗ്ദമായി അത്ലറ്റിന്റെ മനസ്സും കഴിവും സമന്വയിപ്പിച്ച് ഓജസ്സ് പ്രധാനം ചെയ്യുന്ന പേഴ്സണൽ കോച്ചായി പ്രവർത്തിച്ച് ആരേയും അത്ലറ്റായി ലോക നിലവാരത്തിൽ പെർഫോം ചെയ്യിക്കാൻ സാധിച്ചിരുന്നില്ല എന്നതാണ് എന്റെ എക്കാലത്തേയും ഭാഗ്യം.

**ഉ**ഷയ്ക്കുശേഷം പുതിയതാരങ്ങളെ വളർത്തിക്കൊണ്ടുവരാനുള്ള തന്റെ ശ്രമത്തിന് അധികൃതരുടെ ഭാഗത്തുനിന്ന് വേണ്ടത്ര സഹകരണം ലഭിക്കുന്നില്ല. ഈ 78-ാം വയസ്സിലും പുതിയ താരങ്ങളെ കണ്ടെത്താനുള്ള ആഗ്രഹത്തിലാണ് ഞാൻ. റിട്ട. എയർഫോഴ്സ് ഓഫീസർ എസ്.എ. നായരുടെ മകൾ ബിന്ദുവിന്റെ 9-ാം ക്ലാസ് വിദ്യാർത്ഥിയായ മകൾ നേഹ (അച്ഛൻ പ്രദീപ് നമ്പ്യാർ) യെ പരിശീലിപ്പിച്ച് 2020-ാം വർഷത്തിനകം ഒളിംമ്പിക്സ് കിരീടം അണിയിക്കുവാനാകുമെന്ന പ്രതീക്ഷയിലാണ്. ട്രയൽസിൽ ശോഭിച്ചു പെർഫോം ചെയ്ത നേഹക്ക് നല്ലൊരു ഭാവി ഞാൻ കാണുന്നുണ്ട്. പിന്നെ വീട്ടിനടുത്തുള്ള നവോദയ സ്കൂളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. മികച്ച അഞ്ച് കുട്ടികളെ കണ്ടെത്തി അവരെ നവോദയയിൽ ചേർത്ത് പരിശീലിപ്പിക്കാനുള്ള പദ്ധതി അധികൃതർക്കു സമർപ്പിച്ചുള്ള കാത്തിരിപ്പിലാണ്. എനിക്കു ശമ്പളമൊന്നും വേണ്ട. ഒരു സഹായിയെ തരണം. അയാൾക്കുള്ള പണം കൊടുത്താൽ മതി.

സ്പോർട്സിൽ നമ്മൾ ഒന്നും പ്രതീക്ഷിക്കരുത്. പക്ഷേ, റിസൽട്ടിനുവേണ്ടി എത്ര വേണമെങ്കിലും പോരാടണം. കഠിനാദ്ധ്വാനം ചെയ്യുക. പണവും പ്രശസ്തിയുമൊക്കെ പിന്നാലെ വന്നുകൊള്ളും. മിടുക്കും, വാശിയും, ഡഡിക്കേഷനും ഉള്ള ഒരു അത്ലറ്റിന് വിജയം ഒരിക്കലും അന്യമാകില്ല.



നേഹ (ബോംബെ)

സഞ്ചാരസാഹിത്യം

# അസർ ബൈജാനിൽ നിന്നൊരു പുത്രവധു



കെ.പി. സുധീര



അടുത്തകാലത്ത് ആഗോള രാഷ്ട്ര കുടുംബത്തിലേക്ക് സ്വതന്ത്ര്യരാജ്യമായി ഉദയം കൊണ്ട അസർബൈജാനിൽ നിന്ന് കുലവധുവായി ഒരു പെൺകുട്ടി വീട്ടിലെത്തിച്ചേരുമെന്ന് ഞങ്ങളാരും സ്വപ്നേപി കരുതിയതല്ല. വിദേശരാജ്യങ്ങളിൽ ഒരു ഓയൽ ആന്റ് ഗ്യാസ് സപ്ലൈ കമ്പനി നടത്തുന്ന എന്റെ അനുജൻ അനൂപും, കമ്പനിയുടെ പാർട്ട്നറുമായ സോബി എബ്രഹാമും അതോർത്തിരിക്കില്ല. ദുബായ്, അസർബൈജാൻ, കസാക്കിസ്ഥാൻ, ജോർജിയ ഇവിടങ്ങളിലായി പടർന്നു കിടക്കുകയാണീ വ്യവസായശൃംഘല. (മന്ദ്ര എനർജിവിഷൻ എന്നാണ് കമ്പനിയുടെ പേര്)

സാഹിത്യ സെമിനാറുകൾക്കും സമ്മേളനങ്ങൾക്കും, അവാർഡു സ്വീകാരങ്ങൾക്കുമായി ഇരുപത്തിരണ്ടോളം വിദേശരാഷ്ട്രങ്ങൾ സന്ദർശിക്കുവാൻ അവസരം ലഭിച്ച ഈ ലേഖികയ്ക്ക് ഒരു പുത്തൻ അനുഭവമായിരുന്നു അസർബൈജാൻ എന്നരാജ്യം. ഒരേ കമ്പനിയുടെ വ്യത്യസ്ത ശാഖകളിൽ ജോലിചെയ്യുകയാണ് മകൻ അമിത്തും.

പ്രസ്തുത പെൺകുട്ടി പികയും (മകൻ ദുബായിലും, പിക, അവളുടെ മാതൃരാജ്യമായ അസർബൈജാനിയും) കംപ്യൂട്ടറെന്ന ചങ്ങലയിലൂടെ ഇരുവരും ഇന്റർനെറ്റെന്ന പ്രണയവഴിയിൽ പരസ്പരം കണ്ടുമുട്ടുന്നു, നിത്യപരിചയം ബന്ധത്തെ ഊഷ്മളമാക്കുന്നു. പിന്നീട് വിവാഹം കഴിക്കാൻ ഇരുവരും നിശ്ചയിക്കുന്നു. ഞങ്ങളോട് അവൻ അനുവാദം ചോദിച്ചത് ഒരു പെൺകുട്ടിയെ വിവാഹം കഴിക്കട്ടെയെന്നല്ല, ഒരു സംസ്കാരത്തെ പരിണയിക്കട്ടെ, എന്ന മട്ടിലാണ്. ആദ്യത്തെ നടുക്കം. അജ്ഞാതമായ ആ സംസ്കാരത്തെക്കുറിച്ചുള്ള ആധിയിലായിരുന്നു. പിന്നീട് ഞങ്ങളും, ഇന്റർനെറ്റിലൂടെ കുട്ടിയെ പരിചയപ്പെട്ടു. യഥാർത്ഥ സ്നേഹത്തിന് എന്ത് ജാതി, എന്ത് ദേശം, ഏത് സംസ്കാരം? എല്ലാ ദേശവും നമുക്ക് സ്വന്തം. എല്ലാ സ്നേഹവും നമുക്ക് സ്വീകാര്യം. ഇതായിരുന്നു ഞങ്ങൾക്ക് പിക എന്ന അസർബൈജാനി പെൺകുട്ടിയെ സ്വീകരിക്കുവാൻ ഉണ്ടായിരുന്ന ആത്മബലം. പെൺകുട്ടിയുടെ ഭാരതീയതയോടും, ഭാരതീയ



സംസ്കൃതിയോടുമുള്ള അദമ്യമായ ആവേശവും, ആദരവും ഞങ്ങളെ അത്ഭുതപ്പെടുത്തി. രവീന്ദ്രനാഥടാഗോറിന്റെ മഹാത്മജിയുടെ ശ്രീനാരായണഗുരുവിന്റെ എന്തിന് ജീവിച്ചിരിക്കുന്ന അപൂർവ്വ പ്രതിഭ, എ.പി.ജെ. അബ്ദുൾ കലാമിന്റെ വരെ ആരാധികയാണവൾ. ആദ്യം മകൻ വിസയെടുത്ത് അസർബൈജാനിലെത്തി. സുഹൃത്തും കമ്പനി പാർട്ട്നറുമായ ബോബിയുമൊത്ത് അവളുടെ വീട്ടിലെത്തി പെണ്ണിനെ തരുമോ എന്ന് അന്വേഷിച്ചു. ആ വീടിന്റെയും, നാടിന്റെയും പൊൻവിളക്കായ പെൺകുട്ടിയെ പൊന്നുപോലെ നോക്കുമെങ്കിൽ, ഏത് നാട്ടിലേക്കും, അവളുടെ ആഗ്രഹം അതാണെങ്കിൽ അയയ്ക്കാം എന്നായിരുന്നു അവളുടെ രക്ഷിതാക്കളുടെ നിലപാട്. അതിൽപ്പിന്നീട് വിവാഹനിശ്ചയം അസർബൈജാനിൽ - വിവാഹം ഇന്ത്യയിൽ എന്നത് തീരുമാനിക്കപ്പെട്ടു. അങ്ങനെ മകന്റെ വിവാഹ നിശ്ചയത്തിനാണ് ഞങ്ങൾ അസർബൈജാനിൽ എത്തുന്നത്. ആ നാടിന്റെ സംസ്കാരവും സംസ്കൃതിയും വർണ്ണിക്കുന്നതിന് മുമ്പ്, ഈ ലേഖിക അവിടെ എത്തിപ്പെടാനുള്ള പശ്ചാത്തലം രേഖപ്പെടുത്തി എന്നേയുള്ളൂ.

കഴിഞ്ഞ വർഷം സാഹിത്യ സമ്മേളനത്തിന് ഞാൻ തുർക്കിയിലെ ഇസ്താംബൂളിലും, താഷ്ക്കന്റിലും പോയിരുന്നു. തുർക്കിക്കും, ഇറാനും, അർമീനയ്ക്കും, കാസ്പിയൻ കടലിനും ഇടയ്ക്കാണ് അംസർബൈജാൻ സ്ഥിതിചെയ്യുന്നത്. സോവിയറ്റ് റിപ്പബ്ലിക്കിന്റെ ഭാഗമായിരുന്ന അസർബൈജിൻ സൗരാജ്യത്തിന് തുർക്കികളുടെ ഭാഷാ ചായ്‌വും, ഷിയാ ഇറാനിന്റെ മത സദൃശതയും, റഷ്യൻ സംസ്കാരത്തിന്റെ സ്വാധീനവും ആണുള്ളത്. യൂറോപ്യൻ വ്യാപാര കേന്ദ്രങ്ങളിലേക്കും മറ്റുപല രാജ്യങ്ങളിലേക്കും കാസ്പിയൻ കടലിലെ ഹൈഡ്രോകാർബൺ നിക്ഷേപങ്ങളും, രാജ്യത്തെ പ്രധാന വിഭവമായ എണ്ണയും, ഇന്ധനവാതകങ്ങളും അസർബൈജാൻ കയറ്റി അയയ്ക്കുന്നു. എണ്ണ കുഴിച്ചെടുക്കുന്ന റിഗ്ഗുകളും, പമ്പിംഗ് ഗീറുകളും കയറ്റി അയയ്ക്കുക എന്ന വ്യാപാരം വഴി ഈ രാജ്യം ദാരിദ്ര്യത്തിൽ നിന്നും കരകയറുകയും, 2016ലെ ഒളിമ്പിക്സിന് വേണ്ടി ഒരുങ്ങാൻമാത്രം സമ്പന്നമാവുകയും ചെയ്തിരിക്കുകയാണ്.

ബാക്കു എന്ന അസർബൈജാറിന്റെ തലസ്ഥാന നഗരിയിൽ വിമാനം ചെന്നിറങ്ങിയപ്പോൾ, യൂറോപ്പിലോ ഏഷ്യയിലോ എന്ന അമ്പരപ്പാണ് ഈ ലേഖികയ്ക്ക് ആദ്യം ഉണ്ടായത്. യൂറോപ്യൻ വാസ്തുവിദ്യ കാണുമ്പോൾ, ഞാൻ യൂറോപ്പിലെന്ന് തോന്നും, ബാക്കുതെരുവുകളിൽ ഞാൻ കണ്ട വനിതകളുടെ വേഷവിധാനം കാണുമ്പോൾ, ഏഷ്യയിൽത്തന്നെ എന്നും പരിംഹക്കും. ഭൂമിശാസ്ത്രപരമായി ബാക്കു, കാബൂൾ, ടെഹ്റാൻ, ഇസ്താംബൂൾ എന്നീ രാജ്യങ്ങളോട് അടുത്താണ് നിൽക്കുന്നത്. മോസ്കോവിനേക്കാൾ എത്രയോ അരികെയാണീ രാജ്യങ്ങൾ.

ഖോഷ് ഗെൽമിസിനിസ് - സ്വാഗതം എന്ന പ്രയോഗം ഞങ്ങൾ എവിടേയും കേട്ടു. കാവ്യാത്മകമായ അവരുടെ അസരിഭാഷ, കുലീനമായ പെരുമാറ്റം, ഹൃദയാവർജ്ജകമായ ആതിഥ്യം! അതൊന്നും മറക്കുവാൻ കഴിയില്ല. അസരിജനതയുടെ സൗഹാർദ്ദം, അവരെങ്ങനെ കുഞ്ഞുങ്ങളെ വളർത്തുന്നു, കുടുംബംപുലർത്തുന്നു, കച്ചവടം ചെയ്യുന്നു. ഇതൊക്കെ കൗതുകത്തോടെയാണ് ഞങ്ങൾ കണ്ടത്.

ഈ രാജ്യത്തിന്റെ ആകെ വിസ്തൃതി 33,400 ചതുരശ്രമൈലാണ്. അതായത് 86,600 ചതുരശ്ര കിലോമീറ്റർ. നഖ്ചിവാൻ റിപ്പബ്ലിക് അടക്കമുള്ള വിസ്താരമാണിത്. അസർ ബൈജാനിലെ ബാക്കു നിലങ്ങുമുതൽ കോക്കേസസ് പർവ്വത നിരവരെ പലതരം കാലാവസ്ഥകളാണത്രെ, അനുഭവപ്പെടുക.

മഞ്ഞുരുകികഴിഞ്ഞ ശേഷമുള്ള ഇളം തണുപ്പിലേക്കാണ് ഞങ്ങൾ ബാക്കുവിലെത്തുന്നത്. അവിടുത്തെ വേനലുകൾ കേരളത്തെപ്പോലെ ഊഷ്മളമാണ്. $30^0C$ വരെ എത്തും ചൂട്. മഞ്ഞുകാലം $0^0C$ ൽ എത്തും- മഞ്ഞുകാലത്ത് മഞ്ഞുവീഴ്ച ഒന്നു രണ്ട് തവണ ഉണ്ടാവും. മഞ്ഞിനേക്കാൾ തണുപ്പ് ശീതക്കാറ്റിനാണ്. ശരത്ക്കാലവും, വസന്തകാലവും അവിടെ ഹ്രസ്വമാണ്. മഞ്ഞുകാലത്ത് റോഡും വീടും മഞ്ഞു പുതഞ്ഞുകിടക്കും. ദിവസങ്ങൾകൊണ്ട് മഞ്ഞുരുകുകയും ചെയ്യും. തങ്ങളുടെ രാജ്യം വർഷ



ത്തിൽ മൂന്നാറ് ദിവസവും സൂര്യപ്രകാശം മുള്ളതാണെന്ന് പികയുടെ കുടുംബം അവകാശപ്പെട്ടു.

കാറ്റിന്റെ നഗരം (City of windo)എന്നാണത്രെ ബാക്കുവിന്റെ മറ്റൊരു നാമധേയം.

അധികം മഞ്ഞുവീഴ്ചയില്ലാത്ത, ഉണങ്ങിയ പ്രദേശങ്ങളിൽ അവർ കൃഷി ചെയ്യുന്നു. അവിടങ്ങളിൽ മുന്തിരിയും, തക്കാളിയും, ഉരുളക്കിഴങ്ങും, വെള്ളരിയും വിളയിക്കുന്നു. തെക്കും വടക്കും പ്രദേശത്തുള്ള നിബിഢ വനങ്ങളിൽ പലതരം കായ്കളും, പഴങ്ങളും, പുകയിലയും പട്ടും ഉൽപ്പാദിപ്പിക്കപ്പെടുന്നു.

ഈ രാജ്യം നമ്മെ ആകെ നിരാശപ്പെടുത്തുക, അവിടുത്തെ തരിശായിക്കിടക്കുന്ന ഭൂമിയിലാണ്. പുല്ലോ ചെടിയോ കാണാത്ത ഒരു നാട്. ചൂടുകാറ്റും, മണൽക്കാറ്റും സസ്യങ്ങളുടെ ശത്രുക്കളാണല്ലോ. ജലക്ഷാമവും ആ നാട്ടിൽ രൂക്ഷമാണത്രെ! അവിടവിടെ ചിലവൃക്ഷങ്ങൾ മാത്രമേ ഞങ്ങൾ കണ്ടുള്ളൂ.

1991 ഒക്ടോബർ 18 നാണ് അസർബൈജാനിന്റെ സുപ്രീം കൗൺസിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്. പോപ്പുലർ മുന്നേറ്റത്തെ തഴച്ചുമാറ്റിക്കൊണ്ട് അവർ റിപ്പബ്ലിക് സ്ഥാപിക്കുകയും 1992ൽ അബുൽഫസ് എൾഷിബേ (Abdulfaz Elchibay) പ്രസിഡന്റാവുകയും ചെയ്തു.

തങ്ങളുടെ നാട്ടിൽ 90% ജനങ്ങളും പലവിധം രോഗങ്ങളുമായി മല്ലിട്ട് ജീവിക്കുകയാണെന്ന് പികയുടെ പിതാവ് പറഞ്ഞു. സോവിയറ്റ് യൂണിയനിൽ നിന്ന് മുൻകാലങ്ങളിൽ ഉണ്ടായ എണ്ണ ഖനനത്തിന്റെ ഭാഗമായി അവിടെ നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായി. വ്യവസായ പ്ലാന്റുകൾ കാസ്ബിയൻ കടലിലേക്ക് ഒഴുക്കിവിടുന്ന മാലിന്യങ്ങളും ജനജീവിതം ദുസ്സഹമാക്കിത്തീർത്തു. അനാരോഗ്യപ്രശ്നങ്ങൾ അസ്വസ്ഥമാക്കുമെങ്കിലും അവിടെ ഉറപ്പുള്ള കുടുംബ ബന്ധങ്ങളാണ് ഞങ്ങൾ കണ്ടത്.

അവരുടെ അമിതമായ ചായ ഉപയോഗം, ചീസ്, എണ്ണ ഇവയുടെ അത്യുപയോഗം ഇവ ഹൃദ്രോഗം, രക്തസമ്മർദ്ദം തുടങ്ങിയവയ്ക്ക് കാരണമായേക്കാം. ഞങ്ങൾ സമ്പാദിക്കുന്നതിൽ, വലിയൊരു പങ്ക് സർക്കാരിന് കൊടുക്കണം. അതുകൊണ്ട് വ്യക്തി സമ്പാദ്യം കുറവാണ്. അത് ഞങ്ങളെ അതൃപ്തരാക്കുന്നു. നാടിന്റെ വികസനത്തിന് വേണ്ടി സർക്കാർ ഞങ്ങളിൽ ഈ ബാധ്യത അടിച്ചേൽപ്പിച്ചിരിക്കുന്നു. പികയുടെ അമ്മ പറഞ്ഞു. വിവാഹ നിശ്ചയച്ചടങ്ങ് അവിടെ ലളിതമാണ്. നമ്മുടെ നാട്ടിൽ വിവാഹത്തിനും അതിന്റെ നിശ്ചയച്ചടങ്ങിനും നിർബാധം പണം ചിലവഴിക്കപ്പെടുന്നു. ആയിരക്കണക്കിന് ബന്ധുമിത്രാദികളും, സുഹൃത്തുക്കളും ചേർന്ന് നാം വിവാഹം ആർഭാടമാക്കുന്നു. എന്നാൽ അസർ ബൈജാനിലെ വിവാഹത്തിന്പോലും അമ്പതിൽ താഴെ ആളുകൾ മാത്രമേ ക്ഷണിക്കപ്പെടുന്നുള്ളൂ എന്നത് കേട്ട് ഞങ്ങളാകെ അന്ധാളിച്ചുപോയി.

വിവാഹ ചടങ്ങുകളും ലളിതമാണ്. മതാചാരച്ചടങ്ങുകൾ യാതൊന്നുമില്ല. വിവാഹ രജിസ്ട്രേഷന് നേരത്തെ അപേക്ഷിക്കണം. രജിസ്ട്രേഷൻ കഴിഞ്ഞാൽ പിന്നെ വിവാഹവിരുന്ന്. വിവാഹനിശ്ചയച്ചടങ്ങിന്റെ പ്രത്യേകത, മോതിരം മാറിക്കഴിഞ്ഞാൽ പിന്നെ വധുവിന്റെ മാതാപിതാക്കൾ നൃത്തം തുടങ്ങുന്നു. (ശ്രുതി മധുരമായ അസരിഗാനം കേട്ടാൽ ആരും നൃത്തം ചെയ്തുപോകും!) പിന്നെ അവർ വരന്റെ ആൾക്കാരേയും നൃത്തത്തിന് ക്ഷണിക്കുന്നു. സംസ്കാരങ്ങളുടെ സമന്വയം! അങ്ങനെയാണത്രെ, അവർ ഇരു കുടുംബങ്ങളുടേയും കണ്ണികൾ ഇണക്കിചേർക്കുന്നത്. നൃത്തവും സംഗീതവും മണിക്കൂറുകൾ നീണ്ടുനിൽക്കും. എന്നാൽ ഗ്ലാസുകളിൽ അൽപം വീഞ്ഞുകുടിക്കുന്നതല്ലാതെ, മദ്യത്തിന്റെ അതിപ്രസരം അവിടെ കണ്ടതേയില്ല! കുറഞ്ഞ ദിനങ്ങൾകൊണ്ട് ആ നാടിന്റെ സൗന്ദര്യവും, ജനങ്ങളുടെ ഹൃദയവിശാലതയും ഞങ്ങൾക്ക് പഠിക്കുവാൻ കഴിഞ്ഞു. ഒരു നാടിന്റെ സംസ്കൃതി അറിയുവാൻ അവിടെ സ്ഥിരതാമസമൊന്നും ആക്കേണ്ടതില്ല. എന്ന് ഞങ്ങൾക്ക് മനസ്സിലായി. (ഞങ്ങളെന്നാൽ ഞാനും, ഭർത്താവും (രഘുനാഥ്) ഗൾഫിൽ ജോലിചെയ്യുന്ന അനിയന്മാരായ അശോകും, അനൂപും) ചോറെത്ര വെന്തു വെന്നറിയാൻ, വറ്റെടുത്തു വേവ് നോക്കിയാൽ മതിയല്ലോ എന്ന് ഞാൻ വിചാരിച്ചു. മഞ്ഞുകാലത്തിന്റെ തിരുശേഷിപ്പ് ഒരു പ്രണയിതാവിന്റെ ആഹ്ലാദം പോലെ അവിടുത്തെ അന്തരീക്ഷത്തെ കമനീയമാക്കി. പ്രകൃതി മനുഷ്യനെ ഒരുപാട് സ്വാധീനിക്കുന്നു. പ്രഭാത പ്രസരിപ്പിന്റെ ഉന്മഷിത്തത രാത്രിവരെ സൂക്ഷിക്കുവാൻ അവിടെ നമുക്ക് കഴിയും. ലളിതവും സരളവുമായ ജീവചര്യകൊണ്ട് പികയുടെ കുടുംബം ഞങ്ങളുടെ ഹൃദയം കവർന്നു. വൃത്തിയുള്ള തെരുവുകളും തെളിച്ചിരിയോടെ പെരുമാറുന്ന ജനതയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും മുദ്രകളാണ് ഹൃദയത്തിൽ പതിച്ചുതന്നത്. കാലമോ, ദേശാതിർത്തികളോ ഒന്നും പാരമ്പര്യത്തിന് വിഘാതമല്ല. ഹൃദയത്തിൽ സഹജാതനും, സഹജീവിക്കുമായി ഒരു തുള്ളി കണ്ണുനീർ സൂക്ഷിക്കണമെന്നു മാത്രം!

When a Stream gets dry,
it lesen its identity,
Scimilarly, a heart, empty of love,
Seems a desert-

ഈ കവി വാക്യം നാമെപ്പോഴും ഓർക്കുക. ●

കവിത

# അച്ഛമ്മ




എം. ഇന്ദിരാദേവി

എൺപതു പ്രായം കഴിഞ്ഞുള്ളൊരച്ഛമ്മ
കാലയവനിക പൂകിയപ്പോൾ
വിശ്വസിച്ചീടുവാൻ ഒട്ടും കഴിഞ്ഞില്ല!
ഉച്ചയ്ക്കുറങ്ങാൻ കിടന്നതല്ലേ?
കൂടെ കിടക്കുന്നതല്ലേ ഞാൻ രാത്രിയിൽ
മാറി കിടക്കാൻ പറഞ്ഞതെന്തേ?
മാടി വിളിയ്ക്കുന്നു എന്നെയെന്നച്ഛമ്മ
പേടിയാകും നീ ചെറുപ്പമല്ലേ?
എന്തുപറഞ്ഞിട്ടും മാറി കിടക്കുവാൻ
എൻ മനം തീരെ വഴങ്ങിയില്ല
രുദ്രാക്ഷ മാലതൻ സ്വർണ്ണത്തിൻ ചങ്ങല
നിൻ വാച്ചിൽ ചങ്ങലയാക്കീടണം
ഓർമ്മവെച്ചന്നേ മുതൽക്കെന്റെ കൂട്ടായ്
അച്ഛമ്മയല്ലാതെ ആരും ഇല്ല.
വേണ്ട എനിയ്ക്കൊന്നും അച്ഛമ്മയല്ലാതെ
എന്നു ഞാൻ വിങ്ങി പറഞ്ഞതല്ലേ?



# പാർശ്വ ഫലങ്ങൾ



മനോജ്

മാപിനികളുടെ ഉപയോഗശൂന്യതയിലൂടെയാണ് ചിന്താഭരിതമായ മനസ്സുകൾ കടന്നുപോകുന്നത്. അറിഞ്ഞു വെയ്ക്കലിന്റെ തീപ്പൊള്ളലുകളെല്ലാം വിറങ്ങലിപ്പുകളായി പരിണമിക്കുകയും പുത്തൻ കണ്ടെത്തലുകൾ ചലനമുഖമായി വികസിക്കുകയുമാണ്. ഇത് ജനിമൃതിഭാവങ്ങളെപ്പോലെ നിരന്തരം തുടരുന്നു. വസ്തുക്കളുടെ കെട്ടുചീയലിനപ്പുറത്തേക്ക് പ്രവേശിക്കുന്നവയാണ് ചിന്താധന്യതകൾ. തിരുത്തിക്കുറിക്കലുകളും പുത്തൻ കണ്ടെത്തലുകളും അധികാരമുറപ്പിക്കുമ്പോഴും അവയെല്ലാം ഒന്നിനൊന്ന് ഇണക്കു കണ്ണികളെപ്പാകുന്നു. മാനവികതയുടെ ഉൾതടത്തിൽ ആത്മാവിന്റേയും വ്യവഹാരത്തിന്റേയും തലങ്ങൾ ഉണ്ട്. ഐക്യപ്പെടലിൽ നിന്ന് വേറിടലുകളിലേക്കും ആസക്തിയിൽ നിന്ന് നിരാസക്തിയിലേക്കും വഴിപിരിച്ചിൽ നടത്തിയ അവ ദാർശനികവും ശാസ്ത്രീയവുമായി വേറിട്ട് യാത്ര തുടരുന്നു. കണ്ടെത്തലുകളും തിരിച്ചറിവുകളും ആത്മീയതയെ കൈവെടിയുമ്പോൾ മനുഷ്യൻ വംശാവലികളുടെയെല്ലാം ശത്രുവായി തീരുകയാണ്.

ശാസ്ത്രത്തിന്റെ വൈയക്തികതലത്തെ ഭരണകൂടം അടച്ചൊതുക്കി ഏറ്റെടുത്തതോടെയാണ് മനുഷ്യവംശ ദുരന്ത മുഹൂർത്തങ്ങളെ അഭിമുഖീകരിക്കുന്നത് വിടുപണിക്കാരെല്ലാം വിഭാഗീയതയോടെ ആത്മാവില്ലാതെ ചിന്തിച്ചപ്പോൾ മനുഷ്യത്വരഹിതമായ ഇടപാടുകളുണ്ടായി. വാർപ്പുകളും ഉരുക്കുമണ്ഡപങ്ങളുമായി തീർന്നശാസ്ത്രം യാന്ത്രികഭാരത്തോടെ മനുഷ്യനെ വേട്ടയാടുകയാണ്. ശാസ്ത്രത്തിന്റെ നിർദ്ദയമായ നിലപാടുകൾ അവസ്ഥയെ മാറ്റിപണിത് തരിശുഭൂമികളെ ഒരുക്കുന്നു. സമഗ്ര സമീപനങ്ങളോ ആത്മഭാവങ്ങളോ ഹരിതബോധങ്ങളോ ഇല്ലാത്ത ശാസ്ത്രം ജീവൽ തുടിപ്പിന്റെ ഭവിഷ്യത്തായും തീരാവുന്നതാണ്. ശാസ്ത്രത്തിന്റെ ഉരുക്കുദണ്ഡുകളുടെ ക്രമീകരണങ്ങൾ മനുഷ്യന്റെ വൈയക്തിക വൈചാരിക ഭൂമികയ്ക്ക് ദണ്ഡനീതി കല്പിക്കുന്നു. അത് ക്രമപ്പെടുത്തലുകളിലൂടെ മനുഷ്യനെ യന്ത്രസംവിധാനത്തിന്റെ ഭാഗമാക്കുന്നു. ഉണർച്ചയും ഉറക്കവും ശേഷിയും മരണവും ഇരുമ്പുകൊത്തളത്തിന്റെ കാവൽപ്പാടിനടിപ്പെട്ട് വ്യക്തിയെ നിയന്ത്രിക്കുകയാണ്. വികാരവിചാരങ്ങളിൽ തരിശുപാകുന്നയന്ത്രം നിഷ്ഠാനടത്തിപ്പുകളോടെ മനുഷ്യനെ നിയന്ത്രിക്കുന്നു. ഉല്പന്നങ്ങളെ വെളിക്കിറക്കുന്ന യാന്ത്രികഭീമസ്വരൂപങ്ങൾ മനുഷ്യന്റെ സാത്വികതലത്തേയും സത്തയേയും ഇല്ലാതാക്കുന്നു. അവന്റെ ഇടപഴകലുകളിൽപ്പോലും ആത്മഭാവങ്ങളോ മനുഷ്യത്വമോ നിലനിൽക്കാൻ യാന്ത്രികഭാരം അനുവദിക്കുന്നതല്ല. വ്യക്തിസത്തയുടെ അഭാവമാണ് യന്ത്രനീതി. യാന്ത്രികഭാരം അനുവദിക്കുന്നതല്ല. വ്യക്തിസത്തയുടെ അനുഭാവമാണ് യന്ത്രനീതി. യാന്ത്രികസമീപനങ്ങളുടെ പൂർണ്ണതയാണ് യന്ത്രവികാരം.

ഇത് ആത്മഭാവമില്ലാത്ത യന്ത്രത്തിന്റേയും വിഭാഗീയ ക്രമീകരണങ്ങളുടേയും ദുരന്ത മൂർത്തിയാണ്. ഈ ദുരന്ത പരികല്പനകൾക്കെല്ലാം പിന്നിൽ അദൃശ്യമായ കൈവിരലുകൾ നീണ്ടുനിൽക്കുന്ന ഭരണകൂടത്തിന്റെ രജിതങ്ങളായ അവ അവസ്ഥയെ പരിരക്ഷിക്കുന്നവരുടെ രക്ഷാസൂത്രമാണ്. ആത്മീയതയില്ലാത്ത ശാസ്ത്രവും ആത്മീയതയില്ലാത്ത ദർശനവും മനുഷ്യവംശത്തിന്റെ വിപത്സഞ്ചാരപഥങ്ങളാണ്. അവ ക്രമീകരണങ്ങളിലൂടെ വ്യക്തിയെ യന്ത്രത്തിനും അവസ്ഥയ്ക്കും അടിയാളനാക്കിതീർക്കുന്നു. തിരിച്ചറിവിന്റേയും സൃഷ്ടിയുടേയും വിതാനങ്ങളെയാണ് വ്യക്തിയിൽ നിന്ന് യന്ത്രഭാഗങ്ങൾ എടുത്തുമാറ്റുന്നത്.

രാജ്യപരിപാലനത്തിന്റെ സാമ്പത്തിക ക്രമ സംവിധാനങ്ങൾ എന്തുമാകട്ടെ; മുതലാളിത്തമോ, കമ്മ്യൂണിസമോ, സോഷ്യലിസമോ, സങ്കര ഉടമക്രമമോ ആകട്ടെ ആത്മീയതയില്ലാത്ത യാന്ത്രികഭാരം കൊടും വിപത്തായി മനുഷ്യവംശത്തിലേക്ക് നീളുന്നു. മുതലിറക്കുന്ന വ്യക്തിയും മുതലിറക്കുന്നരാഷ്ട്രവും യാന്ത്രിക നീതിക്രമങ്ങളെയാണ് കെട്ടിപ്പടുക്കുന്നത്. അന്തപാനങ്ങളുടെ ലഭ്യതയ്ക്കപ്പുറം വ്യക്തിസത്തയുടെ ഉന്മൂലനത്തെയാണ് യന്ത്രഭരിതമനസ്സുകൾ ലക്ഷ്യമാക്കുന്നത്. ആത്മീയ അഭാവമുള്ള സോഷ്യലിസ്റ്റ് യാന്ത്രികതയും വിറങ്ങലിച്ച മുതലാളിത്ത യാന്ത്രികതയും മനുഷ്യവംശത്തിലേക്കും പരിസരബോധത്തോടെ മുന്നേറി വംശരക്ഷചെയ്യാനുള്ള ജീവിതത്വരയിലേക്കും വിഷാണുക്കളെപ്പാകുന്ന രാജ്യഭരണങ്ങൾ മാറ്റം വെയ്ക്കുമ്പോഴും യന്ത്രനീതികളുടെ കനപ്പുകളെയാണ് വ്യക്തികൾ ചുമക്കുന്നത് കനപ്പെടുപ്പിന്റെ ദുരുതപാടിൽ നിന്ന് ലാഘവത്തിന്റെ സുഖാനുഭൂതിയിലേക്ക് ഇനി ഒരിക്കലും മനുഷ്യവംശത്തിന് തിരിച്ചുനട്കാനാകില്ല. എങ്കിലും ദയാവായ്പിന്റെ നിലപാടുകളേയും മുൻ സൂചകങ്ങളേയും രക്ഷാബോധത്തോടെ നാം ഉൾക്കൊള്ളണം. കാരുണ്യസ്പർശമുള്ള അവർ വംശത്തിന്റെ ഉൾവിളികളെ തിരിച്ചറിയുമ്പോൾ പ്രകൃതിനിശ്ചയങ്ങളെ വെളിപ്പെടുത്തുകയാണ്.

മനുഷ്യൻ യാന്ത്രികനോ ചിന്താശൂന്യനോ അല്ല. സൃഷ്ടിയുടെ വിതാനങ്ങളുള്ള പ്രകൃതിയിലെ അദ്ഭുത ജീവിയാണ്. ഭൂപരിധിയെ തിരിച്ചറിയുന്ന അവൻ പ്രകൃതിക്കു വിധേയനായി ഇടപഴകുമ്പോഴാണ് സർഗ്ഗാത്മകതയുടെ ജ്വലന മുഖം ഉണരുക. യന്ത്രഭരിത മനസ്സുകൾ പ്രകൃതിനിശ്ചയങ്ങൾക്കപ്പുറത്തേക്ക് മനുഷ്യനെ വ്യർത്ഥമായി ഉയർത്തുന്ന ഭൂമിക്കു മുകളിൽ അധീശത്വം സ്ഥിപിക്കുന്ന അവന്റെ പാഴ്ശ്രമങ്ങൾ ഇരുമ്പുവാർപ്പുകളുടെ അടിയാളനാക്കി മനുഷ്യനെ അധഃപതിപ്പിക്കുന്നു. രുധിരഭാവനകളിൽ നിന്നാണ് കീഴടക്കലിന്റെ വാസന ഉദയം ചെയ്തത്. അത് ഗ്രാമ്യപരിധിവിട്ട് വളർന്നപ്പോൾ ഭൂമിയെ മുഴുക്കെ അടക്കിപ്പിടിക്കലായി മറ്റു ജീവജാലങ്ങളുടെ വംശാവലികളിലേക്കു വരെ നീണ്ടു. മനുഷ്യന്റെ അധീശത്വം യന്ത്രികഭാരമാകുമ്പോൾ അവൻ രക്ഷയില്ലാകയങ്ങളിലേക്ക് ഇറങ്ങുന്ന പ്രകൃതിയുടെ വിധിനിശ്ചയങ്ങളുടെ അവകാശി പ്രകൃതിതന്നെയാണ്. പടലുകൾക്കും കൈയേറ്റങ്ങൾക്കും അടിപ്പെടാതെ പ്രകൃതി ഒരിക്കൽ ചെയ്ത ദോഷങ്ങളെ എണ്ണിപ്പെറുക്കും. പാരമ്പര്യത്തിന്റെ തുണക്കൂട്ടുകളാണ് ജീവജാലങ്ങളുടെ നിലനിൽപു ശാസ്ത്രം. ഈ നിലനിൽപ്പുശാസ്ത്രത്തിന്റെ എല്ലാം പിന്നിൽ ആത്മീയമായ ദാർശനികപ്രഭവമുണ്ട്. അവിടെ ഒന്നിനൊന്ന് മേൽക്കോയ്മ വാഴ്ച നടത്തുന്നില്ല. എല്ലാം പ്രകൃതി നിശ്ചയംപോലെ വീതംവെച്ച് പാലിക്കപ്പെടുന്നു. ആത്മപ്രഭാവമില്ലാത്ത യാന്ത്രികഭാരങ്ങൾ അധികാരവാഴ്ച നടത്തുമ്പോൾ വ്യക്തിസത്തയും മനുഷ്യസത്തയും മാത്രമല്ല നശിക്കുന്നത്. ജീവജാലങ്ങളുടെ മൊത്തം അവസ്ഥയെ അത് കൈയ്യേറുന്നു. പ്രകൃതിക്കു മുകളിൽ മറ്റൊന്നില്ല. കാലം പോലും പ്രകൃതിയുടെ ഋതുപരിണാമമാണ്.

●

India's No - 1
AKSHAYA WATER PROOFING



29/851, Kottoli, Mavoor Road,
Kozhikode - 673016
*Mob : P.P. Pradeep - 9447312616, 9037940457*



അനഘ കിണർ വർക്സ്

മാത്തറ, പൊക്കുന്ന് പി.ഒ. കോഴിക്കോട് (ഖാദി രജിസ്ട്രേഷൻ)
ഫോൺ : പ്രസന്ന കുമാർ - 9895059457
വിജിത്ത് - 8129358510, 9349626616

കിണർ, വാട്ടർടാങ്ക്, സെപ്റ്റി ടേങ്ക്, റെഡിമെയ്ഡ്മതിൽ, സ്ലാബുകൾ, etc...
Branch : പാലക്കാട് കൊല്ലങ്കോട്, H.O. മാത്തറ, പി.ഒ. പൊക്കുന്നു.
NB: വലിപ്പം കൂടിയ കിണറുകളും നിർമ്മിച്ചുകൊടുക്കുന്നു.

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്

ടി.പി. ടീ സ്റ്റാൾ

കുറ്റിയിൽതാഴം,
കോഴിക്കോട്
മനോജ് 9847915793

GLAMOUR
GREEN MARKETING

*Naluparambil Complex*
*Mankave, Calicut - 7*

*Pants, Geans, Shirt, T-Shirts etc....*

എല്ലാവിധ ആയുർവേദ മരുന്നുകൾക്കും
തറിമരുന്നുകൾക്കും സമീപിക്കുക.

ജെ.പി. ആയുർവേദിക്

*മാങ്കാവ് - 7*
*ഫോൺ: 9847556827*

ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ
വർക്ക്ഷോപ്പ്

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

പരിശുദ്ധമായ
ഉഴുന്നുമാവിൽ
തയ്യാർ ചെയ്ത ശാസ്താപപ്പടം

(കുടിൽവ്യവസായം)
കാവിൽതാഴം, കോഴിക്കോട്

ഫോൺ :
മോഹനൻ - 9895214370

Highness Cool Refrigeration & Air Conditions

NEAR POST OFFICE, MANKAVE, CALICUT - 7
*(Service for Airconditioner, Refrigerator, Washing Machine, Spray Painting,etc.)*
*Mob: 9349810003*

MANAMKULAM
ENTERPRISES

Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130
ANCHOR PLYWOOD
Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS
17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

Universal College

MANKAVE, CALICUT - 7
*Classer for: Spoken English, Computer & Accountancy*
Contact No: 9387524341, 9895647906

SREELAKSHMI ENTERPRISES

MANKAVE, CALICUT
Ph: 9847005566, 9847140046
Dealers of: Jhonson & Jhonson

വിചാരം

# ഞാനും എന്റെ അമ്മയും



സബിതാകോടി, കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ അംഗം
നല്ലളം വാർഡ്

ഞാൻ പോയകാലത്തെ സുസ്മരണകളെ താലോലിച്ച് ഓമനിക്കുന്ന കാലാധിഷ്ടിതമായ എന്റെ വിചാരങ്ങളിൽ, പിച്ചവെച്ചു നടന്ന എന്റെ വീട്ടുമുറ്റത്തു നിന്നുതന്നെ തുടങ്ങട്ടെ. അക്കാലങ്ങളിൽ എന്റെ അമ്മ നട്ടുപിടിപ്പിച്ച മുല്ലയും, പിച്ചകവും ലില്ലിപ്പൂവും മന്ദാരവും നിറഞ്ഞു നിൽക്കുന്ന എന്റെ വീട്ടുമുറ്റം. ആകാശത്ത് നിറഞ്ഞ് നിൽക്കുന്ന നക്ഷത്രം പോലെയാണ് സന്ധ്യകഴിഞ്ഞാൽ പിച്ചകവള്ളിയിൽ പൂക്കൾ വിരിഞ്ഞുനിൽക്കുന്നത്. മുല്ലപ്പൂവിന്റെയും, പിച്ചകപ്പൂവിന്റെയും, ലില്ലിപ്പൂവിന്റെയും സുഗന്ധം നിറഞ്ഞു നിൽക്കുന്ന ആ സന്ധ്യാ സമയം അത് എനിക്ക് വളരെ പ്രിയപ്പെട്ടതായിരുന്നു. പിന്നെ ഞാൻ കളിച്ചു വളർന്ന അമ്പലപ്പറമ്പ് ആ അമ്പലപ്പറമ്പിനെപറ്റി പറയുകയാണെങ്കിൽ ഒരു ഭാഗം മുഴുവനും ചെറിയ കറുകപുല്ലായിരുന്നു. മറുഭാഗത്ത് അപ്പയും മുക്കുറ്റിപൂവും, പനച്ചോത്തും. തൊട്ടടുത്ത് കാഞ്ഞിരവള്ളിയുടെ ഒരു കൂട്ടം തന്നെയുണ്ട്. ആ കാഞ്ഞിരവള്ളിയിൽ മഞ്ഞനിറത്തിലുള്ള ചെറിയ ചെറിയ കുലകുല പൂക്കൾ വിരിഞ്ഞു നിൽക്കും. എന്റെ വീടിന്റെ പിൻഭാഗത്ത് ഒരു വലിയ മുളങ്കാട് ഉണ്ട്. പുലർച്ചയ്ക്ക് നിറയെ കിളികൾ കരയുന്നതും കുയിലുകൾ പാടുന്നതും കേൾക്കാൻ നല്ലരസമാണ്. കൂടാതെ വീടിന്റെ തൊട്ടടുത്ത് ഒരു കുളമുണ്ട്. ആ കുളത്തിനരികിലായ് ഒരു വലിയ കൊന്നമരവും. അതിൽ നിറയെ കൊന്ന പൂക്കാറുണ്ട്. ആ കൊന്ന മരത്തിനുടുത്ത് കമ്പിപ്പാലയുടെ മറ്റൊരു മരം. കൊന്നപ്പൂക്കളും കമ്പിപ്പാലയുടെ പൂക്കളും കുളത്തിലെ വെള്ളത്തിൽ വീണ് പൊങ്ങിക്കിടക്കുന്നത് കാണാം. അതെല്ലാം എന്റെ കണ്ണിന് കൗതുകരം തന്നെ, അത് കൂടാതെ എന്റെ വീടിരിക്കുന്ന പറമ്പിനുതൊട്ടുതാഴെ അങ്ങ് ദൂരെ വരെ വളരെ വിശാലമായി പരന്ന് കിടക്കുന്ന വയലാണ്. എന്റെ അമ്മയടക്കം പത്ത് പതിനഞ്ച് പേരോളം പണിയെടുക്കുന്ന ആ വയലിൽ ഞാറ് നടുന്ന കാലമായാലും കൊയ്തുകാലമായാലും നല്ല രസമുള്ള കാഴ്ചകളായിരിക്കും കാണുന്നത്. ഏറ്റവും രസം കന്നുപൂട്ടുമ്പോഴാണ്. അപ്പോൾ വയൽ നിറയെ ചെമ്മീനായിരിക്കും. ഈ ചെമ്മീനിനെ പിടിക്കാൻ ഒരു ഉത്സവത്തിനുള്ള ആളുകൾ ഉണ്ടാകും. കുട്ടികളും മുതിർന്നവരും. ശരിക്കും പറഞ്ഞാൽ വയലിൽ ഒരു ആഘോഷത്തിന്റെ പ്രതീതിയാണ്. ഇതെല്ലാം കണ്ട്കൊണ്ട് ഒരു കുഞ്ഞു ഉടുപ്പിട്ട് ഞാൻ എന്റെ വീട്ടുപടിക്കലിരുന്നു കൊണ്ട് വയലിലേക്ക് നോക്കിനിൽക്കും. അപ്പോൾ കേൾക്കും ഞാറുനടുന്ന സഹപ്രവർത്തകർക്ക് ഏറ്റു ചൊല്ലാൻ പാടിക്കൊടുക്കുന്ന എന്റെ അമ്മയുടെ നാടൻപാട്ട്. അമ്മ പാടുമ്പോൾ കൂടെയുള്ളവർ ഈണത്തിൽ ഏറ്റുപ്പാടും. ഞാൻ എന്റെ അമ്മയോട് ചോദിച്ചിട്ടുണ്ട് എന്തിനാണമ്മേ ഞാറ് നടുമ്പോൾ പാട്ടുപാടുന്നത് എന്ന്. എന്റെ അമ്മപറയും – "മോളെ അത് വെയിലിന്റെ ചൂട് അറിയാതിരിയ്ക്കാനാണ് എന്ന"; ആ ഞാറ് വളർന്നാൽ നല്ലപച്ചനിറമാകുമ്പോൾ വീട്ട് പടിക്കലിരുന്ന് വയലിലേക്ക് നോക്കിനിൽക്കാൻ നല്ലരസമാണ്.




ആ സമയത്ത് വീശിയടിക്കുന്ന കാറ്റ് ഞാറിന്റെ തലപ്പിൽ തട്ടി തിരമാലകൾ ഉയർന്നും താഴ്ന്നും വരുന്നതുപോലെ നെല്ലിന്റെ ഓലകൾ അങ്ങേയറ്റം മുതൽ ഓളംതള്ളി വന്ന് എന്റെ വീട്ട് പടിക്കലെത്തുന്നു. ആ കാറ്റ് അവസാനിക്കുന്നത് വരെ ആ നെല്ലിൽ തലപ്പ് തിരമാലകളെപ്പോലെ ഉയർന്നും താഴ്ന്നും വന്നു കൊണ്ടേയിരിക്കും. ഈയൊരു കാഴ്ച കണ്ണിന് വളരെ അനന്ദകരവും മനസ്സിന് നല്ല കുളിർമയും നൽകും.

പിന്നെ മകരക്കൊയ്ത്തിന്റെ കാലമായി മകരമാസത്തിലെ കാറ്റ് അത് ഒന്ന് അനുഭവിച്ചറിയുകതന്നെ വേണം. വിശാലമായ വയലിൽ നിന്ന് നിറഞ്ഞുവീശുന്ന കാറ്റ് ആ അമ്പലപ്പറമ്പിലെ ആളുകളുടെ ശരീരത്തിനും മനസ്സിനും കുളിർമയേകുന്നു എന്നത് സത്യംതന്നെ.

മകരമാസത്തിൽ അതിർവരമ്പുകളിലെല്ലാം തന്നെ സീമകൊന്ന നടാറുണ്ട്. ആ സീമകൊന്ന വരിവരിയായി പൂത്തുനിൽക്കുന്നത് കാണാൻ എന്തൊരു ഭംഗിയാണ് അതിന്നൊക്കെ. വയലിലേക്ക് നോക്കിയാൽ കാണുന്നത് നെല്ലും നിറയെ തത്തകളും കാക്കകളും പിന്നെ കണ്ണെത്താദൂരം വരെ പൂത്തുനിൽക്കുന്ന സീമക്കൊന്നയും. ഈ വരമ്പിന്റെയും അമ്പലപ്പറമ്പിന്റെയും മറ്റൊരു പ്രത്യേകത ഞങ്ങൾക്ക് ഓണക്കാലമായാൽ പൂവ് തരുന്നത് ഇവരാണ്. വയൽനിറയെ കാക്കപ്പൂവും, മഞ്ഞപ്പൂവും പിന്നെ വയലൂരി, എന്റെ വീട്ടുപറമ്പിൽ നിന്ന് തുമ്പയും മുക്കുറ്റിയും, അരിമണിപ്പൂവും ചെമ്പരത്തിയും, ആമ്പൽപ്പൂവും, ചെട്ടിപ്പൂവും, തെച്ചിപ്പൂവും അങ്ങനെയുള്ള വളരെ ലളിതമായ പൂക്കളെക്കൊണ്ടുള്ള ഒരു പൂക്കളം. മനസ്സിലെ ഓർമ്മകളിൽ പച്ചപിടിച്ചിരിക്കുന്ന ആ കാലമായിരുന്നു നല്ലത്. ആ കാലത്തെ നല്ലകാറ്റും ആ പ്രകൃതി സൗന്ദര്യവും ഒന്നും ഇനിതിരിച്ചുകിട്ടില്ല എന്നറിയാം. എന്നിരുന്നാലും വീണ്ടും ആ കുട്ടിക്കാലത്തേക്ക് തിരിച്ചു പോകാൻ എന്റെ മനസ്സ് വല്ലാതെ കൊതിക്കുന്നു. കുഞ്ഞുടുപ്പിട്ട് താടിക്ക് കയ്യും കൊടുത്ത് ആ വയലിലേക്ക് നിഷ്കളങ്കഭാവത്തോടെ നോക്കിയിരിക്കുന്ന ഞാൻ ...... വീണ്ടും ആ ഞാൻ ആ കുട്ടി ആയിരുന്നെങ്കിലെന്ന് ഒരു നിമിഷം ചിന്തിച്ചുപോകുന്നു. കഴിഞ്ഞുപോയ കുട്ടിക്കാലം ഒരിക്കലും തിരിച്ചുവരില്ല എന്ന് അറിഞ്ഞുകൊണ്ട് തന്നെ എന്റെ മനസ്സ് വെറുതേ ആഗ്രഹിച്ചുപോവുന്നു. ●

കവിത

# ചിങ്ങത്തിലെ വിരുന്നുകാരൻ



കെ. ബാലചന്ദ്രൻ മാങ്കാവ്

മലയമാമല വഴി വരുന്നൊരു
വിരുന്നുകാരൻ നീ, വിരുന്നുകാരൻ നീ.
ചിങ്ങമാസം പൊൻതിഥിയിൽ
പുണ്യഅഥിതി മാവേലി......മാവേലി........

കരിമ്പനച്ചോലയിൽ
പനയോലക്കുടയുമായ്
അഴകേറും തിരുമനസ്സേ,
വിരുന്നൊരുക്കീ ഞാൻ,
വിരുന്നൊരുക്കീ ഞാൻ.



മണിമയ മകുടമായ്
മണിഭൂഷൻ തമ്പ്രാന്റെ മധുമാസ കേരളം
മധുരത്താലാറാടി,
തിരുവോണപ്പുതുനാളിൽ
വന്നെത്തി മാവേലി
വസന്തത്തില്ലെഴുന്നെള്ളും
വാർതിങ്കൾ രാജാവേ.

മലർവാടി നിറച്ചും ഞാൻ
മണിമുല്ല വിരിച്ചല്ലോ
മതിവോളം രസിക്കട്ടെ
മാവേലിത്തിരുമേനി,

മലയാളി പെണ്ണിന്ന് മരതക കല്ലിന്റെ മണിമഞ്ജു മാലയാ-
മടിശ്ശീലേൽ തിരുകിയോ.
മലയാള മല്ലാക്ഷി
മധുമാസം മനയുന്നേ
പൊൻ ചിങ്ങത്തപ്പന്റെ-
അലിവേറാനി നാട്ടിൽ.

കവിത

# നഷ്ടം



സുരേഷ്കുമാർ കന്നൂര്

കവിതയായ് വന്നു ചിരിച്ച നീയോമനേ
എന്നു കടങ്കഥയായിത്തീർന്നു
ഓർത്തെടുക്കാനുള്ള ചിത്രങ്ങളൊക്കെയും
മഞ്ഞിയരാവിന്റെ ഓരത്തല്ലേ

പുസ്തകം നീർത്തിയ സന്ധ്യകളൊക്കെയും
മിന്നാമിനുങ്ങിന്റെ സ്വന്തമല്ലേ
കൈകോർത്ത സായന്തനത്തിന്റെയോർമ്മകൾ
ചുംബനം നൽകിപ്പിരിഞ്ഞതല്ലേ

കാലത്തെണീറ്റൊരു പക്ഷിയെ കണികണ്ട
കാലത്തിലോടിക്കളിക്കയല്ലേ.

കവിത

# മരണം



- അനിൽ ഓർക്കോലിൽ

**മരണം (അകാലത്തിൽ പൊലിഞ്ഞുപോയ ജോർസിയെന്ന സഹോദരന്റെ ഓർമ്മയ്ക്ക് മുന്നിൽ ഞാനിത് സമർപ്പിക്കുന്നു.)**

പറയാൻ മറന്നു വെച്ചു നീ പലതും
അറിയാതെ പറയാതെ നീ പോയി ദൂരെ
മറക്കാൻ കഴിയുന്നില്ല എനിക്ക്-
എൻ സോദരാ-
നിന്റെ ആ ചിരിയും കൂട്ട് പുരികവും
ലഹരി നിറഞ്ഞ പോലുള്ള നിൻ കൺകളും
വലിഞ്ഞ് മുറികിയ നിൻ മന്ദഃഹാസവും
അറിഞ്ഞില്ല നിൻ ഉറ്റ കൂട്ടുകാർപോലും
തെല്ല് സൂചനപോലും കിട്ടിയില്ലാർക്കും.
അവസാനത്തെതാകുമീ രാത്രിയെന്ന്.
അറിഞ്ഞില്ല നിൻ ഉറ്റ കൂട്ടുകാർപോലും
തെല്ല് സൂചനപോലും കിട്ടിയില്ലാർക്കും.
കാണുന്നുണ്ടോ യെൻ ജോർസി-
നിൻ കൂട്ട്കാർ നിന്നെത്ര സ്നേഹിക്കണെന്ന്
നിന്റെയീ യാത്ര ഭാഗ്യമാണോ?
അതോ നിർഭാഗ്യമാണോ?
കാപട്യം നിറഞ്ഞൊരീ ലോകത്ത് നിന്നും
യാത്ര പറഞ്ഞത് നിൻ മഹാഭാഗ്യം.
നിർഭാഗ്യമാണെന്റെ സോദരാ-
ഈ കൊച്ചു പ്രായത്തിൽ ജീവൻ പൊലിഞ്ഞത്
ഓർക്കുന്നു നിന്നെ ഞാൻ
എപ്പോഴുമെപ്പോഴും.
ഗീർവാണമായി പറയുന്നതില്ലഞാനൊന്നുമേ!
അഭ്യാസം കൂടുതൽ നേടുമ്പോഴും
വിദ്യാഭ്യാസമെത്ര നേടിയാലും
അറിയണം നമ്മൾ മനുഷ്യരെ അറിയണം
നൽകണം നമ്മൾ നമ്മളാൽ സാധ്യമാം
നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയണം
ജീവിച്ചിരിക്കുമ്പോൾ തന്നെ കഴിയണം.
ക്ഷണം നേരം കിട്ടിയ ഈ ചെറു ജീവിതം
വൃണമാക്കി മാറ്റാതെ പോകേണം നമ്മൾ
ആരറിയുന്നു ഈ കാട്ടുന്ന കോപ്രായങ്ങളൊക്കെയും
ഒരു മാത്ര പെട്ടെന്ന് നിന്ന് പോകാം
മരണം ..... മരണം എപ്പോഴും വന്നെത്തും
ക്ഷണിക്കാതെ എത്തുന്ന അഥിതിയെപ്പോലെ...

ലേഖനം

# ജന്തു ജന്യ രോഗങ്ങൾ



ഡോ. പി. ബിജുബാൽ
വെറ്റിനറി സർജ്ജൻ

എന്താണ് ജന്തുജന്യ രോഗങ്ങൾ?
മൃഗങ്ങളിൽ നിന്നും മനുഷ്യനിലേക്ക് പകരുന്ന രോഗങ്ങളെയാണ് ജന്തുജന്യ രോഗങ്ങൾ എന്നു പറയുന്നത്. ഇരുന്നൂറിലധികം ജന്തുജന്യ രോഗങ്ങൾ ഉണ്ടെന്നറിയുമ്പോഴാണ് ഇതിന്റെ പ്രാധാന്യം മനസ്സിലാകുന്നത്. ഇതിൽ പലതും വളരെ മാരകങ്ങളാണുതാനും. വളർത്തു മൃഗങ്ങളുമായി പ്രത്യേകിച്ച് നായ്ക്കളും പൂച്ചകളുമായി നമ്മൾ വളരെയേറെ അടുത്തിടപഴകുന്നതിനാൽ ജന്തുജന്യ രോഗങ്ങളുടെ പ്രസക്തി വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്.

നമ്മുടെ നാട്ടിൽ കണ്ടുവരുന്ന ചില പ്രധാനപ്പെട്ട ജന്തുജന്യ രോഗങ്ങൾ ഏതൊക്കെ എന്നു നോക്കാം.

1. പേവിഷബാധ : ചരിത്രാതീത കാലം മുതൽക്കേ അറിയപ്പെടുന്നതും ചികിൽസിച്ചു ഭേദമാക്കാൻ പറ്റാത്തതുമായ ഒരു മാരകരോഗമാണ് പേവിഷബാധ. ഇത് വളർത്തുനായ്ക്കൾ, പൂച്ചകൾ, കുറുക്കൻ, അണ്ണാൻ തുടങ്ങിയ മൃഗങ്ങളിൽ നിന്നും മനുഷ്യനിലേക്ക് പകരുന്നു. വവ്വാലുകൾ പരത്തുന്ന തരം പേവിഷബാധ നമ്മുടെ നാട്ടിൽ ഇല്ല. നായ്ക്കൾക്കും പൂച്ചകൾക്കും രോഗപ്രതിരോധ കുത്തിവെപ്പ് നൽകുകയാണ് രോഗത്തെ പ്രതിരോധിക്കുവാനുള്ള മാർഗ്ഗം. കൂടാതെ കടിയേറ്റാൽ കാലതാമസം വരുത്താതെ ഉടനെ ചികിൽസ നൽകുകയും വേണം.

2. ആന്ത്രാക്സ്: ഇറാഖ്- അമേരിക്ക യുദ്ധത്തോടുകൂടി വളരെയേറെ വാർത്താപ്രാധാന്യം ലഭിച്ച ഒരു രോഗമാണ് ആന്ത്രാക്സ്. ജൈവായുധമായി ഈ രോഗാണുക്കളെ ഉപയോഗിച്ചതുകൊണ്ടാണ് ഈ രോഗത്തിന് ഇത്ര വാർത്താ പ്രാധാന്യം ലഭിച്ചത്. രോഗം ബാധിച്ച കന്നുകാലികൾ നിന്ന് നേരിട്ടോ, ആഹാരത്തിലൂടെയോ, ശ്വസനം വഴിയോ ഇത് മനുഷ്യരിലേക്ക് പകരാം. പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നതിലൂടെ കന്നുകാലികൾക്ക് ഈ രോഗം വരാതെ തടയാൻ ബാധിക്കുന്നു. 3. എലിപ്പനി : രോഗബാധയുള്ള കന്നുകാലികളുടെയും നായ്ക്കളുടെയും പന്നികളുടെയും മൂത്രത്തിലൂടെ മനുഷ്യരിലേക്ക് പകരുന്ന മാരകമായ രോഗമാണ് എലിപ്പനി. ഈ രോഗം മനുഷ്യരിൽ വൃക്കകളെ തകരാറിലാക്കുന്നു.

പരിസര ശുചീകരണമാണ് ഈ രോഗത്തെ തടയാൻ നമ്മൾ പ്രധാനമായും ചെയ്യേണ്ടത്. എലികളുടെ മൂത്രം ഈ രോഗാണുക്കളുടെ മുഖ്യ സ്രോതസ്സായതിനാൽ എലി നശീകരണം വളരെ പ്രാധാന്യം അർഹിക്കുന്നു. വളർത്തുനായ്ക്കളിൽ കുത്തിവെപ്പിലൂടെ ഈ രോഗത്തെ തടയാവുന്നതുകൊണ്ട് വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പ് നൽകേണ്ടത് അത്യാവശ്യമാണ്.

4.ക്ഷയരോഗം :കന്നുകാലികൾ, നായ്ക്കൾ, പൂച്ചകൾ, പന്നികൾ, ആടുകൾ മുതലായ വളർത്തു മൃഗങ്ങളിൽ നിന്നും നേരിട്ടോ, ശ്വസനത്തിലൂടെയോ, തിളപ്പിക്കാത്ത പാലിലൂടെയോ മനുഷ്യരിലേക്ക് പകരാവുന്ന ഒരു രോഗമാണ് ഇത്.




പരിസര ശുചീകരണത്തിലൂടെയും, ശുചിത്വത്തിലൂടെയും, പാൽ തിളപ്പിച്ചുമാത്രം കുടിക്കുന്നതിലൂടെയും ഈ രോഗത്തെ അകറ്റി നിർത്താൻ സാധിക്കും.



5. ബ്രൂസല്ല രോഗം : രോഗബാധയുള്ള കന്നുകാലികൾ, ആടുകൾ, പന്നി, നായ്ക്കൾ മുതലായവയിൽ നിന്നും നേരിട്ടോ, ആഹാരത്തിലൂടെയോ, ശ്വസനത്തിലൂടെയോ മനുഷ്യരിലേക്ക് പടരുന്നു. മനുഷ്യരിൽ ഈ രോഗം വന്ധ്യതയ്ക്ക് കാരണമാകുന്നു.

6. ടോക്സോപ്ലാസ്മോസിസ് : ടോക്സോപ്ലാസ്മ എന്ന രോഗാണു പരത്തുന്ന ഈ രോഗം എല്ലാ തരം വളർത്തുമൃഗങ്ങളിൽ നിന്നും പ്രത്യേകിച്ച് പൂച്ചകളിൽ നിന്നും മനുഷ്യരിലേക്ക് വ്യാപിക്കുന്നു. പൂച്ചയുടെ കാഷ്ഠത്തിലൂടെയും ശരിയായ രീതിയിൽ വേവിക്കാത്ത മാംസത്തിലൂടെയും ഈ രോഗാണുക്കൾ മനുഷ്യരിലെത്തുന്നു.

പരിസര ശുചീകരണത്തിലൂടെയും മാംസാഹാരങ്ങൾ ശരിയായ രീതിയിൽ പാകം ചെയ്ത് ഭക്ഷിക്കുന്നതിലൂടെയും ഈ രോഗബാധയെ നിയന്ത്രിച്ചു. നിർത്താം.

7.വിരബാധ : നായ്ക്കളിൽ നിന്നും പൂച്ചകളിൽ നിന്നും പകരുന്ന ഉരുണ്ട വിരബാധ, കൂടുതലായും ഇവയുമായി കളിക്കുകയും കൂടുതൽ ഇടപഴകുകയും ചെയ്യുന്ന കുട്ടികളിൽ കണ്ടുവരുന്നു.

നായ്ക്കൾക്കും പൂച്ചകൾക്കും കൃത്യമായ ഇടവേളകളിൽ വിരമരുന്നു നൽകുകയും, പരിസരം വൃത്തിയായി സൂക്ഷിക്കുകയും, ആഹാരം കഴിക്കുന്നതിന് മുൻപ് കൈകൾ വൃത്തിയായി കഴുകുകയും ചെയ്താൽ ഈ രോഗത്തെ ചെറുക്കാം.

മറ്റൊന്ന് കന്നുകാലികളിൽ നിന്നും പന്നികളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന നാട വിരബാധയാണ്. ഇറച്ചി ഭക്ഷിക്കുന്നതിലൂടെയാണ് ഇത് പകരുന്നത്.

ഇറച്ചി ശരിയായി വേവിച്ചു കഴിച്ചാൽ ഈ രോഗത്തെ തടഞ്ഞു നിർത്താവുന്നതാണ്.

8. ഭക്ഷ്യ വിഷബാധ : ബോട്ടുലിനം, ക്ലൊസ്ട്രീ ഡിയം, സ്റ്റഫൈലോകോക്കസ്, സാൽമൊണല്ല തുടങ്ങിയ രോഗാണുക്കൾ പരത്തുന്ന ഭക്ഷ്യവിഷബാധ, ഈ രോഗാണുക്കളാൽ മലിനമാക്കപ്പെട്ട മാംസാഹാരത്തിലൂടെ മനുഷ്യരിലേക്ക് എത്തുന്നു.

വൃത്തിയിലും വെടുപ്പിലും ആഹാരം പാകം ചെയ്ത് കഴിച്ചാൽ ഭക്ഷ്യവിഷബാധ ഉണ്ടാവില്ല.

വളർത്തുമൃഗങ്ങളുമായി ഇടപഴകുമ്പോൾ അൽപം മുൻകരുതലുകൾ എടുക്കുകയും അവയ്ക്കു വേണ്ട പ്രതിരോധ കുത്തിവെപ്പുകളും വിര മരുന്നും നൽകുകയും ശുചിത്വം പാലിക്കുകയും ചെയ്താൽ പൂർണ്ണമായും ഒഴിവാക്കുന്നതാണ് ജന്തുജന്യ രോഗങ്ങൾ.

# സദാനന്ദ തൃഷ്ണഹാരി
(ദാഹശമിനി)
പതിമുഖം, ചന്ദനം, രാമച്ചം, നന്നാറി എന്നീ ചേരുവകൾ അടങ്ങിയ "തൃഷ്ണഹാരി ദാഹശമനി" ദാഹവും ക്ഷീണവും അകറ്റി ശരീരത്തിനു കുളിർമയും, രക്തശുദ്ധിയും നൽകുന്നു
*സദാനന്ദ ഹെർബൽസ്, മാങ്കാവ്, കോഴിക്കോട് - 7*

ഓം നമഃശിവായ
ദിനേശ് - Mob : 9946309061
# നീലഗിരി പൂജാസ്റ്റോർ
തളിറോഡ് കോഴിക്കോട് - 2
ഫോൺ : 0495 2702176
എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

# SURPRISE AQUARIUM
കണക്കശ്ശേരി ബിൽഡിംഗ്,
മിനി ബൈപ്പാസ് റോഡ്, മാങ്കാവ് - 673007
നിങ്ങളുടെ സൗകര്യാർത്ഥം അക്വേറിയം വീടുകളിൽ വന്ന് സർവ്വീസ് ചെയ്യുകയും നിർമ്മിച്ചു നൽകുകയും ചെയ്യുന്നു.
മുജീബ്: 9544558822, 9744615436

# വിനായക
വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ
ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ : പപ്പൻ - 9400741434

തിരൂർ
പൊന്ന്
പകുതി
വിലക്ക്
# പ്രിയ ഗോൾഡ്
ഒളവണ്ണ
ഒളവണ്ണ, നാഗത്തുംപാടം
ഗ്യാരണ്ടി, ഫാൻസി, വെള്ളി
ആഭരണങ്ങൾ

PH: 0495 2435627
Mob: 9995475509

# AIWA TAILORING
(GENTS)
*Sreevalayanad,*
*Kozhikode - 673007*
*Ph: Baiju : 9037164023*

# DHANALAKSHMI
# Jwellery
P.V.S. Shopping Complex,Cheriya Mankave - 7
Phone : 2331737, Resi : 2324410
Mob: M.C. Vinod Kumar - 9847070204

# ശ്രീവിനായക
## ഇലക്ട്രിക്കൽസ്
D-No. 18/577, തളി, കോഴിക്കോട് - 673 002
ക്ലാസ് ബി, ഇലക്ട്രിക്കൽ കോൺട്രാക്ടർ

ഇലക്ട്രിക് സംബന്ധമായ എല്ലാവിധ പ്രവൃത്തികളും ഏറ്റെടുത്തു നടത്തുന്ന കോഴിക്കോട്ടെ ഗവൺമെന്റ് അംഗീകൃത ലൈസൻസുള്ള സ്ഥാപനം.
Ph: 0495 2701228, 9846386990

# തൃപ്തി ഹോട്ടൽ


വിഭവപ്രദമായ നാടൻ ഉച്ചഭക്ഷണം
ഞങ്ങളുടെ പ്രത്യേകത
ദേവഗിരി ബിൽഡിംഗ്
മെഡിക്കൽകോളേജ്
Mob: 9388733511, 8590002020
സൗജന്യ കഞ്ഞി വിതരണം ദിവസവും
വൈകുന്നേരം 6 മണി മുതൽ

( പേജ് 13 തുടർച്ച)

# സന്ദർശനം

ഒരു ചെകുത്താനും അറിയില്ല. അറിയിക്കണമെന്നുദ്ദേശിച്ചിട്ടില്ല.

ഇപ്പോൾ എങ്ങോട്ടാണ്....... കുറുപ്പു തെരക്കി,

വരീൻ കുട്ടികളെ ! ഞാൻ ഇവിടെ അടുത്താണുതാമസം. അമ്മിണിയും എന്റെ കൂടെയുണ്ട്.

ആ വിവരവും ഞങ്ങൾക്ക് പുതുതായുരുന്നു. എത്രകാലമായി അമ്മിണിചേട്ടത്തിയെ കണ്ടിട്ട്. അവർക്കു കുട്ടികളില്ലെ ?

ഡാംസൈറ്റിൽ നിന്നും വളഞ്ഞു തിരിഞ്ഞു പോകുന്ന പാതയിലൂടെ ഞങ്ങൾ നടന്നു. മനസ്സിൽ അവ്യക്തമായി വിവരിക്കാനാവാത്ത വിഷാദം പരക്കുന്നതു പോലെ ചുറ്റും ഇരുട്ട് ഊറി കൂടികൊണ്ടിരുന്നു. മരങ്ങളുടെ നിഴലുകൾക്കിടയിലൊളിച്ച നാട്ടുവെളിച്ചത്തെ ഇരുട്ടു നക്കിത്തിന്നു കൊണ്ടിരുന്നു,

കുമാരേട്ടൻ എന്തിനീ ജോലി തെരഞ്ഞുത്തു. മറ്റെന്തെല്ലാം വഴികൾ തുറന്നുകിടക്കുന്നു. എത്രമാത്രം കഴിവുള്ള വ്യക്തിയാണ്. മുന്നിൽ അദ്ദേഹം കുറുപ്പുമായി അണക്കെട്ടു ജോലിയെപ്പറ്റി സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ ഞാൻ എന്റെ ഉള്ളിലുയർന്ന പല ചോദ്യങ്ങൾക്കും സ്വയം ഉത്തരം തേടുകയായിരുന്നു.

വല്ലാതെ ക്ഷീണിച്ചിട്ടുണ്ട്. പെട്ടെന്ന് തിരിച്ചറിയാൻ കഴിയാത്ത വിധം, തലമുടി കഷണ്ടിക്കു വഴിപ്പെട്ടിരിക്കുന്നു. എങ്കിലും ആ കണ്ണുകളിലെ പഴയ തിളക്കവും ശബ്ദത്തിന്റെ ഗൗരവവും ഒട്ടും നഷ്ടപ്പെട്ടിട്ടില്ല.

കൂലിക്കാരുടേതെന്ന് തോന്നിക്കുന്ന കൂരകൾ ആ മലഞ്ചെരുവിൽ കൂണുമുളച്ചതുപോലെ ചിതറിക്കിടക്കുന്നത് അലിഞ്ഞുതീരുന്ന നാട്ടുവെളിച്ചത്തിൽ കാണാം. കേറിയും ഇറങ്ങിയും ഞങ്ങൾ അദ്ദേഹത്തെ പിൻതുടർന്നു. ചെളിയും വൃത്തികേടുകളും നിറഞ്ഞ വഴികൾ. കറുത്തിരുണ്ട മനുഷ്യകോലങ്ങൾ, അവസാനം, തൊട്ടുതൊട്ടിരുന്നു, സ്വകാര്യം പറയുന്ന മട്ടിൽകിടക്കുന്ന കൂരകളിലൊന്നിൽ തലതാഴ്ത്തിക്കൊണ്ടദ്ദേഹം കയറി. ഞങ്ങളും ആ ക്രിയ അനുഗമിച്ചു. ഉമ്മറത്തു ഉറക്കം തൂങ്ങിയ മട്ടിൽ ഒരു റാന്തൽ കത്തുന്നു. ഇവിടെയാണ് താമസം. നിങ്ങൾക്ക് ഇത്തരം സ്ഥലത്തു വരുമ്പോൾ ഓക്കാനം വരും. പക്ഷേ എനിക്കിതു പരിചിതമായി. ഇതിൽ കൂടുതലൊന്നും വൃത്തിയാക്കിവെക്കാൻ ഇവിടെ പറ്റില്ല.

മങ്ങിയ വെളിച്ചത്തിൽ തൊട്ടടുത്ത ചാളകളിൽ നിന്നും ഞങ്ങളുടെ വെളുത്ത ഷർട്ടും മുണ്ടും കണ്ട് ചിലർ പാളിനോക്കി.

“അമ്മിണീ’!

കുമാരേട്ടൻ അകത്തേക്കുവിളിച്ചു.

ഒരു തമിഴത്തിയുടെ മട്ടിൽ കടും ചുകപ്പു സാരി ചുറ്റിയ സ്ത്രീ രൂപം വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ പകച്ചു നോക്കി.

അമ്മിണിയേടത്തിയാണോ, ഇത്.

അമ്മിണിയേടത്തി ഞങ്ങളെ അറിയ്യോ?

ആദ്യം അവർക്കൊരു തപ്പലുണ്ടായി. എങ്കിലും പിന്നീട് വേഗം തിരിച്ചറിഞ്ഞു. ആ കണ്ണുകളിലെ നിഷ്കളങ്കമായ പ്രകാശം എന്നെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്തു. പാവം! അവരെന്തെല്ലാം അനുഭവിക്കുന്നു.

ക്ഷണനേരംകൊണ്ട് ഞങ്ങൾക്ക് കട്ടൻ കാപ്പികിട്ടി. കാപ്പികുടിക്കുന്നതിനിടയിലും ഞാൻ ചെവിയോർക്കുകയായിരുന്നു. കുട്ടികളുടെ ശബ്ദങ്ങളൊന്നും കേൾക്കാനില്ലല്ലോ. കുട്ടികൾ ഇല്ലായിരിക്കുമോ?

വീട് വളരെ പ്രാകൃതമാണ്. സൗകര്യങ്ങൾ നന്നേ കഷ്ടിയും. രണ്ടാളുകൾ വന്നാൽ ഇരിക്കാൻപോലും സ്ഥലമില്ല. അതിനേക്കാൾ പ്രയാസം തൊട്ടടുത്ത കൂരകളിലെ വഴ വഴാ സംസാരവും. പുകയും ബഹളവുമാണ്.

എനിക്കു മതിയായി കുമാരേട്ടാ.... മതിയായി. നിങ്ങൾ വല്ലാത്തൊരു മനുഷ്യൻ തന്നെ..... എനിക്കാരംഗം വല്ലാതെ ഉള്ളിൽത്തട്ടിയിരുന്നു.

എടാ... ഈ ഭൂലോകത്തിലെ ഒരു ശക്തിക്കും എന്നെ തോൽപ്പിക്കാനാവില്ല. ഇതല്ല, ഇതിലപ്പുറവും താഴാനും ഇവന്നറിയാം. പരീക്ഷിച്ചോളൂ!

എന്നാലും, ഇത് കുറെ ഭയങ്കരമായിപ്പോയി..... കുറുപ്പാണ് പറഞ്ഞത്.

ഒരു ഭയങ്കരതയുമില്ല. തികച്ചും സാധാരണം. നീ ഞരമ്പുരോഗിയായതുകൊണ്ടു തോന്നുന്നതാ... ഞരമ്പുദീനക്കാർ ഈ നാട്ടിൽ പെരുത്തുപോയി. രക്ഷയില്ല. ജീവിതത്തെ ചങ്കൂറ്റത്തോടെ നേരിടാനുള്ള കരുത്തില്ലെ. ആ കരുത്താണ് ചോർന്നുപോയത്. അതാണ് നമുക്കു പറ്റിയ ഒന്നാമത്തെ വീഴ്ച.

സംസാരിക്കാൻ തുടങ്ങിയാൽ കുമാരേട്ടന് ആവേശം വരും. ഇടയ്ക്കിടക്ക് ഒരു ചുമയുണ്ട്. ആട്ടെ നിന്റെ കയ്യിൽ വലിക്കാൻ വല്ലതുമുണ്ടോ?

ഞാൻ വേഗം സിഗരറ്റ് പാക്കറ്റ് നീട്ടി. മത്തായിക്ക് സ്കോട്ടലണ്ടുകാരൻ സായ്പ് സമ്മാനിച്ച നല്ലതരം സിഗരറ്റായിരുന്നു അത്.

ഇതു വല്യവന്മാരുടെ സാധനമാണല്ലോടാ...
“മത്തായി തന്നതാണ്”.

മത്തായി പെണ്ണുകെട്ടി, എസ്റ്റേറ്റു മുതലാളിയായപ്പോൾ പഴയ ആദർശമെല്ലാം പറപറന്നു. അവനൊന്നും ഇപ്പോൾ എന്നെ കണ്ടാലറിയില്ല. പണം കയ്യിലായാൽ പിന്നെ എന്താദർശം, എന്താത്മാർത്ഥത അല്ലെ. അങ്ങിനെയുമുണ്ട് ചില ഏദ്യാന്മാർ. വല്ലതും നുണക്കാൻ കിട്ടിയാൽ അവനവനെപ്പോലും മറക്കുന്ന അൽപന്മാർ!!

അത്രയും പറയുന്നതിനിടക്കു കുമാരേട്ടൻ ഏഴെട്ടു പ്രാവശ്യം ചുമച്ചു. അമ്മിണിയേട്ടത്തി പുറത്തുവന്ന്, പെട്ടെന്ന് അദ്ദേഹത്തിന്റെ കയ്യിൽ നിന്നും ആ സിഗരറ്റ് തട്ടിത്തെറിപ്പിച്ചു. ഞങ്ങൾ മിഴിച്ചിരുന്നു.

അവർ ഗദ്ഗതത്തോടെ പറഞ്ഞു.

എത്രയാ പറയ്വാ. പറഞ്ഞാൽ കേൾക്കില്ല. ചുമച്ചു ചുമച്ചു രാത്രി ഉറങ്ങാറില്ല.

സത്യം പറയ്യൂ കുമാരേട്ടാ എന്താ ഇങ്ങിനെയൊരു ചുമ!

അതുകേട്ടപ്പോൾ അദ്ദേഹം കുലുങ്ങിക്കുലുങ്ങിച്ചിരിച്ചു. ഒരൊന്നാന്തരം ഫലിതം കേട്ടമട്ടിൽ,

മക്കളേ! ഇതുവളരെ മാന്യമായ ഒരു സൂക്കേടാണ്. കലാകാരന്മാർക്കും രാഷ്ട്രീയ നേതാക്കൾക്കും, ആദർശ പ്രേമികൾക്കും എല്ലാം പിടിപെടുന്ന ഗസറ്റഡ് റാങ്കിലുള്ള അസുഖം പേരു കേട്ടാൽ ഞെട്ടരുത്. ക്ഷയമാണ്.

ഞങ്ങൾ ഞെട്ടുകതന്നെ ചെയ്തു.

എന്നാൽ ഉടനടി ആരെങ്കിലും കാണിക്കണം. ക്ഷയമല്ല, അവന്റെ അപ്പൂപ്പനെപ്പോലും ഇപ്പോൾ ചികിത്സിച്ചു ഭേദപ്പെടുത്താമെന്നായിട്ടുണ്ട്. കുറുപ്പ് ഉടനെ പറഞ്ഞു.

പോടോ! ജീവിക്കാൻ നിവൃത്തിയില്ല. പിന്നെയല്ലെ ചികിത്സ. ഒരിക്കൽ ഒരു വിദ്വാനെ കാണിച്ചു. അവൻ പറഞ്ഞു കോഴിമുട്ടയും പാലും നേന്ത്രപ്പഴവും കഴിക്കാൻ. നാളെ മുതൽ അതു കഴിച്ചു തുടങ്ങാമെന്നു പറഞ്ഞു ഞാൻ പോന്നു. പട്ടിണിയാണെന്നു പറഞ്ഞാൽ പാൽപ്പായസം കഴിക്കാൻ ഉപദേശിക്കുന്നവരാണ് നമ്മുടെ ഡോക്ടർമാർ. ഈ വക സാധനങ്ങൾ കഴിക്കാൻ ഗതിയുണ്ടെങ്കിൽ ഇത്തരത്തിലുള്ള സുഖക്കേട് വരില്ലെന്ന് നമുക്കറിഞ്ഞുകൂടെ..... എന്താ.....

ഞാൻ ഒന്നും മിണ്ടാതെ അദ്ദേഹത്തെ നോക്കിക്കൊണ്ടിരുന്നു.

ഞാൻ എല്ലാറ്റിനോടും വിടവാങ്ങി. ഒന്നാമതായി പൊതുപ്രവർത്തനത്തോട്. നമ്മുടെ നാട്ടിൽ ഇന്നതൊരു വ്യവസായമായിരിക്കുകയാണ്. ലാഭമുള്ള വ്യവസായം! എനിക്കൊക്കെ അറിയുന്ന പൊതുപ്രവർത്തനം, ജീവിതം അതിനുവേണ്ടി ഹോമിക്കുന്ന തരത്തിലുള്ളതാണ്. ആത്മാർത്ഥതയാണ് അതിന്റെ മുടക്കുമുതൽ. സ്ഥാനത്തിനും പണത്തിനും വേണ്ടി കാലുമാറുന്ന അവസരവാദികൾ പെരുത്തപ്പോൾ ഞാൻ പിന്മാറി. പണമുണ്ടല്ലോ, പണം! മേലനങ്ങാതെ കിട്ടുന്ന പണം!! അതിനുവേണ്ടിയുള്ള പരക്കം പാച്ചിലിൽ മറ്റെല്ലാം ചവിട്ടിമെതിക്കപ്പെടുന്നു..., ചതഞ്ഞരഞ്ഞു പോകുന്നു. .

അദ്ദേഹം നിരുദ്ധകണ്ഠനായി അത്രയും പറഞ്ഞപ്പോൾ ഞങ്ങൾ വാചാല ഹൃദയങ്ങളോടെ ഇരുട്ടിലേക്കു നോക്കി. ഉണ്ടോ? എന്തെങ്കിലും വെളിച്ചം കാണുന്നുണ്ടോ. ഭൂതത്താന്മാരെപ്പോലെ ഇരുട്ടിൽ മൂടിപ്പുതച്ച് ഒളിഞ്ഞിരിക്കുന്ന കുന്നുകളുടെ നെറുകയിൽ, വഴിതെറ്റി വന്നമട്ടിൽ നാലഞ്ചു നക്ഷത്രങ്ങൾ ഞങ്ങളെ തുറിച്ചു നോക്കി.

ഇപ്പോഴുള്ള ജോലിക്ക് നിത്യ കൂലിയായി നാൽപ്പതുറുപ്പിക കിട്ടുന്നുണ്ടെന്ന് കുമാരേട്ടൻ പറഞ്ഞു. കഷ്ടിച്ചു ജീവിച്ചു പോകുന്നു. നൈരാശ്യമില്ല, വെറുപ്പില്ല, പിറുപിറുപ്പില്ല. രോഗത്തിന്റെ ഗുരുതരാവസ്ഥയെക്കുറിച്ച് അമ്മിണിയേട്ടത്തിക്കല്ലാതെ കുമാരേട്ടന് ഒരു പരിഭ്രമവുമില്ല.

കുട്ടികളൊന്നുമില്ലെടോ, എന്റെ കുഴപ്പമോ, അവളുടെ കുഴപ്പമോ. അതെന്തായാലും ഞങ്ങൾ അക്കാര്യത്തിൽ ഭാഗ്യവാന്മാരാണ്. അവരെച്ചൊല്ലി ക്ലേശിക്കേണ്ടല്ലോ? അതു പറഞ്ഞു അദ്ദേഹം സ്വഭസ്സിദ്ധമായ ഒരു ചിരി പാസാക്കി. ആ ചിരിയുടെ കാതൽ ഘനീഭവിച്ച കണ്ണീരാണെന്ന് എനിക്കുതോന്നി.

ഞങ്ങളാരെങ്കിലും അൽപം സഹായിക്കാമെന്നോ മറ്റോ പറഞ്ഞാൽ അദ്ദേഹം ആട്ടും. അതു കാരണം കൊണ്ടാകാം മത്തായി ഇവിടെയുണ്ടെന്നറിഞ്ഞിട്ടും അവർ തമ്മിൽ കണ്ടുമുട്ടാത്തത്. കുമാരേട്ടൻ ആദ്യം അറിയാത്ത മട്ടുനടിച്ചത്.

നിങ്ങളെ ഇവിടെ താമസിപ്പിച്ചാൽ കൊള്ളാമെന്നുണ്ട്. പക്ഷെ മോഹം മാത്രമേയുള്ളു. താമസം മത്തായിയുടെ അടുത്തുതന്നെയാ, നല്ലത്. ഭംഗിവാക്കുകൾ കൊണ്ട് എന്താ പ്രയോജനം, അല്ലേ? അദ്ദേഹം തുടർന്നു;

"ഏതായാലും ഓർക്കാപ്പുറത്തു കണ്ടതിൽ സന്തോഷമുണ്ട്..."

വഴി കാണിച്ചുതരാൻ ചുമച്ചു ചുമച്ചു കൊണ്ട് അദ്ദേഹം കുറേ ദൂരം വന്നു. പിരിയുമ്പോൾ താക്കീതും.

മത്തായിയോട് പറയരുത്,

ഇരുട്ടിലൂടെ കുമാരേട്ടൻ നീങ്ങിപ്പോവുന്നത് ഞാനും കുറുപ്പും അൽപനേരം നോക്കിനിന്നു. അദ്ദേഹം തന്റെ ശോഷിച്ച കൈപ്പടം കൊണ്ട് എന്റെ കയ്യിൽ പിടിച്ചു കുലുക്കി പിരിഞ്ഞപ്പോൾ അറിയാതെ കണ്ണുനിറഞ്ഞു.

ഔട്ട് ഹൗസിലേക്ക് കയറിച്ചെല്ലുമ്പോഴുണ്ട് മത്തായി, മെരു നടക്കുന്ന മാതിരി വരാന്തയിലൂടെ നടക്കുന്നു. എവിടെപ്പോയിരുന്നെടോ? മനുഷ്യനെ ഇങ്ങിനെ പരിഭ്രമിപ്പിക്കരുത്. അവന്നു ദേഷ്യവും പരിഭ്രമവും വന്നിരുന്നു.

ഉം, എന്താ ഇത്ര പരിഭ്രമിക്കാൻ, ഞങ്ങളെന്താ കൊച്ചു പിള്ളേരോ മറ്റോ ആണോ?

കുറുപ്പ് ഉടനെ മറുപടി കൊടുത്തു.

ഞാൻ, മനസ്സ് കുമാരേട്ടന്റെ വീട്ടിൽ മറന്നുവെച്ച മട്ടിൽ അർത്ഥമില്ലാതെ മത്തായിയെ നോക്കി.

അന്നുരാത്രി എനിയ്ക്കു തീരെ ഉറക്കം വന്നില്ല, ഇടക്കൊന്നു മയങ്ങും. അപ്പോൾ പല ദുഃസ്വപ്നങ്ങളും കണ്ടു ഞെട്ടും. ബുൾഡോസറിന്റെ അലർച്ച, ലോറി കയറി ചതഞ്ഞരഞ്ഞ ഒരു കുട്ടി, ആർത്തനാദം മുഴക്കുന്ന ജനം. എങ്ങിനെയെല്ലാമോ നേരം വെളുപ്പിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ. വെളുപ്പാൻ കാലത്തു അൽപം തണുപ്പുണ്ടായിരുന്നു. ആ തണുപ്പിൽ ക്ഷീണംകൊണ്ടൊന്നു മയങ്ങി. അപ്പോഴേക്കും ശംഖുപുഷ്പം കണ്ണെഴുതുമ്പോൾ എന്ന മൂളിപ്പാട്ടും കട്ടൻ കാപ്പിയുമായി വന്ന് അപ്പുക്കുട്ടൻ ഉണർത്തിക്കളഞ്ഞു.

കുറുപ്പിനു ദുഃസ്പനങ്ങൾ ഒന്നും കാണേണ്ടി വന്നില്ലെങ്കിലും ഉറക്കം ശരിയായില്ലെന്നു പറഞ്ഞു. തലേന്നു വൈകുന്നേരത്തെ അനുഭവം ഒരു സ്വപ്നം പോലെ ഹൃദയത്തിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു; മായാതെ, മങ്ങിപ്പോവാതെ!

പിറ്റേന്നു ഞങ്ങൾപോന്നു. പോരാൻപ്പെട്ട പാട്! എന്തു ചെയ്താലും മത്തായി വിടുന്ന മട്ടില്ല. പക്ഷേ ഒടുവിൽ പലതക്കിടിയും തരികിടയും പറഞ്ഞു രക്ഷപ്പെട്ടു. മത്തായി തന്നെയാണ് ഞങ്ങളെ പാലക്കാട്ടുവരെ കൊണ്ടുവന്നാക്കിയത്.

നാലുദിവസത്തോളം മത്തായിയുടെ നിറഞ്ഞ ആതിഥ്യം സ്വീകരിച്ച ഞങ്ങൾക്കു അമ്മിണിയേടത്തി തന്ന കട്ടൻ കാപ്പിയുടെ രുചി അതിനെല്ലാം മീതെ തേട്ടി തേട്ടി വന്നു. കുമാരേട്ടൻ ഇപ്പോഴും ആ കൊടും വെയിലത്തും മൺകൊട്ടയുമേന്തി ചുമച്ചു ചുമച്ചു കൊണ്ട് നടക്കുന്നുണ്ടാവും. എന്നോർക്കുമ്പോൾ ഹൃദയത്തിലാരോ തേങ്ങുന്നു.

കുമാരേട്ടാ! മാപ്പു തരൂ. ഞങ്ങൾ വെറും തൊട്ടാവാടികളായിപ്പോയി. എന്തുകൊണ്ടെന്നാൽ ഞങ്ങൾക്കു കിട്ടിയ വിദ്യാഭ്യാസം അത്തരത്തിലുള്ളതാണ്. അതിന്നു ജീവിതത്തെ അഭിമുഖീകരിക്കുവാനുള്ള നെഞ്ചുറപ്പില്ല. ഈ വിദ്യാഭ്യാസം ജീവിതത്തിന്ന് പുറം തിരിഞ്ഞു നിൽക്കുന്നു, അനുഭവ ഗന്ധമില്ലാതെ. ഞങ്ങളുടെ കഷ്ടകാലം! അതിലേറെ ഈ നാടിന്റെ കഷ്ടകാലം!! ●


നിങ്ങൾ ഈ കണ്ണട വയ്ക്കാതിരുന്നാൽ കൂടുതൽ സുന്ദരനാ
ഞാൻ കണ്ണട വയ്ക്കാതെ നോക്കിയാൽ നീയും സുന്ദരിയാ!


പ്രണയം ഉണ്ടായത് എവിടെ ? അമേരിക്ക ഇന്ത്യ ചൈന
ഉത്തരം ചൈന അതായത് നോ വാറണ്ടി നോ ഗ്യാരണ്ടി


ഹൊ! ഞാൻ പേടിച്ചിരിക്കുവാരുന്നു! ഇപ്പൊ സമാധാനമായി
കള്ളപ്പണക്കാരുടെ വിവരം പുറത്ത്‌വിടില്ല. കേന്ദ്രം
—വാർത്ത—


ഫയൽസും പൈൽസും തമ്മിലുള്ള വ്യത്യാസം
ഫയൽസ് ഇരുന്നുവേണം നോക്കാൻ പൈൽസ് നോക്കി വേണം ഇരിക്കാൻ

# ZYHA
## Footwear & Fancy




*Palazhi Road*
*Pottammal, Kozhikode,*
*Mob: Shaheer - 8089699590*

---

*SANDEEP DAMODAR*
*9447425777, 9349414141*

**For Quality**
*Studio Portraits & Out Door Groups,*
*Wedding & Function Flash Photos*
*in Colour - Black & White & Other*
*Photographic Services.....*

# PHOTO SQUARE
M.C. COLLEGE CROSS ROAD, KOZHIKODE - 673011

*PHOTOGRAPHY - VIDEOGRAPHY*

---



## YES KEY ELECTRICALS & ENGINEERING WORKS

*Puthiyapalam*
*Calicut*

*K.P. Sunilkumar*
*Mob: 9847390950*
*Ph: 0495-2702073*
*Resi: 9048594525*

---

# AUTO TECH
**Work Shop for Two Wheelers**
**& Spray Painting**



Pottammal, Palazhi Road
Near Ollur Temple Bus Stop
Kozhikode - 16
Mob: 9895876895



---

# BHARGAVI
**METAL INDUSTRIALS**

കാട്ടുകുളങ്ങര, നെല്ലിക്കോട്,
കോഴിക്കോട് - 673016.

**Mob:** 9645350320, 9037435288





റോളിംഗ് ഷട്ടർ, കൊളാപ്സിബിൾ, ഗെയ്റ്റ്സ്,
മെറ്റൽഡോർസ്, ഗ്രിൽസ്, കോമ്പൗണ്ട് ഗെയ്റ്റ്സ്,
വിൻഡോസ്, റോളിംഗ് ഗ്രിൽസ്, മറ്റ് എല്ലാ
ഫാബ്രിക്കേഷൻ മെറ്റീരിയലുകൾ

---



*Roopesh Kumar*
*Mob: 9847554907*

JIJEESH BUILDING
NEAR K.S.E.B PATERI, CALICUT 16

# DUKE
DRESSES

ജീൻസ്, ടീഷർട്ട്, പാന്റ്,
ഷർട്ട്സ്, ഷോട്ട്സ്, ജുബ്ബ

STICHING & REPAIRING

# ഒരുമ റസിഡൻസ് അസോസിയേഷൻ
## കൊമ്മേരി, കോഴിക്കോട് – 7



ഒരുമ റസിഡൻസ് അസോസിയേഷൻ എസ്.എൽ.സി., സ്കൂൾ പരീക്ഷകളിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികളെ ആദരിച്ചു. അനുമോദന കുടുംബ സംഗമം 2012 ആഗസ്റ്റ് മാസം 12–ാം തിയ്യതി ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് (കോഴിക്കോട്) ശ്രീമതി കെ.പി. രമാദേവി ഉൽഘാടനം നിർവ്വഹിച്ചു. പ്രസിഡണ്ട് ശ്രീ. എം. ശ്രീധരന്റെ അധ്യക്ഷതയിൽ ചേർന്ന അനുമോദന യോഗത്തിൽ ശ്രീ. ഇളയിടത്ത് രാധാകൃഷ്ണൻ (അസിസ്റ്റന്റ് പ്രൊഫസർ മലയാളം ഗുരുവായൂരപ്പൻ കോളേജ്) ക്ലാസ്സെടുത്തു. കൗൺസിലർ കവിത അരുൺ, ശ്രീമതി അഡ്വ. എ.സി. അംബിക, ടി. ഷീജ, എൻ. രാധാകൃഷ്ണൻ (ഒരുമ ജനറൽ സെക്രട്ടറി) എന്നിവർ അനുമോദന പ്രസംഗം നടത്തി. ഒരുമ റസിഡൻസ് കുടുംബാംഗമായ നാടക കൃത്തും, സാഹിത്യകാരനും, ഗാനരചയിതാവും, നക്ഷത്രരാജ്യം മാസിക മാനേജിംഗ് എഡിറ്ററുമായ ശ്രീ. എടോളി രാധാകൃഷ്ണൻ (നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ), എ.ഡി. എം. ൽ നിന്ന് വിശിഷ്ടാംഗത്തിനുള്ള ഉപഹാരം ഏറ്റുവാങ്ങി. പ്രദേശത്തെ മുതിർന്നകലാകാരും രാഷ്ട്രീയ സാമൂഹിക പ്രവർത്തകരുമായ വി. ശ്രീധരൻനായർ, മുക്കണ്ണിയിൽ ചന്ദ്രൻ, ജയരാജൻ (മനോരമ), എം. നാരായണൻ, മുക്കണ്ണിയിൽ ഉണ്ണി, ശിവപ്രസാദ്, കെ.വിനോദ്, ഷൈജുലാൽ, (ലാൽസ്റ്റുഡിയോ), വേണുഗോപാൽ, ജയരാജൻ (കെ.എ.ഫ്.സി) പരമേശ്വരൻ യോഗത്തിൽ പങ്കെടുത്തു. വിശിഷ്ട വ്യക്തികൾക്കും മെമ്പർമാർക്കും ഒരുമ സെക്രട്ടറി ശ്രീ.ഒ.എം. അശോകൻ നന്ദി പ്രകാശിപ്പിച്ചു

**നക്ഷത്രരാജ്യം ലേഖകൻ**



## ഫലിതബിന്ദുക്കൾ





രാജേഷ് തൊണ്ടയാട്

- രണ്ടുപേർ കണ്ടുമുട്ടിയപ്പോൾ ഒന്നാമൻ രണ്ടാമനോട്: തന്റെ മകനെ പാട്ടുകാരനോ കൊട്ടുകാരനോ ആക്കണമെന്നു പറഞ്ഞിട്ട്, അവനിപ്പോൾ ക്വട്ടേഷൻ സംഘത്തിലാണെന്നോ!
  രണ്ടാമൻ: എന്തുചെയ്യാം, അവനു വെട്ടുകാരൻ ആവാനായിരുന്നു യോഗം.
- അധ്യാപകൻ വിദ്യാർത്ഥിയോട് :
  ആനന്ദനടനം ആടിയതാര്?
  വിദ്യാർത്ഥി : ആദ്യം മോണിഷയും പിന്നെ മോഹൻലാലും
- ചെറിയകുട്ടി അച്ഛനോട് :
  അച്ഛാ മുത്തച്ഛൻ മരിച്ചപ്പോൾ എന്തിനാണു മൂക്കിൽ പഞ്ഞിവച്ചത്?
  അച്ഛൻ : കുറച്ചു ശ്വാസമെങ്ങാനും ബാക്കിയുണ്ടെങ്കിൽ പുറത്തേയ്ക്ക് വരാതിരിയ്ക്കാൻ വേണ്ടിയാണ്.
- സംഗീത അധ്യാപകർ വിദ്യാർത്ഥികളോട് ഓരോ രാഗത്തിന്റെ പേരുപറയുവാൻ ആവശ്യപ്പെട്ടപ്പോൾ

| | | |
|---|---|---|
| ഒന്നാമൻ | : | ഹംസധ്വനി |
| രണ്ടാമൻ | : | ഹംസനദി |
| മൂന്നാമൻ | : | ഹംസവിനോദിനി |
| നാലാമൻ | : | ഹംസക്കോയ |

- കെട്ടിട നിർമ്മാണ പ്രവർത്തനം നടക്കുന്നതിനിടെ എഞ്ചിനീയർ കൂലിപ്പണിക്കാരനോട് : എത്രയാണു സിമന്റ് ചേർക്കേണ്ടതെന്ന് അറിയില്ലേടോ തനിക്ക്?

കൂലിപ്പണിക്കാരൻ : അതൊക്കെ അറിയുമായിരുന്നെങ്കിൽ ഞാൻ എഞ്ചിനീയറുടെ പണിക്കുപോവുമായിരുന്നു, സർ.


NATIONAL ELECTRICALS
TIN: 32110825432-C
OYITTY ROAD,
CALICUT- 1
Ph: 0495 2721107
E-mail: nationalelectricalsclt@yahoo.in
TOTAL SOLUTION FOR KITCHEN


Design World
ALUMINIUM FABRICATION
THE SIGN OF GOOD DESIGN
Neythukulangara, Calicut.
Mob: 9847001301- Sreekanth
9747754000- Vinod
9562071027- Siraj
All type Aluminium Partitions, Doors,
Windows, Kitchen Cabinet, Aluminium
Composite Panels,Glass Partitions,
Fiber Doors, False Ceiling & Steel Fabrication


HASBI TOURS & TRAVELS
HASBI
Meenchanda, Areekkad, Calicut - 27
Mob: Sahir - 9895999100
9895350141


LENSMAN VINOD ROHINI
PHOTOGRAPHY
ROHINI Fotofast
Raj building, Near KSRTC,
Mavoor Road, Calicut
Ph: (0495) 2725896, Resi: 2381190
Mob: 9847 44 58 96, 9744 95 58 96
Branch:
EAST HILL JUNCTION,
KOZHIKODE- 5. Ph: 2385369
PORTFOLIO - MODELLING -
INDUSTRIAL-


OUR Ladies PARK
THE DRESS DESIGNERS & MAKERS
Room No. 14, 1st Floor,
Moffussil Busstand Building,
Mavoor Road,
Kozhikode - 673 004
ഫോൺ: 0495 6410571
ബ്ലൗസ്, ചുരിദാർ
1 മണിക്കൂറിനുള്ളിൽ
തയ്ച്ചുകൊടുക്കുന്നു.


FRIENDS
SPRAY PAINTING WORKS
Malaparamba, Kozhikode - 673 009
Mob: 9495411642

ചെറുകഥ

# ഫാസ്റ്റ് പാസഞ്ചർ



ഇ.പി.ജ്യോതി

വൈകീട്ട് മൂന്നാകുമ്പോഴേക്കും എടുക്കും. അപ്പോഴേക്കും നമുക്കവിടെ അവിടെ എത്തണം . സുധാകരേട്ടൻ തിരക്കുകൂട്ടി.

ങ്ങള് ങ്ങനെ തെരക്കു കൂടണ്ട മൂന്ന് ന്ന് പറഞ്ഞാ കുളിപ്പിച്ച്ട്ക്കുമ്പോളേക്കും മണി നാലൊക്കെയാകും ലൈബ്രേറിയൻ ദീപാറാണി ഉടൻ മറുപടികൊടുത്തു.

പ്രമുഖസർവകലാശാലയുടെ കീഴിലുള്ള കരാർ അധ്യാപകരായ ഞാനടക്കമുള്ള മൂന്നുപേരും ലൈബ്രേറിയനും , പ്യൂണുമാണ് അവിടെയുള്ള ജീവനക്കാർ. ഓഫീസിനെ ബാധിക്കുന്ന സമയ നിയന്ത്രണം ആദ്യം വരുന്നത് കരാർ അധ്യാപകരുടെ ചുമലിലാണെങ്കിലും മറ്റുള്ള ആനുകൂല്യങ്ങളൊന്നും കൈപ്പറ്റാനുള്ള മഹാഭാഗ്യം ഞങ്ങൾക്കുണ്ടായിട്ടില്ല. കാരണം അതിനർഹതപ്പെട്ടവർ സ്ഥിരം ജീവനക്കാരാണല്ലോ. ഞങ്ങളുടെതെന്ന് പറയാൻ ഒരു തീരുമാനവുമില്ല ഏതായാലും ഇന്നത്തെ ദിവസം അതൊന്നും നോക്കീട്ട് കാര്യമില്ല. വൈകുന്നേരം അഞ്ചുമണിയാകാതെ കരാർ അധ്യാപകർ പുറത്തിറങ്ങരുതെന്ന മേലധികാരിയുടെ ഉത്തരവിനെ തൽക്കാലം ഈ ഒരു ദിവസം അനുസരിക്കേണ്ടെന്ന് ഞങ്ങൾ തീരുമാനിച്ചു. സ്ഥാപനത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടിയുടെ അച്ഛനാണ് മരിച്ചത്. മാത്രമല്ല പി.ടി.എയിലെ സജീവ സാന്നിധ്യവുമാണ് അദ്ദേഹം. ഉന്നത പദവിയിൽ നിന്ന് പിരിഞ്ഞ ആളായിരിക്കെ നിരവധി പ്രമുഖർ അവിടെ എത്തിയിട്ടുമുണ്ടാകും. കരാർ അധ്യാപകർക്ക് സ്ഥിരം ജീവനക്കാരുടെ കണ്ണിൽ യാതൊരു വിലയുമില്ലെങ്കിലും മരണ വീട്ടിൽ ഉള്ളവരുടെ കണ്ണിൽ തങ്ങൾ അധ്യാപകരാണ്. കരാറാണോ സ്ഥിരമാണോ എന്നൊന്നും അവരാരും അന്വേഷിക്കില്ലല്ലോ. എന്നതിനെക്കുറിച്ചെല്ലാം ഞങ്ങൾ പരസ്പരം സംസാരിക്കുകയുമുണ്ടായി.

അല്ല അങ്ങേരിത് ഇന്ന് മരിക്കുമെന്ന് ഉറപ്പായിരുന്നെങ്കിൽ ഞാൻ കുറച്ചുകൂടി നല്ല ഡ്രസ്സ് ഇട്ടേനേ. ഓരോ ആളുകളുടെ കാര്യം മറ്റൊരു കരാറുകാരിയുടെ പരാതി.

ഞങ്ങളെല്ലാം ചുരിദാറിലാ. അവിടെയെത്തിയാൽ ടീച്ചറേതാ കുട്ടിയേതാ എന്ന് സംശയമാകും എല്ലാവർക്കും സുധാകരേട്ടന്റെ സ്വരത്തിൽ നർമ്മം.

സ്ഥാപനത്തിലെ പ്യൂൺ ആണ് സുധാകരേട്ടൻ. സ്ഥാപനത്തിന്റെ തുടക്കം മുതൽക്കേ അവിടെയുള്ള ആളാണ് അദ്ദേഹം. പ്രത്യേകിച്ചൊരു മാനദണ്ഡത്തിനുമനുസരിച്ചല്ലാതെ പ്യൂൺ തസ്ഥികയിൽ കയറിപ്പറ്റിയ ആൾ ഇന്ന് മേലധികാരിയുടെ വിശ്വസ്ത ചാരനുമാണെന്നത് ഒളിസംസാരം. മാത്രമല്ല, പ്യൂൺ തസ്ഥികയെ കുറിച്ചും, യോഗ്യതയെക്കുറിച്ചും, ഇന്റർവ്യൂ, നിയമനം എന്നിവയെ സംബന്ധിച്ചും ദിവസം പ്രതി സമരവും മറ്റു കോലാഹലങ്ങളും നടക്കുമ്പോൾ മക്കളുടെയും, മരുമക്കളുടെയും പേരിൽ മാറിമാറി സ്ഥാപനത്തിൽ തുടർന്നു പോരുന്ന അദ്ദേഹം മേലധികാരിയുടെ വിശ്വാസ്യത നേടിയെടുത്തതിൽ എന്താണ് തെറ്റ്.

ങ്ങളെന്താ കാണിക്കുന്നത് ഇപ്പം തന്നെ മണി പന്ത്രണ്ടായി ബസ് കയറി അവിടെ എത്തുമ്പോഴേക്കും ശവോം പോവ്വല്ലോ ആടന്ന് ജനാലക്കടുത്ത് കണ്ണാടി നോക്കി ചുണ്ടത്ത് ലിപ്സ്റ്റിക്കു കൊണ്ട് കോലം വരക്കുന്ന സിസലിയെ ഒളിക്കണ്ണിട്ടുകൊണ്ടാണ് അദ്ദേഹം അതു പറഞ്ഞത്

ബസ്സിലൊക്കെയാണ് യാത്ര ചെയ്തതെന്ന് എന്റെ ഹസ്ബൻഡറിഞ്ഞാ അതു മതി. ശ്ശൊ. കാറെന്തിനാ? ബസ്സിലൊക്കെ കയറി മറ്റുള്ളവരെകൊണ്ടു പറയിപ്പിക്കാൻ എന്നു പറഞ്ഞ് ഇന്ന് മുഴുവനും വഴക്കായിരിക്കും ചെമ്പിപ്പിച്ച കോലൻ മുടികൾ കണ്ണിൽ നിന്ന തട്ടിമാറ്റിക്കൊണ്ട് സിസിലി പറഞ്ഞു.

പേരു കേട്ട സ്ഥാപനമല്ലെങ്കിലും വലിയങ്ങാടി പരിസരത്തു സ്ഥിതിചെയ്യുന്ന സ്ഥാപനത്തിലേക്ക് വിളിച്ചാൽ വിമുഖത കാണിക്കുന്ന ഓട്ടോറിക്ഷാ ഡ്രൈവർമാർ. അല്ല, തിരിച്ചു പോരുമ്പോൾ ആളെ കിട്ടില്ല എന്ന ഒരു ന്യായീകരണം അവരുടെ ഭാഗത്തുമുണ്ട്. അവിടെ നിന്നും എങ്ങോട്ടെങ്കിലും പോകണെമന്ന് കരുതിയാലോ അരമണിക്കൂറെങ്കിലും ചുരുങ്ങിയത് കാത്തുനിൽക്കണം ഓട്ടോറിക്ഷാ കിട്ടാൻ.

ഒടുവിൽ, ഓട്ടോറിക്ഷ എത്തി. ഞങ്ങളെയും കൊണ്ട് ഓട്ടോ കുതിച്ചു തുടങ്ങി. പുതിയസ്റ്റാൻഡിന്റെ ഒരു വശത്തായാണ് തൃശ്ശൂർ, എറണാകുളം ഭാഗത്തേക്കുള്ള ബസ്സുകൾ നിർത്തിയിട്ടിരിക്കുന്നത്. നിരനിരയായി നിർത്തിയിട്ടിരിക്കുന്ന ബസ്സുകൾ ഞങ്ങൾക്കാശ്വാസം നൽകി. വന്നുകൊണ്ടിരിക്കുന്ന യാത്രക്കാരെ കാണുന്നതിനനുസരിച്ച് ഭ്രും...ഭ്രും എന്ന സീൽക്കാരത്തോടെ അവയോരോന്നും മുമ്പോട്ടും പിന്നോട്ടുമായി വലിച്ചു കൊണ്ടിരിക്കുന്നു. ഓരോ വലിയും നൽകുന്ന വെപ്രാളത്തിൽ ആളുകളിൽ ചിലർ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. ഇതെത്ര കണ്ടതെന്ന ഭാവമാണ് അവിടെ നിൽക്കുന്ന ചിലരുടെ മുഖത്ത്. എന്തായാലും മുമ്പോട്ടും പിമ്പോട്ടും വലിച്ചു കൊണ്ടിരിക്കുന്ന തൃശ്ശൂർ ബസ്സിൽ കയറാനായി ഓടി ചെന്നു. ഓട്ടത്തിനിടയിൽ ഏതു ബസ്സിലാണ് കയറേണ്ടത് എന്ന് പറഞ്ഞ് സഹായിക്കാൻ പലരും വരുന്നുണ്ടായിരുന്നു. പടി കയറാൻ തുടങ്ങിയപ്പോൾ ബസ്സ് ഡ്രൈവറും, കണ്ടക്ടറും, ക്ലീനറു മടങ്ങുന്ന പാനൽ ഇന്റർവ്യൂ ചെയ്യാനെത്തി.

എവിടേക്കാ പോകേണ്ടത് ഇന്റർവ്യൂവിലെ ആദ്യത്തെ ചോദ്യം.

ചേളാരി

ഞങ്ങളുടെ ഉത്തരം കേട്ടതും ങ്ഹും എന്ന മൂളലോടെ ക്ലീനർ മുഖം തിരിച്ച് നിന്നു.

ക്ലീനറുടെ മൂളലിൽ പരിഹാസം. ഉടനെ വിരൽ ചൂണ്ടി. അടുത്ത ബസ്സിന്റെ നേരെ. വീണ്ടും കയറാനൊരുങ്ങിയപ്പോൾ കണ്ടക്ടറുടെ കൈ വിലങ്ങനെ.

ഇതിപ്പോൾപോവില്ല ചിന്തിച്ചു നിൽക്കാതെ അടുത്ത ബസ്സ് ലക്ഷ്യമാക്കി ഓടി. അവിടെയും പഴയതു തന്നെ ആവർത്തിച്ചു. എവിടെയുമുണ്ട് ഇന്റർവ്യൂ പാനൽ.

ഇതൊരു ഫാസ്റ്റ് പാസഞ്ചറാ. ലോക്കൽ ബസ്സ് ഇപ്പോൾ വരും ഹി... ഹി...

ആ പരിഹാസ ചിരി കണ്ടപ്പോൾ മുഖത്തിട്ട് ഒരടി കൊടുക്കാൻ തോന്നിയെങ്കിലും സംസ്കാരത്തെ ഭയന്ന് പിന്മാറി.

എന്തു ചെയ്യണമെന്നറിയാതെ ഞങ്ങൾ നിന്നു. മോളേ ഇവിടെ തന്നെ നിന്നോ. സൗകര്യം പോലെ കയറാം മറ്റൊരുവന്റെ കമന്റ്.

ഒടുവിൽ ഒരു ലോക്കൽ എത്തി. ഞങ്ങൾ ഓടിക്കയറി. അല്പ നേരത്തിനു ശേഷം ബസ്സെടുത്തു. ഞങ്ങൾ നാലുപേർ ഓടിക്കയറുന്നതു കണ്ടപ്പോൾ ആ ബസ്സിലെ ജീവനങ്ങടെ മുഖത്തു വന്ന സന്തോഷത്തെ കുറിച്ച് ചിന്തിക്കാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല ഞങ്ങൾ.

ഞങ്ങളുടെ സ്ഥിതി ഇതാണെങ്കിൽ രാവിലെ സ്കൂളിലെത്താനും, വൈകിട്ട് വീട്ടിലെത്താനുമുള്ള വെപ്രാളത്തിൽ ഓടിച്ചെല്ലുന്ന കുട്ടികളുടെ സ്ഥിതി എത്ര ദയനീയമായിരിക്കും എന്ന് ഞാനോർത്തു. ബസ്സിന്റെ ഒരുപടിയിൽ ചവുട്ടി അടുത്ത പടി ചവിട്ടുമ്പോഴേക്കും മുമ്പോട്ടെടുക്കുന്ന ബസ്സുകൾ എത്ര പേരുടെ ജീവനെ ഹനിച്ചിരിക്കുന്നു. ഓടിവരുന്ന കുട്ടികളെ, പ്രത്യേകിച്ചും പെൺകുട്ടികളോട് അപമര്യാദയായി പെരുമാറുന്നവരെ നിയന്ത്രിക്കാൻ ഒരു നിയമവുമില്ല. ചില ക്ലീനർമാർക്ക് പെൺകുട്ടികളെ കയറ്റാനും ഇറക്കാനും അതീവ താൽപര്യമാണ്. അതിനവർ നന്നായി സഹായിക്കുകയും ചെയ്യും.

# ആദരാഞ്ജലികൾ

പ്രശസ്ത സാഹിത്യകാരനും നാടക രചയിതാവും, സംവിധായകനുമായ ശ്രീ കെ.വി. പ്രഭാകരന് (കെ.വി. പ്രഭാകരൻ മാസ്റ്റർ) വായനക്കാരുടെയും നക്ഷത്രരാജ്യം പ്രവർത്തകരുടെയും ആദരാഞ്ജലികൾ. നക്ഷത്രരാജ്യം വായനക്കാർക്ക് സുപരിചിതമായ അദ്ദേഹത്തിന്റെ പ്രശസ്ത അവാർഡ് നോവലായ 'അഗ്നി നിലങ്ങളിൽ മഞ്ഞുപെയ്യുന്നു. ' (പിന്നീട് അദ്ദേഹത്തിന്റെ കഥാസമാഹാരത്തിൽ ഉൾപ്പെട്ടു.) 'ഖൽബിലെ നൊമ്പരങ്ങൾ' (കഥ), 'വീണ്ടുമൊരു ഇതിഹാസം' (കഥ), 'യാത്രാമൊഴി' (കഥ), 'അർഗ്ഗളമായ രചന വൈഭവത്തിന്റെ നേർക്കാഴ്ച' (ലേഖനം); പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരന്റെ 'ഒരു സങ്കീർത്തനം പോലെ'



കെ.വി. പ്രഭാകരൻ

യെന്ന നോവലിനെക്കുറിച്ച്, 'ആകാശത്തിലെ 'വിസ്മയ കാഴ്ചകൾ' (കഥ), 'സൂസന്നയ്ക്ക് പറയാനുണ്ടായിരുന്നത്' (കഥ), 'ഈ തൂലിക സുധീരയ്ക്ക് സ്വന്തം' (പ്രശസ്ത സാഹിത്യകാരി സുധീരയെക്കുറിച്ച് അവർക്കുള്ള സാഹിത്യ രചന വൈഭവ നേർകാഴ്ച) തുടങ്ങിയ രചനകൾ നക്ഷത്രരാജ്യം പ്രസിദ്ധീകരിച്ചു. വീട് കോഴിക്കോട് കൊയിലാണ്ടിയിലെ പന്തലായിനിയിൽ ''അഭിനയ'' ഭാര്യ ശുഭ ആഞ്ഞൊളി (ഫറോക്ക് യു.പി. സ്കൂൾ എച്ച്.എം.) മക്കൾ അഭിൽ പി. എസ്., അതുൽ പി.എസ്.. 2012 മെയ് 22ന് കൊയിലാണ്ടിയിലെ ശാരദ ഹോസ്പിറ്റലിൽ വെച്ച് കെ.വി. പ്രഭാകരൻമാസ്റ്റർ ഓർമ്മയായി.

●

സമയം ഓടുകയാണെന്നു തോന്നി. ഞരങ്ങി നീങ്ങുന്ന ചേളാരി ബസ്സ്. മൂന്നു മണിയാകുമ്പോഴേക്കും അവിടെ എത്തില്ലേ എന്ന ആശങ്കയിലായി ഞങ്ങൾ.

ഇതാ ഇങ്ങനെ. മനുഷ്യായുസ്സ് ഇങ്ങനെ തീരുന്നു. എത്ര ഭാഗം ബസ്സ് കാത്തു നിന്നു നഷ്ടപ്പെടുന്നു. ആവലാതി തിന്നുന്ന മനസ്സിന്റെ ആയുസ്സ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

ബോഡി എടുത്തിരിക്കുമോ ആവോ?

ഉണ്ടാവില്ല സ്വയം ആശ്വസിച്ചു.

പാവം മനുഷ്യൻ. ഇന്നലെ മകനുമൊത്തു വന്നു. ഏവരേയും പരിചയപ്പെട്ടു. പി.ടി.എയിൽ എക്സിക്യൂട്ടീവ് മെമ്പറായി. ചർച്ചകളിൽ സജീവ സാന്നിധ്യമായി. ഇന്ന് അദ്ദേഹത്തിന്റെ ജീവനില്ലാത്ത ശരീരം കാണാൻ ഞങ്ങൾ പോകുന്നു. ഇതുപോലെയെല്ലാം ആ മനുഷ്യനും ചിന്തിച്ചിരിക്കില്ലേ. ബസ്സ് സ്റ്റോപ്പിൽ കാത്തുനിന്നിരിക്കില്ലേ. കുട്ടികളെ തള്ളിയിടുന്നതും വലിച്ചുകയറ്റുന്നതും കണ്ട് മനസ്സ് വേദനിച്ചിരിക്കില്ലേ.

പിറകെ വരുന്ന ബസ്സിനൊത്ത് മത്സരിക്കാൻ തുടങ്ങിയിരിക്കുന്നു ഇത്. അതുവരെ ഇതൊരു ചേളാരി ഫാസ്റ്റ് പാസഞ്ചർ ആയിരുന്നെങ്കിൽ എന്ന് ചിന്തിക്കുകയായിരുന്നു - ഞാൻ. മത്സരം എവിടെ എത്തുമോ ആവോ?

ബസ്സിൽ കയറുന്ന കുട്ടികളെ അവജ്ഞയോടെ നോക്കുന്ന ജീവനക്കാർ, ഞങ്ങളിരിക്കുന്നിടത്ത് അരപ്പെസ യിൽ ഇരിക്കുന്നതു കണ്ടില്ലേ എന്ന ഭാവത്തിൽ സ്വാർത്ഥരാകുന്ന മുതിർന്നവർ, ചില കുട്ടികൾ സീറ്റൊഴിഞ്ഞു കണ്ടാലും ഇരിക്കുന്നില്ല. കണ്ടക്ടറെ ഇടയ്ക്ക് ഭയത്തോടെ നോക്കുന്നതു കാണാം. ഈ നൂറ്റാണ്ടിന്റെ പ്രധാന കാഴ്ചകൾ. ഇതൊരു ജനാധിപത്യ രാജ്യം. പക്ഷേ ആരോടാണ് പറയേണ്ടത്?

ഞങ്ങളെയും വഹിച്ചുകൊണ്ട് നീങ്ങുന്ന ബസ്. ചേളാരി ക്ലീനർ വിളിച്ചു പറയുന്നു. ഞങ്ങളിറങ്ങി.

എവിടെയ്ക്കാ. ങ്ഹും പിറകെ ഒന്ന് വരുന്നുണ്ട്. അതിൽ കയറിയാൽ മതി ഞാൻ തിരിഞ്ഞു നോക്കി. അമിതഭാരവും ചുമലിലേറ്റി കയറാനൊരുങ്ങി നിൽക്കുന്ന ഏകദേശം പന്ത്രണ്ടു വയസ്സു തോന്നിക്കുന്ന പെൺകുട്ടിയെ തടയുന്ന ക്ലീനർ. അതുവരെയില്ലാതിരുന്ന എന്തോ ഒന്ന് എന്നിൽ ആവേശിച്ചതുപോലെ. പുറം തിരിഞ്ഞു നടന്നു. പെൺകുട്ടിയെ ബസ്സിനുള്ളിൽ കയറ്റിവിട്ടു. കുട്ടി കൃത്യ സമയത്ത് വീട്ടിലെത്തുമല്ലോ എന്ന ആശ്വാസം. എന്തിന്റെ ആവശ്യമാ. സമയം മൂന്നുമണി ആ ശവം പോലും കാണാനൊക്കത്തില്ലല്ലോ കർത്താവേ സിസിലി ആവലാതിപ്പെടുന്നു. സുധാകരേട്ടന്റെ ചുണ്ടത്ത് അതുവരെയില്ലാത്ത ചിരിപരന്നു.

●

## പരിചയം



**റോഷൻലാൽ**


ഫാഷൻ ഡിസൈനർ

# നക്ഷത്രരാജ്യം മാസിക 3–ാം വാർഷികാഘോഷവും കലാപരിപാടികളും 2012

**2012 മെയ് 25–ാം തിയ്യതി 3 മണിമുതൽ കോഴിക്കോട് ടൗൺഹാളിൽ അരങ്ങേറിയ കലാപരിപാടികളുടെയും സമ്മേളനങ്ങളുടെയും ദൃശ്യങ്ങൾ**




കാർട്ടൂണിസ്റ്റ് ഗിരീഷ്മൂഴിപ്പാടത്തിന് പ്രശസ്ത സാഹിത്യകാരൻ പി.ആർ. നാഥൻ ഉപഹാരം സമ്മാനിക്കുന്നു.



അംജദ് മൂസ (ഫിലിം സ്റ്റാർ)



തിരക്കഥാകൃത്തും നാടകരചയിതാവുമായ ജയശങ്കർ പൊതുവത്ത് പ്രസംഗിക്കുന്നു.



പി.ആർ. നാഥൻ



ഹെന്നി ഫാത്തിമ ഹാരിസ് പാടുന്നു



ടി.പി. കോയമൊയ്തീൻ (കൗൺസിലർ)



ഭാസി മലാപ്പറമ്പ്



അനീഷ്മ നാട്യാലയ
(ഡാൻസ് ടീച്ചർ)



പി.വി. പോൾരാജ്
(കുട്ടികളുടെ നാടകം സംവിധാനം)



റിലേഷ്
പ്രൊഫഷണൽ അനൗൺസർ

# നക്ഷത്രരാജ്യം മാസിക 3–ാം വാർഷികാഘോഷവും കലാപരിപാടികളും 2012







സബിതാകോടി കൗൺസിലർ

ജോബിഷ് തലക്കുളത്തൂർ


ശാസ്ത്രീയ നൃത്തം



കലാപരിപാടികളുടെ ഉദ്ഘാടനം



ഇഗ്നേഷ്യസ് പാടുന്നു



കാർട്ടൂണിസ്റ്റ് ഗിരീഷ് മൂഴിപ്പാടം




മഹമ്മൂദ് ബിൻ ഹമീദ്



കുട്ടികളുടെ നാടകം (കൊമ്മേരി റസിഡൻസ് )











കലാപരിപാടികൾ


# നക്ഷത്രരാജ്യം മാസിക 3–ാം വാർഷികാഘോഷവും കലാപരിപാടികളും 2012


സുനിൽകുമാർ (ഗായകൻ)


അരുന്ധതിദേവി (കഥാകാരി)






കെമ്മേരി സുകുമാരൻ











റിജു
(ആർട്ടിസ്റ്റ്)


ലിനറ്റ് ലോറൻസ്
(ഗായിക)




**Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode**